## മുഖക്കുറി

# സുന്നത്ത് കുസുമം ക്യാമ്പയിൻ
# അഭിനന്ദനങ്ങൾ

പ്രിയരേ,

'എന്റെ കുടുംബത്തിന് സുന്നത്ത്, എന്റെ കുട്ടിക്ക് കുസുമം' എന്ന പ്രമേയത്തിൽ നടന്ന സുന്നത്ത് കുസുമം പ്രചാരണ ക്യാമ്പയിന് വിജയകരമായ സമാപനം. സമസ്ത കേന്ദ്ര മുശാവറ പ്രസിഡന്റ് റഈസുൽ ഉലമ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. സമസ്തയുടെ നേതാക്കൾ ഓരോ ജില്ലയിലും വരിചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. പ്രചാരണം സജീവമാക്കുന്നതിൽ മുഅല്ലിംകൾ മുഖ്യ പങ്കുവഹിച്ചു. നവംബർ പതിനൊന്നിന് നടന്ന റെയ്ഞ്ച് ജനറൽബോഡി യോഗത്തിൽ മുഴുവൻ മദ്റസയിലെയും മുഅല്ലിംകൾ സുന്നത്ത് മാസികയുടെ വരിക്കാരായി ചേർന്നു.

മദ്റസ പരിധിയിലെ ഓരോ വീടുകളിലും ക്യാമ്പയിൻ സന്ദേശം എത്തിക്കുന്നതിൽ മുഅല്ലിംകൾ വഹിച്ച പങ്ക് നിസ്തുലമാണ്. കേരള മുസ്‌ലിം ജമാഅത്ത്, എസ് വൈ എസ്, എസ് എസ് എഫ് പ്രാദേശിക നേതാക്കളും പ്രവർത്തകരും പ്രചാരണത്തിൽ പങ്കാളികളായി. ഒന്നരലക്ഷം വായനക്കാർ എന്ന ക്യാമ്പയിൻ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി അക്ഷീണം പരിശ്രമിച്ച മുഅല്ലിംകളെയും പ്രാസ്ഥാനിക നേതാക്കളെയും വരിക്കാരെയും മദ്റസ മാനേജ്മെന്റിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

മതബോധവും ധാർമികചിന്തകളും നഷ്ടമായിക്കൊണ്ടിരിക്കുന്ന പുതിയകാല സമൂഹത്തിന് ദിശാബോധം നൽകാൻ മൂല്യമുള്ള വായന അനിവാര്യമാണ്. പ്രതിഫലാർഹമായ ഈ ദൗത്യമാണ് കുസുമം, സുന്നത്ത് പ്രചാരണത്തിലൂടെ നാം നിർവഹിച്ചത്. നമ്മുടെ പ്രയത്നങ്ങളും പ്രാർത്ഥനകളും അല്ലാഹു സ്വീകരിക്കട്ടെ, അർഹമായ പ്രതിഫലം നൽകട്ടെ എന്ന് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

നന്ദിപൂർവ്വം,

**സയ്യിദ് അലി ബാഫഖി** (പ്രസിഡന്റ്, എസ് ജെ എം)
**അബൂഹനീഫൽ ഫൈസി** (ജന. സെക്രട്ടറി എസ് ജെ എം)
**വിപിഎം വില്യാപ്പള്ളി** (ട്രഷറർ, എസ് ജെ എം)


മാസിക
സുന്നത്ത്

2026 ജനുവരി
1447 റജബ് – ശഅ്ബാൻ
പുസ്തകം 48 / ലക്കം 11
വില 18 രൂപ



Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com






**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

കവർസ്റ്റോറി

## റയാന്റെ സ്വപ്നങ്ങൾ അസ്റതിന്റെയും

○ അനസ് ആമപ്പൊയിൽ

സെറിബ്രൽ പൾസി ബാധിച്ച മകൻ റയാന് മികച്ചൊരു ഭാവിജീവിതം കണ്ടെത്താൻ അസ്റതും കുടുംബവും കാനഡയിലേക്ക് കുടിയേറി. കേരളത്തിൽ ഭിന്നശേഷിക്കാരോടുള്ള സമൂഹത്തിന്റെയും അധികാരികളുടെയും സമീപനം മാറേണ്ടതുണ്ട്.

06




കവർസ്റ്റോറി

## കയറെടുക്കുന്ന ചെറുപ്പക്കാർ

○ ശഹബാസ് അഹ്മദ്

ചെറുപ്പക്കാർക്കിടയിലുള്ള ആത്മഹത്യയുടെ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് പഠനങ്ങളിൽ പുറത്തുവരുന്നത്. അമൂല്യമായ ജീവിതം ഒരു തുണ്ടുകയറിലൊടുക്കാൻ ചെറുപ്പക്കാർക്ക് ചെറിയ കാരണങ്ങൾ മതി. ഈ പ്രവണതയെ ഗൗരവത്തോടെ സമീപിക്കണം.

09



കവർസ്റ്റോറി


## ഉപ്പ കൊണ്ട വെയിൽ

○ സൈറ അലി അരീക്കോട്

കുടുംബത്തിൽ സ്നേഹവും സന്തോഷവും നിലനിർത്തുന്നതിൽ ഉപ്പ പ്രധാന പങ്കുവഹിക്കുന്നു. ആശ്രിതർക്കു നേരെ വരുന്ന പ്രശ്നങ്ങൾ ഉപ്പ ഒരു മലപോലെ നേരിടുന്നു. ചിരിക്കാതെ, കരയാതെ ഉപ്പ ഉള്ളിൽ സ്നേഹത്തിന്റെ കടലാഴം സൂക്ഷിക്കുന്നു.

13






20

### റജബിലെ വിസ്മയ യാത്രകൾ

സിയാദ് സഖാഫി പാറന്നൂർ

### ആതുരസേവനം വിശ്വാസിയുടെ ദിനചര്യ

സൈനുദ്ദീൻ ശാമിൽ ഇർഫാനി

25





37

### തിരുത്തലുകളാണ് സൂഫിസത്തിന്റെ സൗന്ദര്യം

അലി സഖാഫി പുൽപ്പറ്റ

05 തസ്കിയ
32 ശാഫിഈ ഫിഖ്ഹ്
47 വാർത്തകൾ

ചരിത്രാഖ്യായിക 29
നോവൽ 34
ഹനഫീ ഫിഖ്ഹ് 41

29 **ഖൈബറിൽ നിന്നൊരു സന്തോഷ വാർത്ത**
മുഹമ്മദ് പാറന്നൂർ

32 **സ്വർണക്കുറി**
അബ്ദുൽ ജലീൽ സഖാഫി

34 **മരണത്തിന്റെ മണം**
മുജ്തബ നസീഹ്

43 **സംതൃപ്തിയുടെ രസതന്ത്രം**
ബശീർ സഖാഫി എളാട്

46 **ഗുഹയിലകപ്പെട്ട മൂന്നുപേരുടെ കഥ**
ബശീർ സഖാഫി വാണിയമ്പലം

# വിശ്വാസമുറപ്പിക്കാൻ ഏഴു കാര്യങ്ങൾ

തസ്കിയ

സ്വഹാബിവര്യനായ അബൂദർറുൽഗിഫാരി(റ) ജനങ്ങൾക്ക് ഹദീസ് പഠിപ്പിച്ചുകൊടുക്കവേ ഒരിക്കൽ പറഞ്ഞു: 'ഏഴു കാര്യങ്ങൾ എന്റെ ആദരണീയ ഗുരു, തിരുനബി(സ) എന്നോട് കൽപ്പിച്ചിട്ടുണ്ട്.'

'എന്താണാ ഏഴു കാര്യങ്ങൾ?' സദസ്സിലുള്ളവർക്ക് അറിയാൻ തിടുക്കമായി. അദ്ദേഹം പറഞ്ഞു:

'ഒന്ന്, പാവങ്ങളെ സ്നേഹിക്കണം. അവരുമായി അടുത്ത ബന്ധം സ്ഥാപിക്കണം.

രണ്ട്, തന്നെക്കാൾ താഴെയുള്ളവരിലേക്ക് നോക്കണം; മേലെയുള്ളവരിലേക്ക് നോക്കരുത്.

മൂന്ന്, ഒരാളോടും ഒന്നും യാചിക്കരുത്.

നാല്, കുടുംബബന്ധം പുലർത്തുകയും നിലനിർത്തുകയും വേണം.

അഞ്ച്, അനന്തരഫലം കയ്പ്പായിരിക്കുമെങ്കിലും സത്യം മാത്രമേ പറയാവൂ.

ആറ്, അല്ലാഹുവിന്റെ മാർഗത്തിൽ ജീവിക്കുന്നതിന് ഒരു വിമർശനവും ഭയപ്പെടരുത്.

ഏഴ്, 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹിൽ അലിയ്യിൽ അളീം' അഥവാ, 'മഹാനും അത്യുന്നതനുമായ അല്ലാഹുവിന്നാകുന്നു സർവ്വശക്തിയും കഴിവും' എന്നു ധാരാളമായി പറഞ്ഞുകൊണ്ടിരിക്കണം.'

ഒരു ഉത്തമവിശ്വാസിയുടെ ലക്ഷണങ്ങൾ നമുക്ക് ഈ വചനങ്ങളിൽ ദർശിക്കാം. നാം സത്യവിശ്വാസികളാണല്ലോ. തിരുനബി(സ)യുടെ ഈ കൽപ്പനകൾക്ക് നമ്മുടെ ജീവിതത്തിൽ എത്രത്തോളം സ്വാധീനമുണ്ടെന്ന് ആത്മപരിശോധന നടത്തിനോക്കൂ. പണവും പ്രതാപവും സ്ഥാനമാനങ്ങളുമുള്ളവരോടു ബന്ധം സ്ഥാപിക്കാനല്ലേ നമ്മിൽ അധികപേർക്കും താൽപര്യം? നാം അവരുടെ പിന്നാലെ കൂടുന്നു. അത്തരം ബന്ധങ്ങളിൽ അഭിമാനം കൊള്ളുന്നു. പാവങ്ങളെ വിലവെക്കുന്നേയില്ല. അവർക്ക് എന്തെങ്കിലും സഹായം ചെയ്യുന്നതാവട്ടെ, വലിയൊരു ഔദാര്യം കാണിക്കുകയാണെന്ന മനോഭാവത്തോടെയാണ്. യഥാർത്ഥത്തിൽ അത് സമ്പത്തുള്ളവന്റെ ബാധ്യതയാണെന്ന വിചാരമേയില്ല.

തന്നെക്കാൾ താഴ്ന്നവരിലേക്കല്ല, ഉയർന്നവരിലേക്കാണ് നോട്ടം. അവരെപ്പോലെ ആവാനാണ് കൊതി. അതിനായി മത്സരിക്കുന്നു. അസൂയയും പകയും വാശിയും വെറുപ്പും പുലർത്തുന്നു. അങ്ങനെ ജീവിതത്തിൽ അസ്വസ്ഥരും അസംതൃപ്തരുമാകുന്നു.

ഞാൻ ആരോടും ഒന്നും യാചിക്കുന്നില്ലെന്ന് ഉറപ്പിച്ചു പറയാൻ നമുക്കാവുമോ? ജനങ്ങളുടെ മുമ്പിൽ പണത്തിനുവേണ്ടി കൈനീട്ടുന്നതു മാത്രമല്ലല്ലോ യാചന. നിസ്സാരകാര്യങ്ങൾ പോലും നിറവേറ്റിത്തരാൻ മറ്റുള്ളവരോട് കൽപ്പിച്ചും 'പ്ലീസ്' പറഞ്ഞ് അപേക്ഷിച്ചും യാചകരാവുന്നവരെത്രയെത്ര! സ്വയം ചെയ്യാൻ കഴിയുന്ന ഒരു കാര്യവും ചെയ്തുതരാൻ മറ്റൊരാളോട് ആവശ്യപ്പെടുകയോ അപേക്ഷിക്കുകയോ ചെയ്യാതിരിക്കുന്നതാണ് മാന്യത. നല്ല വിശ്വാസി ഇത്തരം മാന്യത പാലിക്കുന്നവരായിരിക്കും.

കളവുപറയൽ ഇന്ന് പലർക്കും ഒരു പ്രശ്നമേയല്ല. ചെറിയ നേട്ടങ്ങൾക്കു വേണ്ടി പോലും കളവു പറയുന്നവരുണ്ട്. അനാവശ്യമായി കളവുകളിൽ വ്യാപൃതരാകുന്നവരുണ്ട്. ജനങ്ങളുടെ വിമർശനവും പരിഹാസവും ആക്ഷേപവുമൊക്കെ ഭയന്ന് ദീനീകാര്യങ്ങൾ അവഗണിക്കുന്നവരും ലംഘിക്കുന്നവരുമുണ്ട്. ഇതൊന്നും യഥാർത്ഥ വിശ്വാസിക്ക് ചേർന്നതല്ലെന്നാണ് പ്രസ്തുത വചനങ്ങൾ വ്യക്തമാക്കുന്നത്. നല്ലവരാവണമെന്ന് ഉദ്ദേശ്യമുണ്ടോ, എങ്കിൽ 'ലാ ഹൗല വലാ....' എന്ന ദിക്ർ മനസ്സാന്നിധ്യത്തോടെ, ആശയബോധത്തോടെ ആവർത്തിച്ചുകൊണ്ടിരിക്കുക. ഇത് പ്രസ്തുത ആറു കാര്യങ്ങൾ ഉൾക്കൊള്ളാൻ നമുക്ക് കരുത്തേകും.

കവർസ്റ്റോറി

അനസ് ബുഖാരി ആമപ്പൊയിൽ

# റയാനും അസ്റതും അതിജീവനത്തിന്റെ കഥ



സെറിബ്രൽ പൾസി (Cerebral Palsy) ബാധിച്ച തന്റെ മകൻ റയാന് മികച്ചൊരു ജീവിതം നൽകാൻ കേരളത്തിൽ നിന്ന് കാനഡയിലേക്കു കുടിയേറിയ മുഹമ്മദ് അസ്റതിന്റെ ജീവിതാനുഭവങ്ങൾ, ഭിന്നശേഷി സൗഹൃദ സമൂഹം എങ്ങനെയാകണമെന്ന് നമ്മെ പഠിപ്പിക്കുന്നു. ഒരു റിപ്പബ്ലിക്ദിനത്തിലാണ് റയാൻ ജനിച്ചത്. ഒരു വയസ്സ് തികയുമ്പോഴാണ് അവന് സെറിബ്രൽ പൾസിയുണ്ടെന്ന് സ്ഥിരീകരിച്ചത്. പിന്നീടങ്ങോട്ട് അവന്റെ ഉപ്പയുടെയും ഉമ്മയുടെയും പോരാട്ടത്തിന്റെ കാലഘട്ടമായിരുന്നു.

## സ്വദേശത്തെ പരിമിതികൾ

കേരളത്തിൽ റയാന്റെ വളർച്ചാഘട്ടങ്ങളിൽ നേരിട്ട പ്രധാന വെല്ലുവിളി സമൂഹത്തിന്റെയും സംവിധാനങ്ങളുടെയും പരമിതികളും സമീപനങ്ങളുമായിരുന്നു. പത്താം മാസം മുതൽ റയാനിൽ അപസ്മാര ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ചികിത്സാവശ്യാർത്ഥം മംഗലാപുരം, തിരുവനന്തപുരം മെഡിക്കൽ കോളേജ്, മൈസൂരിലെ 'ഓൾ ഇന്ത്യ സ്പീച്ച് ആൻഡ് ഹിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്' തുടങ്ങി പലയിടങ്ങളും സന്ദർശിച്ചെങ്കിലും നിരാശയായിരുന്നു ഫലം. കേരളത്തിലെ സാഹചര്യമാവട്ടെ, ഭിന്നശേഷിയുള്ള കുട്ടിയെ 'ശരിയാക്കുക' അഥവാ, ഫിക്സ് ചെയ്യുക എന്ന മെഡിക്കൽചിന്താഗതിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നു.

റയാനെ സ്കൂളിൽ ചേർക്കാൻ ശ്രമിച്ചെങ്കിലും, ഇൻഫ്രാസ്ട്രക്ചറിലെയും മറ്റും അസൗകര്യങ്ങൾ കാരണം അവന് ഒന്നാംക്ലാസ് മുതൽ സ്കൂളിൽ പോകാൻ സാധിച്ചില്ല. പേരിനു മാത്രം സ്കൂളിൽ രജിസ്റ്റർ ചെയ്യുകയും പഠനത്തിനു പകരം ഫിസിയോതെറാപ്പി, സ്പീച്ച്തെറാപ്പി തുടങ്ങിയവയ്ക്കായി തെറാപ്പിസെന്ററുകളിൽ കയറിയിറങ്ങു

കയുമായിരുന്നു പതിവ്.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകളെക്കാൾ കൂടുതൽ ആശുപത്രികളും തെറാപ്പിസെന്ററുകളുമാണ് വിധിക്കപ്പെട്ടിരിക്കുന്നത് എന്ന അവസ്ഥയാണിവിടെ. ഭിന്നശേഷി സർട്ടിഫിക്കറ്റുകൾക്കും ആനുകൂല്യങ്ങൾക്കും വേണ്ടി നിരന്തരം ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്നതും, എല്ലായിടത്തും തങ്ങളുടെ പരിമിതികൾ ബോധ്യപ്പെടുത്തേണ്ടി വരുന്നതും രക്ഷിതാക്കൾക്ക് വലിയ മാനസികപ്രയാസമാണ് സൃഷ്ടിക്കുന്നത്.

## കാനഡയിലേക്കുള്ള മാറ്റം

റയാന്റെ ഭാവി സുരക്ഷിതമാക്കണം എന്ന ചിന്തയിലാണ് അസ്റത് കുടുംബസഹിതം കാനഡയിലേക്ക് കുടിയേറാൻ തീരുമാനിച്ചത്. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ, ഭിന്നശേഷിക്കാരായ കുട്ടികളുള്ള ഒരു സുഹൃത്തിന്റെ ചോദ്യമാണ് ഈ കൂടുമാറ്റത്തിന് പ്രചോദനമായത്. 'അടുത്ത 10–20 വർഷത്തിനുള്ളിൽ കേരളത്തിൽ നിങ്ങളുടെ മകനാവശ്യമായ പുരോഗതി ഉണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ' എന്ന ചോദ്യം അദ്ദേഹത്തെ ചിന്തിപ്പിച്ചു. കാനഡയിലെത്തിയ ശേഷം, അവിടെ ലഭിച്ച അവസരങ്ങൾ റയാന്റെ ജീവിതം മാറ്റിമറിച്ചു.

അമേരിക്കയിൽ സ്ഥിരതാമസമാക്കിയ, ഭിന്നശേഷിക്കാരായ കുട്ടികളുള്ള ഒരു സുഹൃത്തിന്റെ ചോദ്യമാണ് ഈ കൂടുമാറ്റത്തിന് പ്രചോദനമായത്. 'അടുത്ത 10–20 വർഷത്തിനുള്ളിൽ കേരളത്തിൽ നിങ്ങളുടെ മകനാവശ്യമായ പുരോഗതി ഉണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ' എന്ന ചോദ്യം അദ്ദേഹത്തെ ചിന്തിപ്പിച്ചു. കാനഡയിലെത്തിയ ശേഷം, അവിടെ ലഭിച്ച അവസരങ്ങൾ റയാന്റെ ജീവിതം മാറ്റിമറിച്ചു.



## ഉൾക്കൊള്ളൽ സംസ്കാരം

കാനഡയിലെ സ്കൂൾസമ്പ്രദായം 'ഇൻക്ലൂസീവ് എജ്യുക്കേഷൻ' (Inclusive Education) അഥവാ എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസരീതിയാണ് പിന്തുടരുന്നത്. അവിടെ ഭിന്നശേഷിക്കാർക്കായി പ്രത്യേക സ്കൂളുകളില്ല (Special Schools), മറിച്ച്, സാധാരണ കുട്ടികൾ പഠിക്കുന്ന അതേ സ്കൂളുകളിൽ അവർക്കു വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകുകയാണ് ചെയ്യുന്നത്. കാനഡയിൽ റയാൻ സാധാരണ സ്കൂളിൽ പോകുന്നു. അവിടെ അവന് തെറാപ്പികൾ ലഭിക്കുന്നത് ക്ലാസ്മുറികളിലും സ്കൂൾ പരിസരത്തുമാണ്. ഉദാഹരണത്തിന്, ഫിസിയോതെറാപ്പിയുടെ ഭാഗമായി അവൻ ടോയ്‌ലറ്റിലേക്ക് നടക്കുന്നു. അതവന്റെ ദിനചര്യയുടെ ഭാഗമായി മാറുന്നു.

## സ്വാതന്ത്ര്യം, പിന്തുണ

എട്ടു വയസ്സുവരെ മാതാപിതാക്കൾക്കൊപ്പം കിടന്നുറങ്ങിയിരുന്ന റയാൻ, ഇപ്പോൾ സ്വന്തം മുറിയിൽ ഒറ്റയ്ക്ക് ഉറങ്ങുന്നു. അവന് സ്വന്തമായി ഇഷ്ടങ്ങൾ പ്രകടിപ്പിക്കാനും ടോയ്‌ലറ്റിൽ പോകാനും സാധിക്കുന്നു. ഇതവന് നൽകുന്ന ആത്മവിശ്വാസം ചില്ലറയല്ല. ഭിന്നശേഷിയുള്ള മക്കളുടെ മാതാപിതാക്കൾക്ക് കേരളത്തിൽ പലപ്പോഴും സ്വന്തം ജീവിതം തന്നെ അവരെ പരിചരിക്കാൻ ഉഴിഞ്ഞുവെക്കേണ്ടി വരുന്നു. സ്കൂൾ വിടുമ്പോൾ മാതാപിതാക്കൾ പുറത്തു കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. എന്നാൽ, കാനഡയിൽ 'റസ്പൈറ്റ് കെയർ' (Respite Care) എന്ന സംവിധാനമുണ്ട്. മാതാപിതാക്കൾക്ക് ജോലിക്കു പോകാനോ വിശ്രമിക്കാനോ സാധിക്കുന്ന വിധത്തിൽ കുട്ടി



> കേരളത്തിൽ ഓരോ ആവശ്യത്തിനും (ബസ് പാസ്, സ്കോളർഷിപ്പ്, ഇൻഷുറൻസ്) ഡിസബിലിറ്റി കാർഡ് കാണിക്കേണ്ടി വരുന്നത് മാതാപിതാക്കൾക്കും കുട്ടിക്കും വലിയ മാനസികപ്രയാസമുണ്ടാക്കുന്നു. എന്നാൽ, കാനഡയിൽ പാർക്കിംഗ്ലോട്ടിൽ ഒഴികെ മറ്റൊരിടത്തും താൻ ഭിന്നശേഷിക്കാരനാണെന്നു തെളിയിക്കേണ്ട ആവശ്യമില്ല. ഡോക്ടറെ കാണുമ്പോൾ തന്നെ ആ വിവരങ്ങൾ സിസ്റ്റത്തിന്റെ ഭാഗമാകുന്നു.

യെ പരിചരിക്കാൻ സ്റ്റാഫിനെ നിയമിക്കാനുള്ള ഫണ്ട് സർക്കാർ നൽകുന്നു. ഇത് കുടുംബത്തിന് വലിയ ആശ്വാസം നൽകുന്നു.

## ഡിസബിലിറ്റി കാർഡും അഭിമാനവും

കേരളത്തിൽ ഓരോ ആവശ്യത്തിനും (ബസ് പാസ്, സ്കോളർഷിപ്പ്, ഇൻഷുറൻസ്) ഡിസബിലിറ്റി കാർഡ് കാണിക്കേണ്ടി വരുന്നത് മാതാപിതാക്കൾക്കും കുട്ടിക്കും വലിയ മാനസികപ്രയാസമുണ്ടാക്കുന്നു. എന്നാൽ, കാനഡയിൽ പാർക്കിംഗ്ലോട്ടിൽ ഒഴികെ മറ്റൊരിടത്തും താൻ ഭിന്നശേഷിക്കാരനാണെന്നു തെളിയിക്കേണ്ട ആവശ്യമില്ല. ഡോക്ടറെ കാണുമ്പോൾ തന്നെ ആ വിവരങ്ങൾ സിസ്റ്റത്തിന്റെ ഭാഗമാകുന്നു.

## സ്വന്തം റൂം, തുല്യപങ്കാളിത്തം

എട്ടു വയസ്സുവരെ മാതാപിതാക്കളോടൊപ്പം കിടന്നിരുന്ന റയാൻ ഇപ്പോൾ സ്വന്തം മുറിയിൽ ഒറ്റയ്ക്ക് കിടന്നുറങ്ങുന്നു. ആ മുറി തന്റേതാണെന്ന 'ഓണർഷിപ്പ്' അവനുണ്ട്. ഭക്ഷണം, വിനോദം എന്നിവയിൽ സ്വന്തം ഇഷ്ടങ്ങൾ പ്രകടിപ്പിക്കാൻ അവന് അവസരമുണ്ട്. ഉദാഹരണത്തിന്, ടോയ്‌ലറ്റിൽ പോകണമെങ്കിൽ സ്വിച്ച് അമർത്തി അറിയിക്കാനുള്ള സംവിധാനം. മറ്റുള്ള കുട്ടികളെപ്പോലെ റയാനും കുതിരസവാരി, നീന്തൽ, സർഫിംഗ്, ഐസ് ഹോക്കി, ക്യാമ്പിംഗ് തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടുന്നുണ്ട്.

## സമൂഹത്തിന്റെ മനോഭാവം

കാനഡയിൽ ഭിന്നശേഷി എന്നത് ഒളിച്ചുവെക്കേണ്ട ഒന്നല്ല. ബസ്സിലും പൊതുസ്ഥലങ്ങളിലും റയാൻ മറ്റുള്ളവരെപ്പോലെ തന്നെ പരിഗണിക്കപ്പെടുന്നു. ബസ്സിൽ യാത്ര ചെയ്യുമ്പോൾ ഡ്രൈവർമാരും സഹയാത്രികരും അവനെ സന്തോഷത്തോടെ സ്വീകരിക്കുന്നു. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണനയല്ല, മറിച്ച് എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്ന 'യൂണിവേഴ്സൽ ഡിസൈൻ' (Universal Design) ആണ് അവിടെയുള്ളത്.

## മാതൃകയാക്കാം

നമ്മുടെ നാട്ടിലെ 'സ്പെഷ്യൽ സ്കൂൾ' സമ്പ്രദായം മാറേണ്ടതുണ്ടെന്നാണ് അസ്റതിന്റെ കാഴ്ചപ്പാട്. ഭിന്നശേഷിക്കാരായ കുട്ടികളെ മാറ്റിനിർത്താതെ, അവരെ സാധാരണ സ്കൂളുകളിൽ ഉൾക്കൊള്ളിക്കാൻ കഴിയണം. അത് മറ്റു കുട്ടികളിൽ സഹാനുഭൂതി (Empathy) വളർത്താനും, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സമൂഹത്തിൽ സ്വതന്ത്രമായി ജീവിക്കാനും സഹായിക്കും. ഭിന്നശേഷി എന്നത് ചികിത്സിച്ചു മാറ്റേണ്ട ഒരു രോഗമല്ല, മറിച്ച്, അതൊരു സ്വാഭാവികാവസ്ഥയാണ്. അതിനൊപ്പം ജീവിക്കാനും അവർക്കാവശ്യമായ സാമൂഹിക പിന്തുണ നൽകാനുമാണ് സമൂഹം തയ്യാറാകേണ്ടത്.

റയാൻ സ്വന്തമായി ഒരു ബിസ്കറ്റെടുത്തു കഴിക്കുന്നതോ, ഡയപ്പർ ഇല്ലാതെ ഇരിക്കുന്നതോ മാതാപിതാക്കൾക്ക് നൽകുന്ന സന്തോഷം വലുതാണ്. ഓരോ കുട്ടിക്കും അവരുടേതായ വേഗതയുണ്ട്. അതു മനസ്സിലാക്കി അവർക്ക് പിന്തുണ നൽകുകയാണ് വേണ്ടത്. കേരളത്തിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കു ലഭിക്കാതെ പോകുന്നതും അതു തന്നെയാണ്.

കവർസ്റ്റോറി

ശഹബാസ് അഹ്മദ്

# കയറെടുക്കുന്ന ചെറുപ്പക്കാർ



സാമ്പത്തികമായി ഭേദപ്പെട്ട കുടുംബത്തിലാണ് മനോജ് ജനിച്ചുവളർന്നത്. സുമുഖനായ ചെറുപ്പക്കാരൻ. ജീവിതം സന്തോഷത്തോടെ മുന്നോട്ടുപോകുന്നതിനിടെ ഒരിക്കൽ അവൻ ജീവനൊടുക്കാൻ ശ്രമിച്ചു. ഭാഗ്യത്തിന്, തത്സമയം രക്ഷിതാക്കളുടെ ശ്രദ്ധയിൽ പെട്ടതുകൊണ്ട് രക്ഷപ്പെട്ടു. ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതിനു ശേഷം മാതാപിതാക്കൾ അവനെയും കൊണ്ട് സൈക്കോളജിസ്റ്റിനെ സമീപിച്ചു. സമീപത്തുള്ളവരോട് ചിരിച്ചുനടക്കുമ്പോഴും പറഞ്ഞറിയിക്കാനാവാത്ത സംഘർഷങ്ങളിലൂടെയാണ് താൻ കടന്നുപോകുന്നതെന്ന മനോജിന്റെ ഏറ്റുപറച്ചിൽ കേട്ട് അച്ഛനും അമ്മയും ഞെട്ടി. 'സുഖകരമായ ഉറക്കം നഷ്ടപ്പെട്ടിട്ട് ഒരു വർഷത്തോളമായി. ഉറങ്ങാൻ കിടന്നാൽ ഭയപ്പെടുത്തുന്ന സ്വപ്നങ്ങൾ കണ്ട് ഞെട്ടി എഴുന്നേൽക്കുന്നു. താൻ സ്വകാര്യമായി ചിന്തിക്കുന്ന കാര്യങ്ങൾ ചുറ്റുമുള്ളവർക്ക് മനസ്സിലാകുന്നുവെന്ന തോന്നലാണ് കഴിഞ്ഞ ആറു മാസമായി എന്നെ അലട്ടുന്നത്. ഈ അവസ്ഥ പിന്നീട് രൂക്ഷമായി. തന്റെ മനസ്സിലുള്ള ആലോചനകളെല്ലാം കൂട്ടുകാരും കുടുംബക്കാരും അധ്യാപകരും അറിയുന്നതിലുള്ള വ്യഥ കൂടിക്കൂടി വന്നു. അതിനിടയ്ക്കാണ് അയൽപക്കത്ത് പുതിയ താമസക്കാർ വന്നത്. അവിടത്തെ പതിനെട്ടു വയസ്സുകാരിയായ പെൺകുട്ടിയോട് ചെറിയൊരിഷ്ടം തോന്നുകയും ചെയ്തു. ചില രാത്രികളിൽ ആലോചനകളിൽ കൂട്ടായി അവളുമെത്തി. അതിനിടയ്ക്കാണ് അങ്ങാടിയിൽ വച്ച് കണ്ടത്. അവൾ എന്നെ നോക്കി ചിരിച്ചു. എന്റെ ആലോചനകളെല്ലാം അവൾ മനസ്സിലാക്കിയെന്ന തോന്നൽ വലിയ വേദനയുണ്ടാക്കി. രഹസ്യങ്ങൾ സൂക്ഷിക്കാൻ കഴിയാത്ത ദുരന്തം പിടിച്ച ജീവിതമാണിതെന്ന ചിന്തയാണ് ആത്മഹത്യയിൽ അഭയം തേടാമെന്ന തീരുമാനത്തിലേക്കെത്തിച്ചത്.'

മനോജിന്റെ സംസാരം കേട്ട് മാതാപിതാക്കൾ ഞെട്ടിത്തരിച്ചിരുന്നു. ഇതിനെക്കുറിച്ച് ഒരിക്കൽ പോലും അവൻ അവരോട് സംസാരിച്ചിരുന്നില്ല. ഇത്തരമൊരു ഗുരുതരാവസ്ഥയിലൂടെയാണ് മകൻ കടന്നുപോകുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ രക്ഷിതാക്കൾക്കും സാധിച്ചില്ല.

ചിന്തയെയും പെരുമാറ്റത്തെയും ബാധിക്കുന്ന സ്കീസോഫ്രീനിയ എന്ന പ്രത്യേക മാനസികാവസ്ഥയാണ് ഈ യുവാവിനെ ബാധിച്ചത്. ഒരേ സമയം പരാക്രമിയാവുകയും ചിലപ്പോൾ നിശ്ശബ്ദനായി മാറുകയും ചെയ്യുന്ന ദ്വിമുഖഭാവമാണിതിനുള്ളത്. ഇന്ത്യയിൽ ഒരു കോടിയിലധികം ജനങ്ങൾക്ക് ഈ അസുഖമുണ്ട്. സമൂഹത്തിൽ തികച്ചും സാധാരണമായ ഈ രോഗം നൂറുപേരിൽ ഒരാളെ വീതം ജീവിതത്തിൽ ഏതെങ്കിലും

# വിഷാദമെന്ന അപകടകാരി

പ്ലസ്പോയിന്റ്

പഠനത്തിൽ മിടുക്കി, കുടുംബത്തിൽ എല്ലാവരുടെയും ഇഷ്ടക്കാരി, കേരളത്തിലെ പ്രശസ്തമായ എഞ്ചിനീയറിങ് കോളജിൽ പഠനം, എട്ടാം സെമസ്റ്റർ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ക്യാംപസ് പ്ലേസ്മെന്റിൽ മികച്ച കമ്പനിയിൽ വലിയ ശമ്പളത്തിന് ജോലി. 23 വയസ്സുള്ള ശ്രുതിയെക്കുറിച്ച് എല്ലാവർക്കും നല്ല അഭിപ്രായം മാത്രം. എന്നാൽ, അതിനിടയ്ക്ക് അടുപ്പക്കാരെയെല്ലാം ഞെട്ടിച്ചുകൊണ്ട് മിടുക്കിയായ ആ യുവതി ആത്മഹത്യയ്ക്കു ശ്രമിച്ചു. ഗുരുതരാവസ്ഥയിൽ ആശുപത്രിയിലെത്തിച്ച ശ്രുതി തലനാരിഴയ്ക്ക് രക്ഷപ്പെട്ടു. സാമ്പത്തികമായോ ശാരീരികമായോ മകൾക്ക് ഒരു പ്രശ്നവുമുണ്ടായിരുന്നില്ലെന്നാണ് മാതാവിന്റെ സാക്ഷ്യം. പെരുമാറ്റത്തിൽ വന്ന ചെറിയ മാറ്റങ്ങളെ സ്വാഭാവികമായി കരുതി അവഗണിക്കുകയും ചെയ്തു. എന്നാൽ ഡോക്ടറുമായുള്ള സംസാരത്തിനിടയിലാണ് കഴിഞ്ഞ 3 മാസമായി താൻ വിഷമകരമായ ഒരു അവസ്ഥയിലൂടെ കടന്നുപോകുകയാണെന്ന് പെൺകുട്ടി വെളിപ്പെടുത്തിയത്. വിശപ്പില്ല, ഉറക്കില്ല, അകാരണമായ ക്ഷീണം, ഏകാഗ്രതക്കുറവ്... അങ്ങനെയങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ. ഓഫിസിൽ എച്ച്ആറിനോട് സംസാരിച്ചപ്പോൾ ശാന്തമായിരിക്കാനായിരുന്നു നിർദ്ദേശം. അമ്മയോട് സംസാരിച്ചപ്പോൾ ബീച്ചിലോ മറ്റോ പോയി ഒരു മണിക്കൂർ കാറ്റുകൊണ്ടിരിക്കാനായിരുന്നു ഉപദേശം. പക്ഷേ, തന്റെ പ്രശ്നങ്ങൾക്ക് മാത്രം പരിഹാരമായില്ല. അവസാനം എല്ലാ പ്രയാസങ്ങൾക്കും അറുതിയെന്ന നിഗമനത്തിലാണ് ആത്മഹത്യയെക്കുറിച്ചാലോചിച്ചത്.

വിഷാദം എന്ന മാനസികാവസ്ഥയിലൂടെയാണ് ഈ പെൺകുട്ടി കടന്നുപോയ്ക്കൊണ്ടിരുന്നത്. കൃത്യമായ ചികിത്സ ലഭിക്കാതായതോടെ ഗുരുതരമായി. സ്ത്രീകളിൽ 20 ശതമാനം പേർക്കും പുരുഷന്മാരിൽ 10 ശതമാനം പേർക്കും വിഷാദരോഗം ബാധിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. തുടരുന്ന സങ്കടം, മുമ്പ് ആസ്വദിച്ചുകൊണ്ടിരുന്ന പലതിലുമുള്ള വിരക്തി, ഉറക്കക്കുറവ്, ഏകാഗ്രതക്കുറവ് തുടങ്ങി പത്തോളം കാരണങ്ങൾ വിഷാദത്തിന് പിന്നിലുണ്ട്. ഇതിൽ ഏറ്റവും ഭീകരമായ ഘട്ടമാണ് മരിക്കണമെന്നുള്ള തോന്നൽ. ആത്മഹത്യയുടെ കാരണങ്ങളിൽ ഏറ്റവും വ്യാപകവും ഏറ്റവും എളുപ്പത്തിൽ പ്രതിരോധിക്കാൻ കഴിയുന്നതുമായ അവസ്ഥയാണ് വിഷാദം. ഇത് ചികിത്സിച്ചു ഭേദമാക്കാം. ഒട്ടേറെ തെറപ്പികളുമുണ്ട്.

സമയത്ത് ബാധിക്കുന്നുണ്ടെന്നാണ് കണക്ക്. കേരളത്തിൽ ഏകദേശം മൂന്ന് ലക്ഷം ജനങ്ങൾക്ക് ഈ രോഗമുണ്ട്. ഇരുപതിനും മുപ്പതിനും ഇടയ്ക്ക് പ്രായമുള്ള യുവതീയുവാക്കളെയാണ് അധികവും ബാധിക്കുന്നത്. ചികിത്സിച്ച് ഭേദമാക്കാവുന്ന ഈ രോഗം അടുപ്പമുള്ള ആരോടെങ്കിലും തുറന്നുപറയാതിരിക്കുകയും എല്ലാം ഉള്ളിലൊതുക്കുകയും ചെയ്യുമ്പോൾ മനോജിന് സംഭവിച്ചതുപോലെ ആത്മഹത്യയിലേക്ക് നയിച്ചേക്കാം.

## ഒന്നു പറഞ്ഞിരുന്നെങ്കിൽ

സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബത്തിലെ അംഗമായിരുന്നു ഷിയാസ്. ഹയർസെക്കണ്ടറി അധ്യാപകൻ. പിതാവ് ബിസിനസുകാരൻ. വലിയ വീടും കുടുംബാംഗങ്ങളുമായി സന്തോഷത്തോടെ ജീവിതം മുന്നോട്ടു പോകുന്നതിനിടയിലാണ് ഷിയാസിന്റെ ആത്മഹത്യ. ഓൺലൈൻ ഗെയിം കളിച്ചുണ്ടായ നഷ്ടം സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കമാണ് അവനെ ആത്മഹത്യയിലേക്ക് തള്ളിവിട്ടത്. ഗെയിമിന്റെ നീരാളിപ്പിടുത്തത്തിൽ പെട്ട അദ്ദേഹം സ്വന്തം ശമ്പളത്തിനു പുറമെ സുഹൃത്തുക്കളോടു കടം വാങ്ങിയും കളിച്ചു. തനിക്കുണ്ടായ നഷ്ടം നികത്താൻ ഗെയിമിലൂടെ ലഭിക്കുന്ന ലാഭം സഹായിക്കുമെന്ന പ്രതീക്ഷയിൽ വീണ്ടും പണമിറക്കി. ഇത്തരമൊരു അപകടച്ചുഴിയിൽ പെട്ട വിവരം അടുത്തുള്ള കുടുംബാംഗങ്ങൾ പോലും തിരിച്ചറിഞ്ഞില്ല. കടം താങ്ങാനാകുന്നതിലപ്പുറമെത്തിയപ്പോൾ രക്ഷപ്പെടാൻ ആത്മഹത്യയാണ് പരിഹാരമെന്ന തെറ്റായ ചിന്തയാണ് ഈ അധ്യാപകനെ ആത്മഹത്യയിലേക്കെത്തിച്ചത്. മകന്റെ മരണശേഷം വിവരങ്ങളറിഞ്ഞ പിതാവ് കടബാധ്യതകളെല്ലാം കൊടുത്തു തീർക്കുകയും ചെയ്തു. പിതാവിനു മുന്നിൽ ഒന്നു പൊട്ടിക്കരഞ്ഞ് ചെയ്തുപോയ തെറ്റുകൾ ഏറ്റുപറഞ്ഞിരുന്നെങ്കിൽ, ദുരഭിമാനം വെടിഞ്ഞ് അടുത്ത സുഹൃത്തുക്കളോടോ കുടുംബാംഗങ്ങളോടോ താൻ അകപ്പെട്ടിരിക്കുന്ന അപകടത്തിന്റെ ആഴം വെളിപ്പെടുത്തിയിരുന്നെങ്കിൽ ഷിയാസിന് ഈ ദുരന്തം സംഭവിക്കില്ലായിരുന്നു.

ആത്മഹത്യ പ്രശ്നങ്ങൾക്കു പരിഹാരമാണെന്ന തെറ്റായ ചിന്ത സമൂഹത്തിൽ പലർക്കുമുണ്ട്. ലോൺആപ്പുകളിൽ നിന്ന് കടമെടുത്ത് സാമ്പത്തിക ഞെരുക്കത്തിലായ സജീവ രാഷ്ട്രീയ പ്രവർത്തകനും നിയമവിദ്യാർത്ഥിയുമായ ചെറുപ്പക്കാരൻ ജീവിതം അവസാനിപ്പിച്ചത് ഈയടുത്താണ്. അസഹനീയമായ വേദന അനുഭവിച്ചുള്ള മരണം, സ്വസ്ഥതയില്ലാത്ത മരണാനന്തരജീവിതം എന്നിവയാണ് ഇത് സമ്മാനിക്കുന്നത്. ജീവിതകാലം മുഴുവൻ നീണ്ടുകിടക്കുന്ന ഭീകരമായ ട്രോമയി

ലേക്ക് അവരുടെ ഭാര്യ, മക്കൾ, മാതാപിതാക്കൾ, സുഹൃത്തുക്കൾ തുടങ്ങിയവർ തള്ളപ്പെടുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യം ഓ രോരുത്തരും തിരിച്ചറിയണം.

## മനോരോഗങ്ങൾ ഗൗരവമാണ്

ലോകത്ത് ആത്മഹത്യ ചെയ്തതിൽ 70 ശതമാനത്തിലേറെ പേരും ഏതെങ്കിലും തരത്തിലുള്ള മനോരോഗങ്ങൾക്ക് അടിമകളായിരുന്നെന്നാണ് റിപ്പോർട്ട്. 'പണമില്ല, കടങ്ങളുണ്ട്, പരീക്ഷയ്ക്കു മാർക്കു കുറഞ്ഞു' തുടങ്ങി നിസ്സാരമായ കാരണങ്ങൾ മാത്രം. രോഗം നേരത്തെ കണ്ടെത്തി ചികിത്സിക്കുക എന്നതാണ് പ്രധാനം. കുടുംബഘടനയിലുണ്ടായ മാറ്റങ്ങൾ, സാമൂഹികമായ പിന്തുണയുടെ കുറവ്, തൊഴിലില്ലായ്മ, മദ്യാസക്തി, ഉയർന്ന ആയുർദൈർഘ്യം തുടങ്ങിയ കാരണങ്ങളും ആത്മഹത്യകളിലേക്ക് നയിക്കുന്നുണ്ട്. സംസ്ഥാനത്തെ 80 ശതമാനത്തിലധികം കുടുംബങ്ങളും അണുകുടുംബങ്ങളായി മാറി. എല്ലാവരും ജോലിത്തിരക്കിലാണ്. ഒഴിവുസമയങ്ങളിൽ സമൂഹമാധ്യമങ്ങളിലും. സമ്മർദങ്ങളും പ്രയാസങ്ങളും മറ്റുള്ളവരോടു തുറന്നുപറയാനും പ്രശ്നങ്ങൾ പങ്കുവയ്ക്കാനുമുള്ള സാഹചര്യങ്ങൾ കുറഞ്ഞതോടെ കുടുംബങ്ങളിലെ സംഘർഷങ്ങളും കൂടി.

## വിദ്യാർത്ഥികളിലെ ആത്മഹത്യ


സ്കൂൾ, കോളേജ് പഠനം പല വിദ്യാർത്ഥികൾക്കും ഭയത്തിന്റെ കേന്ദ്രമായി മാറിയിരിക്കുകയാണ്. ആസ്വദിച്ചു പഠിക്കുക, കൂട്ടുകാരോടൊത്ത് സമയം ചെലഴിക്കുക എന്നതിനപ്പുറം ഉയർന്ന മാർക്ക് നേടുക, മികച്ച കോളജിൽ പ്രവേശനം നേടുക, വലിയ ശമ്പളമുള്ള ജോലി നേടുക തുടങ്ങിയ സമ്മർദങ്ങളാണ് വിദ്യാർത്ഥികളെ ഭരിക്കുന്നത്. മക്കളെ ഐഎഎസുകാരാക്കണമെന്ന ലക്ഷ്യത്തോടെ പരിശീലനത്തിനു വിടുന്ന രക്ഷിതാക്കളുടെ എണ്ണം കൂടിവരുന്നു. പലപ്പോഴും രക്ഷിതാക്കളുടെ സ്നേഹം, പരിചരണം, ലാളന തുടങ്ങിയവ ലഭിക്കാതെയായിരിക്കും ഇത്തരം കുട്ടികൾ വളരുന്നത്. അമിതമായ പഠനസമ്മർദ്ദം വിദ്യാർത്ഥികളുടെ മനോനിലയെ വലിയ രൂപത്തിലാണ് ബാധിക്കുന്നത്. പലപ്പോഴും ജീവിതത്തിന്റെ കടിഞ്ഞാൺ തന്നെ നഷ്ടപ്പെടുന്ന

പ്ലസ്പോയിന്റ് ⊕

## ഭയാനകം ഈ കണക്കുകൾ



നാഷനൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടുകൾ പ്രകാരം 2022ൽ ഇന്ത്യയിൽ 1.71 ലക്ഷം പേരാണ് ആത്മഹത്യ ചെയ്തത്. 2021നെ അപേക്ഷിച്ച് 4.2 ശതമാനം വർദ്ധനവും 2018നെ അപേക്ഷിച്ച് 27 ശതമാനം വർദ്ധനവുമാണ് 2022ൽ രേഖപ്പെടുത്തിയത്. കേരളത്തിലും ഏകദേശം സമാനമാണ് സാഹചര്യം. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ വർഷം 10865 പേരാണ് സ്വയം ജീവനൊടുക്കിയത്. ഇതിൽ 82 ശതമാനവും (8865) പുരുഷന്മാരാണ്. 15 വയസ്സിനു താഴെയുള്ള 54 കുട്ടികൾ കഴിഞ്ഞ വർഷം ആത്മഹത്യ ചെയ്തു. 30നും 60നും ഇടയിൽ പ്രായമുള്ളവരാണ് ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്തത്. വിവാഹം കഴിഞ്ഞവരുടെ എണ്ണവും ഇതിലും കൂടുതലാണ് (71%).



ആത്മഹത്യ ചെയ്തതിൽ 70 ശതമാനത്തിലേറെ പേരും ഏതെങ്കിലും തരത്തിലുള്ള മനോരോഗങ്ങൾക്ക് അടിമകളായിരുന്നെന്നാണ് റിപ്പോർട്ട്. 'പണമില്ല, കടങ്ങളുണ്ട്, പരീക്ഷയ്ക്കു മാർക്കു കുറഞ്ഞു' തുടങ്ങി നിസ്സാരമായ കാരണങ്ങൾ മാത്രം. രോഗം നേരത്തെ കണ്ടെത്തി ചികിത്സിക്കുക എന്നതാണ് പ്രധാനം. കുടുംബഘടനയിലുണ്ടായ മാറ്റങ്ങൾ, സാമൂഹികമായ പിന്തുണയുടെ കുറവ്, തൊഴിലില്ലായ്മ, മദ്യാസക്തി, ഉയർന്ന ആയുർദൈർഘ്യം തുടങ്ങിയ കാരണങ്ങളും ആത്മഹത്യകളിലേക്ക് നയിക്കുന്നുണ്ട്.

അവസ്ഥയിലേക്ക് അവരെത്തും.

വിദ്യാർത്ഥികളുടെ ആത്മഹത്യകൾ പ്രതിവർഷം 4 ശതമാനം വർധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ഐസി 3 ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2024 ലെ റിപ്പോർട്ട്. ഇത് ദേശീയ ആത്മഹത്യാ നിരക്കിനെക്കാൾ ഇരട്ടിയാണ്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എൻസിആർബി) റിപ്പോർട്ട് അനുസരിച്ച് 2013 ൽ 6,654 വിദ്യാർത്ഥികളാണ് ഇന്ത്യയിൽ ആകെ ജീവനൊടുക്കിയതെങ്കിൽ 2022 ൽ ഇത് 13,044 ആയി ഉയർന്നു. ഈ വർഷം രാജ്യത്തെ ആകെ ആത്മഹത്യകളുടെ 10 ശതമാനം വിദ്യാർത്ഥികളാണ്. 2020 ൽ ഇത് 8 ശതമാനമായിരുന്നു. ഉയർന്ന അപകടസാധ്യതയുള്ള സംസ്ഥാനങ്ങളിൽ കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവ ഉൾപ്പെടുന്നു. 15-29 വയസ്സ് പ്രായമുള്ള വിദ്യാർത്ഥികളാണ് ഏറ്റവും കൂടുതൽ ആത്മഹത്യാവഴി തിരഞ്ഞെടുക്കുന്നത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പ്രതിസന്ധി രൂക്ഷം. 2019 നും 2023 നും ഇടയിൽ, ഐഐടി, എൻഐടി, ഐഐഎം സ്ഥാപനങ്ങളിൽ 98 ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇതിൽ 39 എണ്ണം ഐഐടികളിൽ മാത്രമാണ്. ഏറ്റവും കൂടുതൽ ആത്മഹത്യകൾ  മദ്രാസ് ഐഐടിയിലാണ്. ഐഐടികളിൽ നടത്തിയ ഒരു സർവേയിൽ 61 ശതമാനം വിദ്യാർത്ഥികളും അക്കാദമിക് സമ്മർദ്ദം കാരണമാണ് ആത്മഹത്യ ചെയ്തത്.

ചെറിയ കുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും കൂടിവരുന്നുണ്ട്. പഠനത്തിൽ പിന്നാക്കം പോയതിൽ അധ്യാപകർ വഴക്കുപറയുകയും മാതാപിതാക്കളെ വിവരമറിയിക്കുകയും ചെയ്തതിൽ മനംനൊന്ത്, കഴിഞ്ഞ മാസമാണ് എട്ടാം ക്ലാസുകാരി മഹാരാഷ്ട്രയിൽ ജീവനൊടുക്കിയത്. അധ്യാപകർക്കും പ്രധാനാധ്യാപകനുമെതിരെ ആരോപണമുന്നയിച്ച് ന്യൂഡൽഹിയിൽ പത്താം ക്ലാസ് വിദ്യാർത്ഥി ആത്മഹത്യ ചെയ്തതും കഴിഞ്ഞ മാസമാണ്. പരീക്ഷയിൽ മാർക്കു കുറഞ്ഞതിന്റെ മനോവിഷമത്തിൽ കണ്ണൂർ സ്വദേശിയായ എട്ടാം ക്ലാസുകാരനും 4 മാസം മുമ്പ് ആത്മഹത്യ ചെയ്തതിരുന്നു.

കേരളത്തിലെ വിദ്യാർത്ഥി ആത്മഹത്യകളുടെ എണ്ണത്തിൽ കഴിഞ്ഞ ദശകത്തിൽ ഏകദേശം 50 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. 2022-23 അദ്ധ്യായന വർഷത്തിൽ കോഴിക്കോട് ജില്ലയിൽ മാത്രം 53 വിദ്യാർത്ഥി ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോവിഡ്-19 മഹാമാരിക്കു ശേഷമുണ്ടായ സാമൂഹിക-മാനസിക മാറ്റങ്ങൾ, വിഷാദം, ലഹരിവസ്തുക്കളുടെ ഉപയോഗം, പഠനത്തിലെ മത്സരം, ബന്ധങ്ങളിലെ പ്രശ്നങ്ങൾ എന്നിവയാണ് ആത്മഹത്യാ നിരക്ക് കൂടാനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മക്കളെ പണം കായ്ക്കുന്ന മരങ്ങളാക്കി മാറ്റാനുള്ള ബദ്ധപ്പാടിൽ അവരെ ചേർത്തുനിർത്താനും തലോടാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനും, അനിവാര്യമായ കേസുകളിൽ ചികിത്സിക്കാനും രക്ഷിതാക്കളും അധ്യാപകരും ബന്ധുക്കളും ഒരുവേള തയ്യാറായിരുന്നെങ്കിൽ ഭൂരിഭാഗം ആത്മഹത്യകളും ഒഴിവാക്കാമെന്നായിരുന്നു മാനസികാരോഗ്യ വിദഗ്ധരുടെ അഭിപ്രായം.

## തളരാതെ മുന്നോട്ട്

ആത്മഹത്യ ഒന്നിനും പരിഹാരമല്ലെന്ന് ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ലോകാരോഗ്യ സംഘടനയുടെയും ഇന്റർനാഷനൽ അസോസിയേഷൻ ഫോർ സൂയിസൈഡ് പ്രിവൻഷനിന്റെയും സംയുക്താഭിമുഖ്യത്തിൽ ആത്മഹത്യാ പ്രതിരോധദിനം ആചരിക്കുന്നത്. 2003 മുതൽ ആരംഭിച്ച ഈ ദിനാചരണത്തിലൂടെ ജനങ്ങൾക്കിടയിലെ ആത്മഹത്യാ പ്രവണത ഇല്ലാതാക്കലും ചെറിയ ഇടപെടലുകൾക്കുപോലും ആത്മഹത്യ തടയാനാകുമെന്ന വ്യക്തമായ സന്ദേശം നൽകലുമാണ് ലക്ഷ്യം.

ജീവിതത്തിൽ പലതും നഷ്ടപ്പെട്ടെന്നും എല്ലാം അവസാനിച്ചെന്നും തോന്നുന്ന ഘട്ടത്തിലാണ് പലരും സ്വയം ജീവനൊടുക്കുക എന്ന തെറ്റായ തീരുമാനത്തിലേക്കെത്തുന്നത്. ഇത്തരം ചിന്താഗതിക്കാരെ തിരിച്ചറിയാനും തക്കസമയത്ത് ഇടപെടാനും മാതാപിതാക്കൾക്കും സമൂഹത്തിനും കഴിയണം. ജീവിതത്തിൽ വിജയിച്ചവരെല്ലാം പ്രതിസന്ധികളെ അതിജീവിച്ച് ഇറങ്ങിപ്പുറപ്പെട്ടവരാണെന്ന് അത്തരക്കാരെ ബോധ്യപ്പെടുത്തണം. പലതവണ അവർ വീണിട്ടുണ്ടാകും. എന്നാൽ അതിനെ അവഗണിക്കുക എന്നതാണ് പ്രധാനം. അടുപ്പമുള്ളവരുമായി മനസ്സു തുറന്നു സംസാരിക്കാനുള്ള സന്നദ്ധത പുതുതലമുറയിലുണ്ടാക്കണം.

സ്നേഹതീരം

സൈറ അലി അരീക്കോട്

# ഉപ്പ കൊണ്ട വെയിൽ



ജീവിതയാത്രയിലെ മഹത്തായ തണൽമരങ്ങളിലൊന്നാണ് ഉപ്പ. നമ്മുടെയെല്ലാം പ്രഥമ അധ്യാപകനും സംരക്ഷണത്തിന്റെ ആധാരവുമാണ് പിതാവ്. ഉത്തരവാദിത്തത്തിന്റെ ഭാണ്ഡക്കെട്ടുകൾ അനേകം ചുമലിലേറ്റുമ്പോഴും ഉപ്പ ആവോളം കുടുംബത്തെ സ്നേഹിക്കുന്നു. കുടുംബത്തിനു വേണ്ടി രാത്രിയെന്നോ പകലെന്നോ ഇല്ലാതെ അധ്വാനിക്കുന്നു. സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും മാറ്റി വെക്കുന്നു. ഉമ്മ വാക്കുകൾ കൊണ്ട് സ്നേഹം പ്രകടിപ്പിക്കുമ്പോൾ ഉപ്പ മൗനഭാഷയിൽ നമ്മെ സ്നേഹംകൊണ്ട് വാരിപ്പുണരുന്നു. എല്ലാം ഉള്ളിലൊതുക്കി, സൗമ്യതയോടെ, ഉറ്റവർക്കുനേരെ വരുന്ന ഉപദ്രവശരങ്ങളെ പ്രതിരോധിച്ച് ഒരു വൻമല പോലെ കുലുങ്ങാതെ നിൽക്കുന്നു. ഉപ്പയുടെ പരുക്കൻഭാവങ്ങൾക്കടിയിൽ ഒളിപ്പിച്ചു വെച്ച സ്നേഹത്തെ നാം അനുഭവിക്കുന്നത് ചിലപ്പോൾ വളരെ വൈകിയാവും. ശാസനങ്ങൾ, കർശനമായ താക്കീതുകൾ, കഠിനമായ നിലപാടുകൾ എന്നിവക്കടിയിലെല്ലാം അളവറ്റ സ്നേഹത്തിന്റെ ശാന്തസമുദ്രങ്ങൾ കാണാം.

## ഉപ്പ - ഒരു മാതൃക

ഏറെ ബഹുമാനിക്കുന്ന ഗുരുതുല്യനായൊരാളുടെ പ്രിയപ്പെട്ട ഉപ്പയെക്കുറിച്ച് ഒരിക്കൽ ചോദിച്ചറിയാനിടയായി. ഉപ്പ നൽകിയ കരുത്താണ് അദ്ദേഹത്തിന് പല ജീവിതപ്രതിസന്ധികളെയും നേരിടാൻ കരുത്തു നൽകിയത്. അല്ലാഹുവിലുള്ള അപാരമായ വിശ്വാസവും അർപ്പണവും ആ ഉപ്പ മക്കൾക്ക് പകർന്നു നൽകി. ഏതു പ്രതിസന്ധിയിലും നാഥൻ കൂടെയുണ്ടാവുമെന്ന് അദ്ദേഹം ജീവിതാനുഭവങ്ങളിലൂടെ മക്കൾക്ക് തെളിയിച്ചുകൊടുത്തു. മറ്റുള്ളവരെ ആശ്രയിക്കാതെ ഏതു കാര്യവും ചെയ്യുന്നതായിരുന്നു ആ ഉപ്പാക്ക് ഇഷ്ടം. അതുപോലെത്തന്നെ അദ്ദേഹം മക്കളെയും വളരെ ചെറുപ്പത്തിൽ തന്നെ സ്വയം പര്യാപ്തരാക്കി. അല്ലാഹുവി

ഉത്തരവാദിത്തത്തിന്റെ ഭാണ്ഡക്കെട്ടുകൾ അനേകം ചുമലിലേറ്റുമ്പോഴും ഉപ്പ ആവോളം കുടുംബത്തെ സ്നേഹിക്കുന്നു. കുടുംബത്തിനു വേണ്ടി രാത്രിയെന്നോ പകലെന്നോ ഇല്ലാതെ അധ്വാനിക്കുന്നു. സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും മാറ്റി വെക്കുന്നു. ഉമ്മ വാക്കുകൾ കൊണ്ട് സ്നേഹം പ്രകടിപ്പിക്കുമ്പോൾ ഉപ്പ മൗനഭാഷയിൽ നമ്മെ സ്നേഹംകൊണ്ട് വാരിപ്പുണരുന്നു. എല്ലാം ഉള്ളിലൊതുക്കി, സൗമ്യതയോടെ, ഉറ്റവർക്കുനേരെ വരുന്ന ഉപദ്രവശരങ്ങളെ പ്രതിരോധിച്ച് ഒരു വൻമല പോലെ കുലുങ്ങാതെ നിൽക്കുന്നു.

നെയല്ലാതെ വേറെയൊരാളെയും പേടിക്കേണ്ടതില്ലെന്നും അദ്ദേഹം മക്കൾക്ക് നിർദ്ദേശം നൽകി. നേരിന്റെ പാതയിൽ മാത്രം നീങ്ങുവാൻ മക്കളെ പരിശീലിപ്പിച്ചു. ഖബറിനരികിലിരുന്ന് ഖുർആ നോതാൻ മക്കളെ പഠിപ്പിച്ചു. നാട്ടിൽ മരണപ്പെട്ടവരുടെ ഖബറിനരികിൽ ഒറ്റയ്ക്കിരുന്ന് രാത്രിയും പകലുമായി ആ ഉപ്പയുടെ മക്കൾ ഖുർആൻ ഓതി. നമ്മുടെ നാടുകളിൽ ചിലയിടങ്ങളിൽ ഇപ്പോഴും ഈ രീതി കാണാറുണ്ടല്ലോ. ഒരു വൈകുന്നേരം മുതൽ പിറ്റേന്ന് നേരം പുലരുവോളം ഖബ്റിന്നരികിൽ ഒറ്റയ്ക്കിരുന്ന് ഖുർആൻ ഓതുന്നവർക്ക് ആത്മീയമായ ഒരു ധൈര്യമുണ്ടാകും. അല്ലാഹുവിലുള്ള അപാരമായ സമർപ്പണത്തിന്റെ അടിത്തറയാണ് ആ ആത്മധൈര്യം.

## പ്രവാസത്തിന്റെ മാധുര്യം

കുടുംബചർച്ചകളിൽ ഏറെ കേൾക്കാറുള്ള പേരാണ് എളാപ്പയുടേത്. എളാപ്പയെക്കുറിച്ച് എല്ലാവർക്കും നല്ലതു മാത്രമേ പറയാനുള്ളൂ. എളാപ്പയുടെ മരുമക്കളുടെ വാക്കുകളാണ് എളാപ്പയെ അത്രമേൽ ആഴത്തിൽ നിരീക്ഷിക്കാൻ എനിക്കു പ്രചോദനം നൽകിയത്. മരുമക്കൾ ഒരു ഉപ്പയെക്കുറിച്ച് അത്രമേൽ നന്മകൾ സംസാരിക്കുന്നുണ്ടെങ്കിൽ അകമെയും പുറമെയും അയാൾ അത്ര നല്ല മനുഷ്യനായിരിക്കാം. എളാപ്പ നാൽപ്പതു വർഷങ്ങൾക്കു മുമ്പാണ് പ്രവാസലോകത്തേക്ക് കയറിയത്. അവിടെ എളാപ്പയെ കാത്തിരുന്നത്, ബെന്യാമീന്റെ നോവലിലെ ആടുജീവിതത്തോടൊത്തൊരു ജീവിതമായിരുന്നു. ദിവസങ്ങളോളം ഭക്ഷണം കിട്ടാതെ അവശനായ എളാപ്പയെ നാട്ടുകാരനായ അബ്ദുക്ക കണ്ടെത്തുകയായിരുന്നു. ആ അവസ്ഥയിലും എളാപ്പ സംസാരിച്ചത് മക്കളെക്കുറിച്ചായിരുന്നത്രെ. അബ്ദുക്ക എളാപ്പയെ റൂമിൽ കൊണ്ടുപോയി ഭക്ഷണവും വെള്ളവും നൽകി. 'അബ്ദൂ, എന്തു പണിയും ഞാൻ ചെയ്യാം, എന്റെ മക്കളെ പോറ്റാൻ. എനിക്ക് നീ



എന്തെങ്കിലുമൊരു ജോലി ശരിയാക്കിത്താടാ' എന്നായിരുന്നത്രെ എളാപ്പ അബ്ദുക്കയോട് അന്ന് പറഞ്ഞത്.

മക്കൾ നാലു പേരും പഠനത്തിൽ മികവു പുലർത്തി. നാലു പേർക്കും ജോലി ലഭിച്ചു. പിന്നെ എളാപ്പ പ്രവാസം നിറുത്തി നാട്ടിൽ കൃഷി തുടങ്ങി. സ്വന്തം മക്കളെപ്പോലെ മരുമക്കളെയും ആ ഉപ്പ സ്നേഹിച്ചു. അതിനാൽ എളാപ്പ മരുമക്കൾക്കും പ്രിയപ്പെട്ട ഉപ്പയായി. എളാപ്പയുടെ ആത്മാർത്ഥ സ്നേഹത്തിനും അധ്വാനത്തിനും റബ്ബ് ഒരുപാട് അനുഗ്രഹങ്ങൾ നൽകി. അതിലൊന്ന്, സ്നേഹത്തിന്റെ നൂലിഴകളിൽ കോർത്തെടുത്ത കെട്ടുറപ്പുള്ളൊരു കുടുംബമായിരുന്നു!

## ഉപ്പ - ഒരോർമ്മ

ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്ന് എന്റെ ഉപ്പയാണ്. എല്ലാ ഉപ്പമാരെയും പോലെ, ഞങ്ങൾക്കു വേണ്ടി ഉപ്പ രാവെന്നോ പകലെന്നോ ഇല്ലാതെ അധ്വാനിച്ചു. ഉപ്പ മാവൂർ ഗ്രോളിയോർ റയോൺസിൽ ജോലി ചെയ്തിരുന്ന കാലം. ജോലി കഴിഞ്ഞു വരുമ്പോഴേക്ക് ഞങ്ങൾ അഞ്ചുപേരും ഉറങ്ങിട്ടുണ്ടാവും. വന്നാൽ, കിടന്നുറങ്ങുന്ന അഞ്ചു മക്കളുടെയും കുട്ടിക്കുപ്പായങ്ങളുയർത്തി, കുഞ്ഞുവയറുകൾ ടോർച്ചു തെളിയിച്ചു നോക്കുമായിരുന്നത്രെ! 'പള്ള നിറഞ്ഞിക്ക്ണോ ന്റെ കുട്ട്യോൾക്ക്' എന്ന് ചോദിക്കുമായിരുന്നത്രെ. അതിനു ശേഷം മാത്രമാണ് ഉപ്പ ഭക്ഷണം കഴിച്ചിരുന്നത്. ആരെങ്കിലുമൊരാൾ കഴിച്ചില്ലെങ്കിൽ അന്ന് ഉപ്പാക്കും ഭക്ഷണം വേണ്ട. നോക്കണേ, ഉപ്പയുടെ വാത്സല്യക്കടലാഴം!

ഞാൻ ഹോസ്പിറ്റലിൽ ജോലി ചെയ്തിരുന്ന കാലം. എന്നും ആറു മണിക്ക് ജോലി കഴിഞ്ഞിറങ്ങുന്നതാണ്. ഒരു ദിവസം, അടുത്ത ഷിഫ്റ്റിൽ കേറാനുള്ളയാൾ വരാത്തതു കാരണം ഞാനിറങ്ങാൻ വൈകി. അവസാന ബസ്സിൽ എങ്ങനെയോ ഓടിക്കയറി. ബസ്സിലിരുന്ന് പുറത്തേക്ക് നോക്കി. ചുറ്റും നല്ല ഇരുട്ടാണ്. ബസ് ഇറങ്ങിയിട്ട് വീട്ടിലേക്ക് നടന്നുപോകുന്ന ഊടുവഴികൾ എന്നെ വല്ലാതെ ഭയപ്പെടുത്തി. സാരമില്ല, മൊബൈൽ ടോർച്ചുണ്ടല്ലോ. അതിന്റെ വെളിച്ചത്തിൽ നടന്നുപോകാം. ഞാൻ ബാഗിൽ തപ്പിനോക്കിയപ്പോഴാണ് അത് റിസപ്ഷനിൽ ചാർജിംഗിൽ വെച്ച് എടുക്കാതെ പോന്ന കാര്യം ഞെട്ടലോടെ തിരിച്ചറിഞ്ഞത്. ബസ് കിട്ടാനുള്ള വ്യഗ്രതയിൽ ഓടിയതിന്റെ ഫലം. എനിക്കു ഭയം തോന്നി. ഇക്കാക്കമാരൊന്നും നാട്ടിലില്ല. ഉപ്പയാണെങ്കിൽ ടെറസിൽ നിന്ന് വീണ് പരിക്കുപറ്റി കിടക്കുകയാണ്. മാത്രമല്ല; ഉപ്പാക്ക് ഓർമകൾ നഷ്ടപ്പെട്ടു തുടങ്ങിയിട്ടുമുണ്ട്. ബസ്, വീടിനടുത്തുള്ള സ്റ്റോപ്പിലെത്തി. ഞാനിറങ്ങി. എന്തു ചെയ്യും? കൂരിരുട്ടാണ് ചുറ്റും. വഴി കാണുന്നില്ല.

പെട്ടെന്ന്, എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് കാൽക്കലേക്ക് ഒരു ടോർച്ചുവെളിച്ചം! 'യ്യ് ന്തേയ് ഇത്ര വൈകിയത്? ഉപ്പ എത്ര നേരായീന്നറിയോ അന്നേം കാത്തിവടെ നിക്കണ്!' ഓർക്കുമ്പോഴെല്ലാം കണ്ണീർനനവു കിനിയുന്ന ഒരു രംഗമാണത്. പരിക്കുകൾ വകവെക്കാതെ എന്നെ തിരഞ്ഞുവന്നതാണ്. ഉപ്പാന്റെ ടോർച്ചു വെളിച്ചത്തിൽ ഞാൻ വീട്ടിലേക്ക് നടന്നു. ഉപ്പയുടെ ഓരോ കാലടിയും ഒരായിരം സ്നേഹമായിരുന്നു. കരുതലായിരുന്നു. വറ്റിപ്പോകാനൊരുങ്ങുന്ന ഉപ്പയുടെ ഓർമകളിൽ അവശേഷിച്ചത് ഞങ്ങൾ മക്കളായിരുന്നു. ഒടുവിൽ ഒരു വെള്ളിയാഴ്ചരാവിന്റെ പവിത്രതയിൽ ഉപ്പ നാഥനിലേക്ക് മടങ്ങിയപ്പോൾ നാട്ടിലെ വിശ്വാസികൾ നാഥനോട് തേടിയതും 'ഇതുപോലൊരു മരണം നീ സമയമാകുമ്പോൾ ഞങ്ങൾക്കും നൽകേണമേ' എന്നായിരുന്നു!

ജോലി കഴിഞ്ഞു വരുമ്പോഴേക്ക് ഞങ്ങൾ അഞ്ചുപേരും ഉറങ്ങിട്ടുണ്ടാവും. വന്നാൽ, കിടന്നുറങ്ങുന്ന അഞ്ചു മക്കളുടെയും കുട്ടിക്കുപ്പായങ്ങളുയർത്തി, കുഞ്ഞുവയറുകൾ ടോർച്ചു തെളിയിച്ചു നോക്കുമായിരുന്നത്രെ! 'പള്ള നിറഞ്ഞിക്ക്ണോ ന്റെ കുട്ട്യോൾക്ക്' എന്ന് ചോദിക്കുമായിരുന്നത്രെ. അതിനു ശേഷം മാത്രമാണ് ഉപ്പ ഭക്ഷണം കഴിച്ചിരുന്നത്. ആരെങ്കിലുമൊരാൾ കഴിച്ചില്ലെങ്കിൽ അന്ന് ഉപ്പാക്കും ഭക്ഷണം വേണ്ട. നോക്കണേ, ഉപ്പയുടെ വാത്സല്യക്കടലാഴം!

## റാഹിലയുടെ കഥ

പ്രശസ്തനായ ഒരു കോളേജധ്യാപകന്റെ മകൾ. അവളെ നമുക്ക് റാഹില എന്നു വിളിക്കാം. പിജി ക്ലാസ്റൂമിലാണ് അവളെ കണ്ടുമുട്ടിയത്. പരിചയപ്പെടുമ്പോൾ തന്നെ അവളുടെ കൈകളുടെ വിറയലും ഉച്ചത്തിലുള്ള സംസാരവും ഞാൻ ശ്രദ്ധിച്ചു. എന്തോ ഒരു അസ്വാഭാവികത! 'റാഹിലാ, എന്താണിങ്ങനെ വിറയ്ക്കുന്നത്?' ഞാൻ ചോദിച്ചു.

'അതുപിന്നെ.... ഞാൻ കുറച്ചു മെഡിസിനെടുക്കുന്നുണ്ട്. അതിന്റെ സൈഡ്എഫക്ടാണ്.' അവൾ വേഗത്തിൽ പറഞ്ഞു. സംസാരത്തിലെ വേഗതയും തീരെചെറുതാക്കി വെട്ടിയ തലമുടിയും കൺതടങ്ങളിലെ കരുവാളിപ്പുമെല്ലാം ഞാൻ ശ്രദ്ധിച്ചു. പക്ഷേ, അതേക്കുറിച്ച് അവളോടൊന്നും ചോദിച്ചില്ല.

ഒരു ദിവസം ക്ലാസ്സ് നടന്നുകൊണ്ടിരിക്കെ, റാഹില തലകറങ്ങി വീണു. അവളെ റസ്റ്റ്റൂമിലേക്കു മാറ്റി. ക്ലാസ് തുടർന്നു. അല്പം കഴിഞ്ഞപ്പോൾ, മറ്റൊരു ടീച്ചർ ക്ലാസ്സിൽ വന്നു പറഞ്ഞു: 'സൈറാ... ഒന്നു വരൂ. റാഹില കാണണമെന്ന് പറയുന്നു.' ടീച്ചർ പറഞ്ഞതു കേട്ട് ഞാൻ അതിശയിച്ചു. കാരണം, ഞങ്ങൾ പരിചയപ്പെട്ടുവെന്നല്ലാതെ വലിയ അടുപ്പമൊന്നും ഉണ്ടായിരുന്നില്ല. വല്ലപ്പോഴും കാണുമ്പോൾ ഒന്നു പുഞ്ചിരിക്കും. എന്തിനായിരിക്കും അവൾ എന്നെ കാണണമെന്നു പറഞ്ഞത് എന്നാലോചിച്ചുകൊണ്ട് ഞാൻ റസ്റ്റ്റൂമിലേക്ക് നടന്നു. എന്നെ കണ്ടതും തളർന്ന ശബ്ദത്തിൽ അവൾ പറഞ്ഞു: 'ഞാൻ വിളിച്ചതുകൊണ്ട്, നിന്റെ ക്ലാസും മിസ്സായി ല്ലേ, സോറിട്ടോ.' ഞാൻ ചോദിച്ചു: 'നിനക്കെന്താ പറ്റിയത്? രാവിലെ ഒന്നും കഴിച്ചില്ലേ?' അതിനു മറുപടിയായി അവൾ പറഞ്ഞു: 'എനിക്കല്പം സംസാരിക്കണം. കുറച്ചു നേരം ഇവിടെ ഇരിക്കാമോ?'

സാമൂഹികമൂല്യങ്ങളെക്കുറിച്ചോ മനുഷ്യബന്ധങ്ങളെക്കുറിച്ചോ അവർക്കു പറഞ്ഞുകൊടുക്കാൻ ആ പിതാവ് ഒരിക്കൽപോലും ശ്രമിച്ചില്ല. അതിനാൽ, കുട്ടികൾക്ക് ആരോട്, എപ്പോൾ, എന്തു പറയണമെന്നറിയാതെയായി. ശബ്ദം താഴ്ത്തി സംസാരിക്കാനോ തല മറയ്ക്കാനോ അവളുടെ ഉപ്പ നിർബന്ധം പിടിച്ചില്ല. അതുകൊണ്ടു തന്നെ ആ കുട്ടി തല മറയ്ക്കാറില്ലായിരുന്നു. മുസ്‌ലിമായിപ്പിറന്നിട്ടും തല മറയ്ക്കാതെ നടക്കുന്നത് എന്തൊരു ദുരവസ്ഥയാണ്!



ഞാനവിടെയിരുന്നു.

അതിസമ്പന്ന കുടുംബത്തിലാണവൾ പിറന്നത്. ഉപ്പയും ഉമ്മയും അധ്യാപകർ. മൂത്തസഹോദരൻ എഞ്ചിനീയർ, ഇളയ സഹോദരൻ ചാർട്ടേഡ് അക്കൗണ്ടന്റ്. ഉപ്പയും ഉമ്മയും തമ്മിലുള്ള വഴക്കാണ് അവൾ നേരിടുന്ന പ്രധാന പ്രശ്നം. ഉപ്പയുടെ സ്വഭാവദൂഷ്യം ആ കുടുംബത്തിന്റെ അടിത്തറയിളക്കിക്കൊണ്ടിരുന്നു. ഭാര്യയെയും മക്കളെയും വരച്ച വരയിൽ നിർത്താൻ അയാൾ ഉപദ്രവിച്ചു. മാർക്ക് കുറയുന്നതിനനുസരിച്ച് കിട്ടുന്ന അടിയുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. അവളും സഹോദരങ്ങളും ഭയംകൊണ്ട് കഷ്ടപ്പെട്ടുപഠിച്ച് നല്ല മാർക്കു വാങ്ങി. മാർക്കു വാങ്ങാൻ മാത്രമറിയുന്നവരായി അവർ വളർന്നു. മറ്റുള്ള സാമൂഹികമൂല്യങ്ങളെക്കുറിച്ചോ മനുഷ്യബന്ധങ്ങളെക്കുറിച്ചോ അവർക്കു പറഞ്ഞുകൊടുക്കാൻ ആ പിതാവ് ഒരിക്കൽപോലും ശ്രമിച്ചില്ല. അതിനാൽ, കുട്ടികൾക്ക് ആരോട്, എപ്പോൾ, എന്തു പറയണമെന്നറിയാതെയായി. ശബ്ദം താഴ്ത്തി സംസാരിക്കാനോ തല മറയ്ക്കാനോ അവളുടെ ഉപ്പ നിർബന്ധം പിടിച്ചില്ല. അതുകൊണ്ടു തന്നെ ആ കുട്ടി തല മറയ്ക്കാറില്ലായിരുന്നു. മുസ്‌ലിമായിപ്പിറന്നിട്ടും തല മറയ്ക്കാതെ നടക്കുന്നത് എന്തൊരു ദുരവസ്ഥയാണ്!

അവൾ കഥ തുടർന്നു: സഹോദരങ്ങൾ അവരുടെ തുടർവിദ്യാഭ്യാസത്തിനും ജോലിക്കുമായി പത്താം ക്ലാസ് കഴിഞ്ഞയുടനെ അന്യദേശങ്ങളിലേക്ക് പോയി. പിന്നീട് വീട്ടിൽ നടക്കുന്ന വഴക്കുകൾക്കെല്ലാം അവൾ മാത്രം മൂകസാക്ഷിയായി. ശാരീരികമായ ഉപദ്രവം ഭയന്ന് ഉമ്മ പലപ്പോഴും ഒന്നും മിണ്ടാതായി. ചിലപ്പോൾ വീടകം ഒരു യുദ്ധഭൂമി പോലെ! മറ്റുചിലപ്പോൾ ശ്മശാന മൂകതയിൽ! വളരെക്കാലം ഈ അവസ്ഥയിൽ ജീവിച്ചതുകൊണ്ടു തന്നെ, ആത്മാർത്ഥമായി ചിരിക്കാനോ സന്തോഷിക്കാനോ അവൾക്കു കഴിഞ്ഞില്ല. ചെറുപ്പത്തിൽ തന്നെ അവൾ വിഷാദരോഗിയായി. പലപ്പോഴും ദിവസങ്ങളോളം

ഭക്ഷണം കഴിക്കാതെ റൂമിൽ അടച്ചിരുന്നു. ചില സമയങ്ങളിൽ സ്വയം നിയന്ത്രണം നഷ്ടപ്പെട്ടു. അവളുടെ ഉപ്പയുടെ അനിയൻ പ്രശസ്തനായ സൈക്കോളജിസ്റ്റാണ്. അദ്ദേഹം ഈ വിവരം അറിയാനിടയായി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ചികിത്സകൾ തുടങ്ങി. കഴിക്കുന്ന മരുന്നുകളുടെ കൂട്ടത്തിൽ ഉറങ്ങാനുള്ള മരുന്നും കൊടുത്തു. രാവും പകലും തിരിച്ചറിയാതെ അവൾ ഉറങ്ങി. പത്താം ക്ലാസ്സിലും പ്ലസ്ടുവിനും ഫുൾ എ പ്ലസ് നേടിയ അവൾ കഷ്ടിച്ച് ഡിഗ്രി പാസായി. 'നമ്മുടെ ക്ലാസിലെ മറ്റു 58 കുട്ടികളോടും എന്റെ വിഷമം തുറന്നു പറയുന്നതനെക്കുറിച്ച് ഞാൻ ചിന്തിച്ചിരുന്നു. പക്ഷേ, എന്നെ മനസ്സിലാക്കാൻ നിനക്കാണ് കഴിയുകയെന്ന് എനിക്കു തോന്നി, നീ ഒരു ഉമ്മയാണല്ലോ. രണ്ടു കുഞ്ഞുങ്ങളെ വളർത്തുന്നുണ്ടല്ലോ.'

## എവിടെ, ആർക്കു പിഴച്ചു?

മാതാപിതാക്കൾ തമ്മിലുള്ള നല്ലബന്ധമാണ് സന്തുഷ്ടജീവിതത്തിന്റെ അടിസ്ഥാനം. ആ സ്നേഹദാമ്പത്യം കണ്ടാണ് മക്കൾ വളരേണ്ടത്. പെറ്റുമ്മയെ നമ്മുടെ മുന്നിൽ വെച്ച് തല്ലിച്ചതയ്ക്കുന്ന മനുഷ്യനെ നമുക്ക് സ്നേഹിക്കാനും ഉൾക്കൊള്ളാനും കഴിയുമോ; അത് സ്വന്തം ഉപ്പയായാൽ പോലും!?

കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബമെന്ന് പറയാറില്ലേ? ഇമ്പമില്ലാത്തിടത്ത്, സമൂഹത്തെയോർത്ത്, മക്കളെയോർത്ത് ബന്ധത്തിൽ കടിച്ചുതൂങ്ങി നിൽക്കുന്ന മനുഷ്യർ എത്രത്തോളം പരസ്പരം വെറുക്കുന്നുണ്ടാവും! ഈ വെറുപ്പ് മാത്രം കണ്ടു വളരാൻ വിധിക്കപ്പെട്ട മക്കളെത്ര നിർഭാഗ്യവാന്മാരായിരിക്കും! കളിചിരികളോ സ്നേഹത്തോടെയുള്ള സംസാരമോ ഇല്ലാത്ത വീടെന്തൊരു വീടായിരിക്കും! എത്ര വലിയ സൗകര്യങ്ങളുള്ള വീടുണ്ടായിട്ടും അതിലൊരു കെട്ടുറപ്പുള്ള കുടുംബമില്ലാതിരുന്നാൽ പിന്നെന്തു പ്രയോജനം? കൂടെയുള്ളവരെ മാനസികരോഗികളാക്കി മാറ്റുന്ന മനുഷ്യരാവുകയാണോ നമ്മൾ വേണ്ടത്? അതോ, അവരുടെ കുറവുകൾ കൂടെ മായ്ച്ചുകളയാനുള്ള കരുത്തും നന്മയുമുള്ള മനുഷ്യരോ?

അന്ത്യപ്രവാചകർ മുഹമ്മദ് നബി(സ) സ്ത്രീകളുടെ കാര്യത്തിൽ എന്തെല്ലാം മുന്നറിയിപ്പുകൾ നമുക്ക് നൽകി! അവരെ സൃഷ്ടിച്ചിരിക്കുന്നത് വളവുള്ള വാരിയെല്ലുകളിൽ നിന്നാണെന്നും അതിനെ ഞൊടിയിടയിൽ നിവർത്താൻ നോക്കിയാൽ തകർന്നുപോകുമെന്നും മുത്തുറസൂൽ(സ) പറഞ്ഞു. 'നിങ്ങളിൽ ഉത്തമർ ഭാര്യയോടും കുടുംബത്തോടും നല്ല നിലയിൽ പെരുമാറുന്നവനാണ്' എന്ന ആശയമുള്ള ഹദീസുകൾ, സ്ത്രീകളുടെ അവകാശങ്ങളെ ലംഘിക്കരുതെന്നർത്ഥം വരുന്ന ഹദീസുകൾ, സഹധർമ്മിണിയെ അടിക്കുന്നവർക്കുള്ള മുന്നറിയിപ്പുകൾ... എല്ലാം സ്ത്രീകളെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ നിലപാടുകൾ വ്യക്തമാക്കുന്നു. ജീവിതത്തിലെ പ്രയാസങ്ങൾ ഒഴിവാക്കാൻ വേണ്ടിയല്ലേ ഇത്തരം അറിവുകൾ ഉപയോഗപ്പെടുത്തേണ്ടത്?

റാഹിലയിലേക്ക് തിരിച്ചുവരാം. അവൾ പിന്നീട് പലവട്ടം ക്ലാസ്സിൽ തളർന്നുവീണു. ഒരിക്കൽ അവളെ കൊണ്ടുപോകാൻ ഉമ്മ വന്നു. ഞങ്ങൾ കുറച്ചുനേരം സംസാരിച്ചു. റാഹില പറഞ്ഞതിനെക്കാൾ കൂടുതൽ അവർ അനുഭവിച്ചിട്ടുണ്ടെന്ന് അവരുടെ വാക്കുകളിൽ നിന്ന് മനസ്സിലായി. കുഞ്ഞുങ്ങൾ ഗർഭത്തിലിരിക്കുമ്പോൾ തന്നെ പീഡനം അനുഭവിച്ചുതുടങ്ങിയിട്ടുണ്ടെന്ന് അവർ പറഞ്ഞതുകേട്ടപ്പോൾ ഉള്ളിലെന്തോ കൊളുത്തിവലിച്ചു. ഗർഭിണിയാണെന്ന പരിഗണനപോലും കൊടുക്കാതെ അവരെ അയാൾ അടിക്കാറുണ്ടായിരുന്നത്രെ! ആ ഗർഭകാലത്തിന്റെ ഓർമകളിൽ അവരുടെ കണ്ണുകൾ ചാലിട്ടൊഴുകി. ചുണ്ടുകൾ വിറച്ചു വിതുമ്പിപ്പോയി!

കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബമെന്ന് പറയാറില്ലേ? ഇമ്പമില്ലാത്തിടത്ത്, സമൂഹത്തെയോർത്ത്, മക്കളെയോർത്ത് ബന്ധത്തിൽ കടിച്ചുതൂങ്ങി നിൽക്കുന്ന മനുഷ്യർ എത്രത്തോളം പരസ്പരം വെറുക്കുന്നുണ്ടാവും! ഈ വെറുപ്പ് മാത്രം കണ്ടു വളരാൻ വിധിക്കപ്പെട്ട മക്കളെത്ര നിർഭാഗ്യവാന്മാരായിരിക്കും! കളിചിരികളോ സ്നേഹത്തോടെയുള്ള സംസാരമോ ഇല്ലാത്ത വീടെന്തൊരു വീടായിരിക്കും! വലിയ സൗകര്യങ്ങളുള്ള വീടുണ്ടായിട്ടും കെട്ടുറപ്പുള്ള കുടുംബമില്ലാതിരുന്നാൽ പിന്നെന്തു പ്രയോജനം?

സമൂഹത്തെ ഓർത്ത്, മക്കളെ ഓർത്ത് അവർ ആർക്കോ വേണ്ടി ജീവിച്ചുതീർത്ത കാലമത്രയും അയാൾ നന്നാവുമെന്നു പ്രതീക്ഷിച്ചു. ആ പ്രതീക്ഷയാണ് തന്റെ മകളെ ഭ്രാന്തിയാക്കി മാറ്റിയതെന്ന് അവർ വേദനയോടെ പറഞ്ഞു. പിന്നീട്, രണ്ടു സെമസ്റ്റർപോലും പൂർത്തീകരിക്കാൻ പറ്റാതെ റാഹില പഠനം നിർത്തുകയായിരുന്നു.

അമ്മയ്ക്കും കുഞ്ഞിനും ഒരുപോലെ സംരക്ഷണവും സ്നേഹവും അത്യാവശ്യമായ ഘട്ടമല്ലേ ഗർഭകാലം? നല്ല ഉപ്പയും ഉമ്മയുമായി മാറാനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ട കാലം. ഗർഭിണിയായ ഭാര്യയുടെ മാനസികനില



മനസ്സിലാക്കാൻ കെൽപ്പുള്ളവനാവുക എന്നതല്ലേ ഉപ്പയാവാൻ തയ്യാറെടുക്കുന്ന ഭർത്താവിന്റെ കർത്തവ്യം? ഹോർമോണുകളുടെ ഉയർച്ചതാഴ്ചകളിലൂടെ കടന്നുപോകുന്ന സ്ത്രീകൾക്ക് അല്പം ആശ്വാസമല്ലേ ആ സമയത്തു വേണ്ടത്?

## കല്യാണസങ്കല്പങ്ങളിലെ ഭയമുദ്ര

ഒരു ദിവസം കോളിംഗ്ബെൽ ശബ്ദം കേട്ട് വീടിന്റെ വാതിൽ തുറന്നുനോക്കിയപ്പോൾ തൊട്ടടുത്ത വീട്ടിലെ ബുശ്റത്തയാണ്. അവരുടെ മുഖം വിളറിയിട്ടുണ്ട്. നനഞ്ഞ വസ്ത്രങ്ങളാണ് ധരിച്ചിരിക്കുന്നത്. 'എടീ... നീയിതൊന്നു നോക്ക്' എന്നു പറഞ്ഞുകൊണ്ടവർ അകത്തേക്കു കയറി. അവരുടെ കൈയിലെ നീലിച്ച പാടുകൾ എനിക്ക് കാണിച്ചുതന്നു. 'കബീറാക്ക അടിച്ചതാണ്.' എനിക്ക് വിശ്വസിക്കാൻ പ്രയാസം തോന്നി. കാരണം, അഞ്ചുവഖ്ത് ജമാഅത്തിനും മുടങ്ങാതെ പോകുന്ന മനുഷ്യനാണയാൾ. രാത്രി ഏറെ വൈകിയും ഖുർആൻ പാരായണം ചെയ്യുന്ന, ഹദ്ദാദ് ചൊല്ലുന്ന കബീറാക്കയുടെ ശബ്ദം കേൾക്കാം. അങ്ങനെയുള്ള ഒരു മനുഷ്യന് ഇങ്ങനെയൊക്കെ ഭാര്യയെ വേദനിപ്പിക്കാൻ കഴിയുമോ? ഞാൻ ചിന്തിച്ചു.

'എന്തിന്?' ഞാൻ ചോദിച്ചു.

'കീറലുള്ള ഒരു വസ്ത്രം ധരിച്ചുകൊണ്ട് ഞാൻ അലക്കുകയായിരുന്നു. അലക്കുന്ന കല്ലിന്റെ ഭാഗത്ത് ഒരു മറ വേണമെന്ന് ഞാൻ ഒരുപാട് കാലമായി മൂപ്പരോട് പറയുന്നു. അത് കേട്ടില്ലെന്നു നടിച്ചതാ. ഇപ്പോൾ കീറിയ വസ്ത്രം ധരിച്ച് അലക്കുന്നത് അന്യപുരുഷന്മാർ നോക്കൂലേന്ന് പറഞ്ഞാ അടിച്ചത്. ഞാൻ തുന്നിക്കൂട്ടിയ ഈ ഉടുപ്പിന്റെ പല ഭാഗവും കാലപ്പഴക്കം കൊണ്ട് പിഞ്ഞിപ്പോയിരുന്നു മോളേ. പെർന്നാളിന് പോലും ഒരു കൂട്ടം കുപ്പായം മേടിച്ചു തന്നിട്ടില്ല ഇതുവരെ! വല്ലപ്പോഴും ബന്ധുക്കളാരെങ്കിലും വാങ്ങിത്തരുന്ന കുപ്പായങ്ങളേ എനിക്കുള്ളൂ.'

അവരുടെ വാക്കുകളിൽ നിന്ന് യഥാർത്ഥ കബീറാക്കയുടെ രൂപം എനിക്കു കിട്ടി. അല്ലാഹുവിനോടുള്ള കടമകൾ മാത്രം നിറവേറ്റിയാൽ മതിയോ ഒരു യഥാർത്ഥ വിശ്വാസി?

കാലങ്ങൾ കടന്നുപോയി. അവരുടെ മകൾ വളർന്നു. കല്യാണാലോചനകൾ വന്നുകൊണ്ടിരുന്നു. കുട്ടിക്ക് കല്യാണത്തോട് താൽപര്യമില്ലെന്ന് പറഞ്ഞ് എല്ലാം മടക്കിയയച്ചു. ഒരിക്കൽ ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവളുടെ വിവാഹക്കാര്യം കടന്നു വന്നു. 'എന്തിനാണിത്താത്താ ഈ കല്യാണമൊക്കെ? ഉമ്മച്ചി കഷ്ടപ്പെടുന്നതു പോലെ വെറുതെ പെട്ടുപോകാനല്ലേ? നിങ്ങൾക്കറിയോ, ഉപ്പച്ചി മിക്കദിവസവും ഉമ്മച്ചിയെ തല്ലും. നിസ്സാരകാര്യം മതി. പൊറത്തൊക്കെ ഉപ്പച്ചി നല്ല മാന്യനാണ്. എനിക്ക് സത്യത്തിൽ പേടിയാണിത്താത്താ. ഇതു പോലൊരു മനുഷ്യനാണെങ്കിലോ എന്നെ കെട്ടുന്നത്?'

ഇങ്ങനെയാണോ ഉപ്പമാർ മാതൃകയാകേണ്ടത്? ഇത്തരത്തിൽ കഷ്ടപ്പെടുന്ന ഉമ്മമാരെയാണോ മക്കൾ കാണേണ്ടത്? വിവാഹജീവിതം പോലെ മനോഹരമായ, മഹത്തായ ഒരു ജീവിതാനുഭവത്തെ ഭീതി നിറഞ്ഞൊരു ഘട്ടമായി മക്കളിൽ മുദ്രചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ നമ്മൾ തന്നെയല്ലേ?

ഉപ്പാന്റെ നിയമങ്ങളാണ് വീടിന്റെ ഗതി നിർണ്ണയിക്കുന്നത്. ഉത്തരവാദിത്തമുള്ള ഉപ്പ ആദ്യം ചെയ്യേണ്ടത് തന്റെ കുഞ്ഞുങ്ങളുടെ ഉമ്മയെ സ്നേഹിക്കുക എന്നതു തന്നെയാണ്. അവർ തമ്മിലുള്ള ഐക്യം കൊണ്ടു മാത്രമേ കെട്ടുറപ്പുള്ള കുടുംബമുണ്ടാവൂ. കരഞ്ഞും പരിതപിച്ചും കഴിയുന്ന ഉമ്മമാരെ കാണുന്നത് മക്കൾക്ക് വേദനയാണ്.

## ആത്മാർത്ഥതയുടെ പ്രതിഫലം

ഫോണിലേക്ക് നിലയ്ക്കാതെ വരുന്ന നോട്ടിഫിക്കേഷൻ കേട്ടാണ് ശ്രദ്ധിച്ചത്, വാട്സാപ്പിൽ പ്രിയകൂട്ടുകാരി റംലയാണ്. അവൾ കുറെ ചിത്രങ്ങൾ അയച്ചിട്ടുണ്ട്. അതിൽ അവളുടെ പ്രവാസിയായ ഭർത്താവും വിദേശിയായ മറ്റൊരു പെൺകുട്ടിയും ചേർന്നു നിൽക്കുന്നു. ഹറാമെന്ന് ഒറ്റനോട്ടത്തിൽ വ്യക്തം. അവൾ അയച്ച വോയ്സ് നോട്ട് തുറന്നു: 'അഫ്സൽ എന്നെ ചതിക്കായിരു

ന്നെടീ.... ഞാൻ ഈ ലോകത്തു നിന്ന് പോവാ ട്ടോ!....' ഞാൻ പേടിച്ചുപോയി. ഉടനെ അവളുടെ ഫോണിൽ വിളിച്ചെങ്കിലും സ്വിച്ച് ഓഫായിരുന്നു. ഉമ്മാന്റെ നമ്പറിൽ വിളിച്ചപ്പോൾ എടുക്കുന്നില്ല. അര മണിക്കൂറോളം ഞാൻ അവളുടെ നമ്പറിലേക്കും ഉമ്മാന്റെ നമ്പറിലേക്കും മാറി മാറി വിളിച്ചു. മനഃസമാധാനമില്ലാതെ അന്ന് വൈകുന്നേരമാക്കി. വൈകുന്നേരം വീണ്ടും ശ്രമിച്ചു. അപ്പോൾ അവളുടെ ഉമ്മ ഫോണെടുത്തു. 'ഉമ്മാ റംലക്കൊന്ന് ഫോൺ കൊടുക്കുമോ?' ഞാൻ ചോദിച്ചു.

'മോളേ, അവളൊരു കടും കൈ ചെയ്തു. ഹോസ്പിറ്റലിലീണ്. ഇന്ന് ഞായറാഴ്ചയല്ലേ.. ഡോക്ടർമാരൊന്നും ഇവിടില്ല. ന്റെ കുട്ടിക്കു വേണ്ടി ദുആ ചെയ്യ് മോളേ..' ഫോൺ കട്ടായി. ഞാൻ കുറെ നേരം സ്തംഭിച്ചിരുന്നുപോയി. അവൾ പറഞ്ഞതു പോലെ തന്നെ ചെയ്തിരിക്കുന്നു! റംലയുടെ ചാറ്റുകൾ ഒന്നൊന്നായി തുറന്നു. പലപ്പോഴായി അവൾ വിട്ട വോയിസ്നോട്ടുകളുടെ ചുരുക്കം എന്നെ വേദനയിലാഴ്ത്തി. അഫ്സലായിരുന്നു അവളുടെ എല്ലാം. അവന്റെ കൂടെ ജീവിക്കാനുള്ള കൊതി മാത്രമേ ആ പാവത്തിനുണ്ടായിരുന്നുള്ളൂ. എന്നാൽ, അവന്റെ വീട്ടുകാർ പലപ്പോഴും അതിന് സമ്മതിക്കാതെ കുതന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു. മകൻ നാട്ടിൽ വന്നാലും കുടുംബസന്ദർശനത്തിനും മറ്റും പോകുമ്പോൾ റംലയെ വീട്ടിലാക്കി ഉപ്പയെയും ഉമ്മയെയും മാത്രം കൊണ്ടുപോയി. വീട്ടിലെ പണികളും മറ്റു കാരണങ്ങളും പറഞ്ഞ് അവർ മനപ്പൂർവ്വം അവളെ ഒഴിവാക്കി. അവർ ഒന്നിച്ചുള്ള യാത്രകളെല്ലാം വീട്ടുകാർ പലതും പറഞ്ഞു മുടക്കി. അഫ്സൽ ആരെയും എതിർത്തു സംസാരിക്കാതെ എല്ലാം അക്ഷരംപ്രതി അനുസരിച്ചു. റംലക്കു വേണ്ടി ഒന്നും കൊണ്ടുവന്നില്ല. എല്ലാവർക്കുമുള്ള സാധനങ്ങൾ ഒന്നൊന്നായി വീതം വെച്ചപ്പോഴും റംലക്കെന്ന പേരിൽ ഒരു പേന പോലും അവൻ കരുതിയില്ല. അവൾക്കതൊന്നും വേണ്ടിയിരുന്നില്ല താനും. സന്തോഷമുള്ള

**വിവാഹജീവിതം പോലെ മനോഹരമായ, മഹത്തായ ഒരു ജീവിതാനുഭവത്തെ ഭീതി നിറഞ്ഞൊരു ഘട്ടമായി മക്കളിൽ മുദ്രചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ ആരാകും? ഉപ്പാന്റെ നിയമങ്ങളാണ് വീടിന്റെ ഗതി നിർണ്ണയിക്കുന്നത്. ഉത്തരവാദിത്തമുള്ള ഉപ്പ ആദ്യം ചെയ്യേണ്ടത് തന്റെ കുഞ്ഞുങ്ങളുടെ ഉമ്മയെ സ്നേഹിക്കുക എന്നതു തന്നെയാണ്. അവർ തമ്മിലുള്ള ഐക്യം കൊണ്ടു മാത്രമേ കെട്ടുറപ്പുള്ള കുടുംബമുണ്ടാവൂ.**

ഒരു കുടുംബജീവിതം മാത്രമേ ആ കുട്ടി സ്വപ്നം കണ്ടിരുന്നുള്ളൂ! വീട്ടുകാർ പിണങ്ങുമെന്ന ഭയം അഫ്സലിനെ റംലയിലേക്കടുക്കുന്നത് തടഞ്ഞു. രണ്ടു വർഷം കൂടുമ്പോൾ കിട്ടുന്ന രണ്ടു മാസത്തെ ലീവ് അഫ്സൽ പെങ്ങന്മാർക്കും ഉമ്മാന്റെ അനിയത്തിമാർക്കും മറ്റും ചെലവഴിച്ച് തിരിച്ചുപോകുന്നത് റംല വേദനയോടെ നോക്കി നിന്നു. റംലക്ക് പാസ്സ്പോർട്ടിന് അപേക്ഷിക്കാനെന്ന വ്യാജേന അവളുടെ രേഖകളെല്ലാം ഉപ്പ കൈക്കലാക്കിയിരുന്നു. എന്നാൽ ആറു മാസം കഴിഞ്ഞിട്ടും പാസ്പോർട്ടിന്റെ നടപടികളൊന്നുമില്ലെന്നു കണ്ട് റംലയുടെ സഹോദരൻ അന്വേഷിച്ചപ്പോഴാണറിഞ്ഞത്, പാസ്സ്പോർട്ടിന് അപേക്ഷിച്ചിട്ടു പോലുമുണ്ടായിരുന്നില്ല! 'അവളുടെ മിസ്ഡ്കോൾ വരുമ്പോഴേക്ക് അങ്ങോട്ട് വിളിക്കാൻ നിക്കും നീ. ആണുങ്ങളെ വില കളയാനായിട്ട്' എന്നൊക്കെ അഫ്സലിനെ എപ്പോഴും ശകാരിച്ചു. ചുരുക്കിപ്പറഞ്ഞാൽ റംലയുടെ ഭർത്താവ് ഉപ്പയുടെ കൈയിലെ കളിപ്പാവയായിരുന്നു.

ഉപ്പയുടെ കടുത്ത നിയന്ത്രണങ്ങളും അഫ്സലിന്റെ അലംഭാവവും റംലയുടെ ജീവിതം തടസ്സപ്പെടുത്തി. അവൾ പലപ്പോഴും അവന്റെ കൂടെയുള്ള ഒരു നല്ല ജീവിതം സ്വപ്നം കണ്ടു മുന്നോട്ട് നീങ്ങി. അതിനിടെയാണ് അഫ്സലിന്റെ സുഹൃത്തിന്റെ ഭാര്യ വഴി അവിടെ മറ്റു ബന്ധങ്ങളുള്ളതായി അറിയുന്നത്. റംല തകർന്നു തരിപ്പണമായി!

മക്കളുടെ വരുമാനം മാത്രം മോഹിച്ച് അവരുടെ ഹലാലായ ബന്ധത്തെ അനുവദിച്ചുകൊടുക്കാതെ, ഭാര്യയെ കൂടെ കൊണ്ടുപോകാൻ അനുവദിക്കാതെ, അവരുടെ സ്വകാര്യനിമിഷങ്ങളിൽ അസ്വസ്ഥത പ്രകടിപ്പിക്കുകയും തടയുകയും അനാവശ്യമായി ശകാരിക്കുകയും ചെയ്യുന്ന, മാതാപിതാക്കൾ കൂടി ഉത്തരവാദികളല്ലേ ഈ സംഭവത്തിന്? നാട്ടിൽ വരുമ്പോൾ മാന്യനായി കാണപ്പെട്ട അഫ്സലിന് അവിടെയില്ലാത്ത ദുർനടപടികളൊന്നും ഉണ്ടായിരുന്നില്ല. അവനു വേണ്ടിയാണ് റംല കരളു പകുത്തു കാത്തിരുന്നത്. പിന്നീട് മരണം വരിച്ചതും! ഇത്തരത്തിൽ മക്കളും മരുമക്കളും ശപിക്കുന്ന മാതാപിതാക്കളാകാമോ നമ്മൾ? അതോ 'ഉപ്പയെ കുറച്ചുകാലം കൂടി നമ്മുടെ കൂടെ കിട്ടിയിരുന്നെങ്കിൽ' എന്നു പറയുന്നതോ? എല്ലാം തീരുമാനിക്കുന്നത് നമ്മുടെ വാക്കുകളും പ്രവൃത്തികളും നിയന്ത്രണങ്ങളുമാണ്. ഈ ഉപ്പ ആ നാട്ടിലെ പള്ളിക്കമ്മിറ്റിയിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന മനുഷ്യനും കൂടിയാണെന്നോർക്കണം. നിസ്കാരങ്ങളും മറ്റും മുറ പോലെ നിർവ്വഹിക്കുന്നവരായതുകൊണ്ടു മാത്രം കാര്യമുണ്ടോ? ഇത്തരം ഗുരുതരമായ പ്രശ്നങ്ങളിലും ജാഗ്രത പുലർത്തേണ്ടതില്ലേ?

ആത്മികം

സിയാദ് സഖാഫി പാറന്നൂർ

# റജബിലെ വിസ്മയ യാത്രകൾ

അനുഗ്രഹങ്ങൾ പെയ്തിറങ്ങുന്ന പുണ്യമാസമാണ് റജബ്. വിശ്വാസിഹൃദയങ്ങളിൽ സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും കിരണങ്ങൾ പ്രോജ്ജ്വലിക്കുന്ന വിശുദ്ധമാസം. നരകമോചനത്തിന്റെയും പാപമോചനത്തിന്റെയും മാസമായ റമളാനെ വരവേൽക്കുന്നതിനുള്ള ഭൗതികവും ആത്മീയവുമായ ഒരുക്കങ്ങൾക്ക് റജബിന്റെ വരവോടെ പ്രാരംഭം കുറിക്കുകയാണ്. യുദ്ധം നിഷിദ്ധമായ നാലു മാസങ്ങളിലൊന്നാണിത്.

റജബിൽ തുടങ്ങി ശഅ്ബാനിലൂടെ സഞ്ചരിച്ച് റമളാനിലൂടെ പാരമ്യതയിലെത്തുന്ന, മൂന്നുമാസത്തെ ആത്മീയക്യാമ്പയിനായിട്ടാണ് ഈ മൂന്നു മാസങ്ങളെ നബി(സ) പരിചയപ്പെടുത്തുന്നത്. ശാരീരികവും മാനസികവുമായ ശുദ്ധീകരണം നടത്തുക വഴി ഹൃദയം പ്രകാശിപ്പിക്കുന്നതിന്നുള്ള ഒട്ടനവധി അവസരങ്ങൾ പ്രസ്തുത മാസങ്ങളിലുണ്ട്.

ദുന്നൂനുൽമിസ്രി(റ) പറയുന്നു: 'റജബ് നടീൽമാസമാണ്. ശഅ്ബാൻ നനച്ചുകൊടുക്കുന്ന മാസവും റമളാൻ വിളവെടുപ്പുമാസവുമാണ്.'

കൃഷിയിറക്കിയാലാണല്ലോ വിളവെടുക്കൽ സാധിക്കുക. റജബിൽ പരമാവധി കൃഷി ചെയ്യാൻ ശ്രമിക്കണം. എങ്കിലേ ശഅ്ബാനിൽ നനച്ചുകൊടുക്കാനും റമളാനിൽ വിളവെടുപ്പു നടത്താനും സാധിക്കുകയുള്ളൂ.

മഹാന്മാർ പറഞ്ഞു: 'വർഷം ഒരു വൃക്ഷം പോലെയാണ്. റജബിൽ അത് തളിരിടുകയും ശഅ്ബാനിൽ കായ്ക്കുകയും റമളാനിൽ വിളവെടുക്കുകയും ചെയ്യുന്നു.' റജബ്, ശഅ്ബാൻ മാസങ്ങളിൽ നബി(സ) ബറകത്തിന്നായി ധാരാളം ദുആ ചെയ്യാറുണ്ടായിരുന്നു. മുഹർറം മാസത്തെപ്പോലെ റജബിനെയും അല്ലാഹുവിലേക്ക് ചേർത്തി 'അല്ലാഹുവിന്റെ മാസം' എന്ന് വിളിക്കാറുണ്ടായിരുന്നു. ഈ പ്രയോഗത്തിൽ നിന്നു തന്നെ റജബിന്റെ മഹത്വം മനസ്സിലാക്കാമല്ലോ. ഈ മാസത്തിലെ ആരാധനകൾക്ക് പതിന്മടങ്ങ് പ്രതിഫലം ലഭിക്കും. നോമ്പ്, സ്വലാത്ത്, ഇസ്തിഗ്ഫാർ തുടങ്ങിയ കർമ്മങ്ങൾ വർദ്ധിപ്പിക്കാൻ പ്രത്യേകം നിർദ്ദേശമുണ്ട്. 'റജബിലെ നോമ്പുകാർക്ക് സ്വർഗ്ഗത്തിൽ ഒരു കൊട്ടാരമുണ്ട്' എന്ന് ഇമാം ബൈഹഖി ഉദ്ധരിച്ച ഹദീസിൽ കാണാം. ഇതിലുപരി ഈ മാസത്തിന്റെ ഏറ്റവും വലിയ മഹത്വം പ്രവാചകരുടെ ജീവിതത്തിലെ അതിമഹത്തായ ഇസ്റാഅ്, മിഅ്റാജ് യാത്രക്ക് ഈ മാസം സാക്ഷിയായി എന്നതാണ്.

## റജബിലെ ആദ്യരാവ്

റജബിലെ ആദ്യരാവിൽ പ്രാർത്ഥനകൾക്ക് പെട്ടെന്ന് ഉത്തരം ലഭിക്കുമെന്ന് അനേകം പണ്ഡി



തന്മാർ പറഞ്ഞിട്ടുണ്ട്. ഇമാം ശാഫിഈ(റ) പറയുന്നു: ‘അഞ്ചു രാത്രികളിൽ ദുആഇന് ഉടൻ ഉത്തരം ലഭിക്കും. വെള്ളിയാഴ്ച രാവ്, ബലിപെരുന്നാൾ രാവ്, ചെറിയപെരുന്നാൾ രാവ്, റജബിലെ ഒന്നാം രാവ്, ശഅ്ബാൻ പകുതിയുടെ രാവ് എന്നിവയാണവ.’ (കിതാബുൽഉമ്മ്) പ്രസ്തുത രാവുകളിൽ ഈ പറയപ്പെട്ട പ്രത്യേകത ലഭിക്കണമെങ്കിൽ ദുആ സ്വീകരിക്കപ്പെടാനാവശ്യമായ മറ്റു നിബന്ധനകളും ആദാബുകളും പാലിക്കൽ അനിവാര്യമാണ്. ഇമാം റംലി(റ) റജബ് ഒന്നിന്റെ രാവിൽ പ്രത്യേകം ഇബാദത്തുകൾകൊണ്ട് സജീവമാക്കലും ഉറങ്ങാതിരിക്കലും സുന്നത്താണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. (നിഹായത്തുൽമുഹ്താജ് 2/397)

ഇമാം ഗസാലി(റ) പറയുന്നു: ‘റജബ് ഇരുപത്തിയേഴിന് വലിയ പവിത്രതയും മഹത്വവുമുണ്ട്.’ (ഇഹ്യാഉലൂമിദ്ദീൻ 1/361) ഈ ബഹുമാനം പരിഗണിച്ചാണ് നോമ്പനുഷ്ഠിക്കൽ സുന്നത്താണെന്ന് പറയുന്നത്. അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: ‘റജബ് ഇരുപത്തിയേഴിന് നോമ്പനുഷ്ഠിക്കുന്നവർക്ക് ആറുമാസം നോമ്പനുഷ്ഠിച്ച പ്രതിഫലം രേഖപ്പെടുത്തും.’ (ഇഹ്യാഉലൂമിദ്ദീൻ, ഗുൻയ) ‘മിഅ്റാജ് ദിവസത്തിൽ നോമ്പനുഷ്ഠിക്കൽ സുന്നത്താണ്.’ (ഹാശിയതുജമൽ 2/349, ഇആനത്തുത്വാലിബീൻ 2/264)

## മിഅ്റാജ് നോമ്പ്

നബി(സ)യുടെ ഔന്നത്യവും പ്രത്യേകതയും വ്യക്തമാക്കുന്ന മഹത്തായ സംഭവമായ ഇസ്റാഅ്-മിഅ്റാജിന് സാക്ഷിയായ റജബ് ഇരുപത്തിയേഴിന് അല്ലാഹുവിനോടുള്ള നന്ദിപ്രകടനമായി നോമ്പ് അനുഷ്ഠിക്കൽ സുന്നത്താണെന്ന് കർമശാസ്ത്ര പണ്ഡിതർ വിശദീകരിച്ചിട്ടുണ്ട്. മാത്രമല്ല, അറബിമാസത്തിലെ നോമ്പ് സുന്നത്തുള്ള അവസാന മൂന്നു (അയ്യാമുസ്സൂദ്) ദിവസങ്ങളിൽ പെട്ടതാണീ ദിനം.



ഇമാം ഗസാലി(റ) പറയുന്നു: ‘റജബ് ഇരുപത്തിയേഴിന് വലിയ പവിത്രതയും മഹത്വവുമുണ്ട്.’ (ഇഹ്യാഉലൂമിദ്ദീൻ 1/361) ഈ ബഹുമാനം പരിഗണിച്ചാണ് നോമ്പനുഷ്ഠിക്കൽ സുന്നത്താണെന്ന് പറയുന്നത്. അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: ‘റജബ് ഇരുപത്തിയേഴിന് നോമ്പനുഷ്ഠിക്കുന്നവർക്ക് ആറുമാസം നോമ്പനുഷ്ഠിച്ച പ്രതിഫലം രേഖപ്പെടുത്തും.’ (ഇഹ്യാഉലൂമിദ്ദീൻ, ഗുൻയ) ‘മിഅ്റാജ് ദിവസത്തിൽ നോമ്പനുഷ്ഠിക്കൽ സുന്നത്താണ്.’ (ഹാശിയതുജമൽ 2/349, ഇആനത്തുത്വാലിബീൻ 2/264)

## ഇസ്റാഉം മിഅ്റാജും

പ്രവാചകജീവിതത്തിലെ അത്യത്ഭുതകരമായ സംഭവമാണ് ഇസ്റാഉം മിഅ്റാജും. ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങൾ ആദ്യം രഹസ്യമായും പിന്നീട് പരസ്യമായും പുരോഗമിച്ചു. അതോടെ എതിരാളികളുടെ എതിർപ്പുകൾ കൂടിക്കൂടി വന്നു. ആളുകളുടെ ഇസ്ലാമിലേക്കുള്ള ഒഴുക്ക് വർദ്ധിക്കുന്നതിനനുസരിച്ച് പ്രതിയോഗികളുടെ എതിർപ്പുകളും കൂടിക്കൂടി വന്നു. ഈ ഘട്ടങ്ങളിലെല്ലാം പ്രവാചകർക്ക് താങ്ങും തണലുമായി നിലകൊണ്ടിരുന്ന രണ്ടുപേരുണ്ടായിരുന്നു; പ്രിയപത്നി ഖദീജ(റ)യും പിതൃവ്യൻ അബൂത്വാലിബും. നുബുവ്വത്ത് ലഭിച്ച് ഒരു ദശകം പൂർത്തിയാകുമ്പോഴേക്കും രണ്ടുപേരും ഇഹലോകവാസം വെടിഞ്ഞു.


ഈ വർഷത്തെ ചരിത്രകാരന്മാർ ആമുൽഹുസ്ൻ (ദുഃഖവർഷം) എന്നാണ് അടയാളപ്പെടുത്തിയത്. ആപൽഘട്ടങ്ങളിൽ തണലായി നിന്ന ഈ രണ്ടുപേരുടെയും വിയോഗം തിരുനബി(സ)യെ കുറച്ചൊന്നുമല്ല വേദനിപ്പിച്ചത്. അതോടൊപ്പം ആദർശശത്രുക്കളുടെ എതിർപ്പുകൾക്ക് ആക്കം കൂടുകയും ചെയ്തു. പ്രവാചകരെയും അനുയായികളെയും അവർ ബുദ്ധിമുട്ടിച്ചു. ഈ സന്ദർഭത്തിലാണ് തിരുനബി(സ)ക്ക് ആവേശവും ആശ്വാസവും നൽകുന്ന ഇസ്റാഅ്, മിഅറാജ് സംഭവം അരങ്ങേറിയത്. ഗുണപാഠപ്രദാനവും ആവേശകരവുമായ അത്യത്ഭുതകരമായ കാഴ്ചകൾക്ക് സാക്ഷിയായപ്പോൾ അവിടുത്തെ മനക്കരുത്തും ഉൾക്കാഴ്ചയും വർദ്ധിച്ചു.

അനന്തവിശാലമായ അത്ഭുതപ്രതിഭാസമാണ് പ്രപഞ്ചം. അതിന്റെ അതിർവരമ്പുകൾ കണ്ടെത്തുവാനോ പരിപൂർണ്ണമായി മനസ്സിലാക്കുവാനോ സാ

ധാരണ മനുഷ്യന് സാധ്യമല്ല. സ്രഷ്ടാവായ അല്ലാഹുവിന്റെ അപാരമായ അറിവിലും നിയന്ത്രണത്തിലും ഉൾപ്പെട്ടതാണിതെല്ലാം. എന്നാൽ, അല്ലാഹുവിന്റെ ഹബീബും സൃഷ്ടികളിൽ അത്യുൽകൃഷ്ടരുമായ തിരുനബി(സ)ക്ക് ഇതെല്ലാം നേരിൽ കാണിച്ചുകൊടുക്കാൻ ഒരു അവസരമൊരുക്കുകയായിരുന്നു ഈ യാത്രയിലൂടെ പ്രപഞ്ചനാഥൻ. പ്രവാചകർ(സ) മനുഷ്യനാണെങ്കിലും സാധാരണ മനുഷ്യനല്ലെന്ന് ഈ സംഭവത്തിലൂടെ റബ്ബ് ജനങ്ങളെ ബോധ്യപ്പെടുത്തുന്നു.

അല്ലാഹുവിന്റെ ഖലീലായ ഇബ്റാഹീംനബി(അ)ന് ആകാശഭൂമികളിലെ എല്ലാ പ്രതിഭാസങ്ങളും നേരിട്ട് ഭൂമിയിൽ നിന്ന് കാണിച്ചുകൊടുത്തിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: 'അപ്രകാരം ഇബ്റാഹീംനബി(അ)ന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുത്തു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയും കൂടിയാണിത്.' (അൻആം: 75)

ഖലീലിനെക്കാൾ സ്ഥാനം ഹബീബിനാണ്. ഇബ്റാഹീംനബി(അ)ന് ഭൂമിയിൽ നിന്നാണ് കാണിച്ചുകൊടുത്തതെങ്കിൽ അന്ത്യപ്രവാചകർ മുഹമ്മദ്നബി(സ)ക്ക് എല്ലാം നേരിട്ട് കാണിച്ചുകൊടുക്കുകയായിരുന്നു. കേവലം ഒരു ബഹിരാകാശയാത്ര മാത്രമായിരുന്നില്ല അത്. ഭൗതികലോകത്ത് ഒരാൾക്കും സാധിക്കാത്ത അല്ലാഹുവിന്റെ ദർശനം ഈ യാത്രയിൽ നബി(സ)ക്ക് സാധ്യമായി. അതിനുപുറമെ ഏഴാകാശങ്ങൾ, അർശ്, കുർസിയ്യ്, ലൗഹ്, ഖലം, സ്വർഗ്ഗം, നരകം തുടങ്ങി ധാരാളം ദൃഷ്ടാന്തങ്ങൾ അവിടുന്ന് ദർശിച്ചു. വൈജ്ഞാനികരംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാനും പ്രബോധന രംഗത്ത് സധൈര്യം മുന്നേറാനുമുള്ള മനക്കരുത്ത് ഇതുവഴി അല്ലാഹുവിന്റെ റസൂലിന് ലഭിച്ചു.



അനന്തവിശാലമായ അത്ഭുതപ്രതിഭാസമാണ് പ്രപഞ്ചം. അതിന്റെ അതിർവരമ്പുകൾ കണ്ടെത്തുവാനോ പരിപൂർണ്ണമായി മനസ്സിലാക്കുവാനോ സാധാരണ മനുഷ്യന് സാധ്യമല്ല. സ്രഷ്ടാവായ അല്ലാഹുവിന്റെ അപാരമായ അറിവിലും നിയന്ത്രണത്തിലും ഉൾപ്പെട്ടതാണിതെല്ലാം. എന്നാൽ, അല്ലാഹുവിന്റെ ഹബീബും സൃഷ്ടികളിൽ അത്യുൽകൃഷ്ടരുമായ തിരുനബി(സ)ക്ക് ഇതെല്ലാം നേരിൽ കാണിച്ചുകൊടുക്കാൻ ഒരു അവസരമൊരുക്കുകയായിരുന്നു ഈ യാത്രയിലൂടെ പ്രപഞ്ചനാഥൻ.

## എപ്പോഴായിരുന്നു യാത്ര?

പ്രവാചകത്വലബ്ധിക്ക് ശേഷമാണ് ഇസ്റാഅ്, മിഅ്റാജ് നടന്നതെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. എന്നാൽ, അതിന്റെ വർഷവും മാസവും ദിവസവും ഏതെന്നതിൽ വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. ഇബ്നുഹജർ അൽഅസ്ഖലാനി(റ) പറയുന്നു: 'ഇത് റജബ് മാസത്തിലാണെന്ന് മഹാന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇബ്നുഅബ്ദുൽബർ ഇത് ഉദ്ധരിച്ചിട്ടുണ്ട്. ഇമാം നവവി(റ) റൗളയിൽ ഇക്കാര്യത്തിൽ തീർപ്പു പറഞ്ഞിട്ടുണ്ട്.' ഇബ്നുകസീർ പറഞ്ഞു: 'റജബ് ഇരുപത്തിയേഴിന്റെ രാവിലാണ് ഈ സംഭവം നടന്നത്.' (അൽബിദായതുവന്നിഹായ 3/128) ഈ അഭിപ്രായം തന്നെയാണ് ധാരാളം പണ്ഡിതന്മാരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടത്.

സൈനി ദഹ്‌ലാൻ(റ) രേഖപ്പെടുത്തുന്നു: 'റജബ്മാസത്തിലാണ് ഇസ്റാഉം മിഅ്റാജും നടന്നതെന്ന അഭിപ്രായമാണ് പ്രസിദ്ധം. അതനുസരിച്ചാണ് ജനങ്ങളുടെ പ്രവർത്തനവും. നബി(സ)യുടെ ജന്മം, ഹിജ്റ, വഫാത്ത് എന്നിവയെല്ലാം തിങ്കളാഴ്ചരാവിൽ ആയിരുന്നല്ലോ. അതുപോലെ, ഇതും നടന്നത് ഒരു തിങ്കളാഴ്ചരാവിലാണ്.' (അസ്സീറത്തുന്നബവിയ്യ 1/278) ഹിജ്റയുടെ ഒരു വർഷം മുമ്പായിരുന്നു ഈ സംഭവമെന്നാണ് ധാരാളം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടത്. അല്ലാമാ ശർവാനി



എഴുതുന്നു: 'ഹിജ്റയുടെ ഒരു വർഷം മുമ്പാണ് ഇസ്റാഅ് മിഅ്റാജ്.' (ശർവാനി 1/416) ഇമാം നവവി(റ), ഇബ്നുസഅ്ദ്(റ) ഉൾപ്പെടെയുള്ള പണ്ഡിതന്മാർ പറഞ്ഞ അഭിപ്രായവും ഇതുതന്നെയാണ്. (ഫത്ഹുൽബാരി 9/67) ലോകചരിത്രത്തിൽ ഈ രാത്രിയെപ്പോലെ സംഭവബഹുലമായ മറ്റൊരു രാത്രി ഉണ്ടായിട്ടില്ല. അങ്ങനെ ഒരു ദിനം ഇനി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കേണ്ടതുമില്ല. നബി(സ)യുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യമുള്ള ദിവസമാണ് ഇസ്റാഅ്, മിഅ്റാജ് നടന്ന രാത്രി.

## ഇസ്റാഅ് എന്നാൽ

നിശാപ്രയാണം എന്നാണ് ഈ പദത്തിനർത്ഥം. മുഹമ്മദ്നബി(സ) വിശുദ്ധ മക്കയിലെ മസ്ജിദുൽഹറാമിൽ നിന്ന് ഫലസ്തീനിലെ മസ്ജിദുൽഅഖ്സ വരെ നടത്തിയ രാപ്രയാണമാണ് ഇസ്റാഅ്. രാത്രിയിലെ ചുരുങ്ങിയ സമയംകൊണ്ടാണ് സുദീർഘമായ ഈ യാത്ര നടത്തിയത്. തിരുനബി(സ) ശരീരസഹിതം നടത്തിയ ഈ യാത്ര തീർത്തും അവിടുത്തെ അമാനുഷിക സവിശേഷതകളിലൊന്നാണ്. അല്ലാഹു പറയുന്നു: 'നമ്മുടെ ചില ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുന്നതിന്നായി തന്റെ ദാസനെ മസ്ജിദുൽഹറാമിൽ നിന്ന് ചുറ്റുഭാഗവും അനുഗൃഹീതമായ മസ്ജിദുൽഅഖ്സയിലേക്ക് രാപ്രയാണം സടത്തിയവൻ എത്ര പരിശുദ്ധൻ! എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണവൻ.' (സൂറത്തുൽഇസ്റാഅ് 1)

പ്രസ്തുത സംഭവം ചുരുക്കത്തിൽ ഇങ്ങനെ വായിക്കാം: ജിബ്‌രീൽ(അ) പ്രവാചകരെ സമീപിച്ച് ഒരു നിശായാത്രയ്ക്ക് തയ്യാറെടുക്കാൻ ആവശ്യപ്പെട്ടു. മസ്ജിദുൽഹറാമിൽ നിന്ന്, അല്ലെങ്കിൽ അബൂത്വാലിബിന്റെ പുത്രി ഉമ്മുഹാനിഇന്റെ വീട്ടിൽ നിന്നാണ് ഈ യാത്ര ആരംഭിച്ചത്. അത്യുന്നത തലങ്ങളിലേക്ക് ആദരിച്ചുകൊണ്ടുപോകാൻ അല്ലാഹു ഒരു പ്രത്യേകതരം വാഹനത്തെ കൊടുത്തയച്ചിരുന്നു. ബുറാഖ് എന്നു പേരുള്ള ഈ അത്ഭുതവാഹനത്തിന്റെ പുറത്തേറി മസ്ജിദുൽഅഖ്സ ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. അവിടെ തിരുനബി(സ) പൂർവ്വപ്രവാചകന്മാരായ ഇബ്റാഹീം(അ), മൂസ(അ), ഈസ(അ) എന്നിവരോടൊന്നിച്ച് നിസ്കാരം നിർവഹിച്ചു. അമ്പിയാമുർസലുകൾക്ക് ഇമാമായിട്ടാണ് അവിടുന്ന് നിസ്കരിച്ചത്. ഈ നിസ്കാരം ആകാശത്തേക്ക് കയറുന്നതിനു മുമ്പാണോ ശേഷമാണോ എന്ന കാര്യത്തിൽ വീക്ഷണവ്യത്യാസങ്ങളുണ്ട്. ബൈത്തുൽമുഖദ്ദസിൽ വച്ചായിരുന്നു ഈ നിസ്കാരം എന്നാണ് ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നത്.

അല്ലാമ ഇബ്നുകസീർ എഴുതുന്നു: 'ആകാശങ്ങളിൽ പോയി ബൈത്തുൽമുഖദ്ദസിൽ തിരിച്ചെത്തിയ ശേഷമായിരുന്നു നിസ്കാരം നടന്നതെന്ന വീക്ഷണമാണ് പ്രബലം. കാരണം, ഓരോ ആകാശത്തിലും നിലകൊണ്ടിരുന്ന പ്രവാചകന്മാരുടെ സമീപത്തുകൂടെ നബി(സ) കടന്നുപോയപ്പോൾ അവരെക്കുറിച്ച് ജിബ്‌രീലിനോട് അന്വേഷിക്കുകയും ജിബിരീൽ(അ) അവരെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. തിരുനബി(സ)ക്കും സമുദായത്തിനും അല്ലാഹു ഉദ്ദേശിച്ച കാര്യം (നിസ്കാരം) സമ്മാനിക്കുന്നതിനു വേണ്ടി അല്ലാഹു ഉദ്ദേശിച്ച സ്ഥലത്ത് ചെല്ലുവാനാണ് നബി(സ) ക്ഷണിക്കപ്പെട്ടത്. പ്രസ്തുത കൃത്യനിർവഹണത്തിനു ശേഷം നബി(സ)യും മറ്റു പ്രവാചകരും ബൈത്തുൽമുഖദ്ദസിൽ ഒരുമിച്ചുകൂടുകയാണുണ്ടായത്. അവിടുത്തെ ഔന്നത്യവും ശ്രേഷ്ഠതയും ജിബ്‌രീൽ(അ) അവർക്ക് വിവരിച്ചുകൊടുത്തു. അങ്ങനെ അവർക്കെല്ലാം ഇമാമായി തിരുനബി(സ) നിസ്കരിച്ചു. പിന്നീട് ബൈത്തുൽമുഖദ്ദസിൽ നിന്ന് മക്കയിലേക്ക് ബുറാഖ് എന്ന വാഹനത്തിലേറി മടങ്ങി. (ഇബ്നുകസീർ 3/363)

ബൈത്തുൽ മുഖദ്ദസിലെത്തുന്നതിനു മുമ്പ് ജിബ്‌രീൽ(അ)ന്റെ നിർദ്ദേശപ്രകാരം ഏതാനും സ്ഥലങ്ങളിൽ ഇറങ്ങി നിസ്കരിച്ചതായി ഇമാം ബൈഹഖി, ത്വബ്റാനി എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആദ്യം നിസ്കരിച്ചത് മദീനയിലും, പിന്നീട് മൂസാനബി(അ) മിസ്റിൽനിന്നു പുറപ്പെടുമ്പോൾ തണൽ കൊള്ളാനിരുന്ന മദ്‌യൻ പ്രദേശത്തെ മരച്ചുവട്ടിലും, ശേഷം മൂസാനബി(അ) അല്ലാഹുവുമായി സംസാരിച്ച തൂരിസീന പർവ്വതത്തിലുമായിരുന്നു നിസ്കാരം നിർവഹിച്ചത്. പിന്നീട് ഈസാനബി(അ)ന്റെ ജന്മസ്ഥലമായ ബൈത്തുല്ലഹ്മിലും ഇറങ്ങി നിസ്കരിച്ചു. (അൽബിദായതുവന്നിഹായ 3/42) സുപ്രധാന സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച സ്ഥലങ്ങൾക്കും ആസാറുകൾക്കും പ്രത്യേക പരിഗണനയുണ്ടെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. മറ്റനേകം പ്രധാനസ്ഥലങ്ങളുണ്ടായിട്ടും അവിടെയൊന്നും ഇറങ്ങാതെ ഈ സ്ഥലങ്ങൾ മാത്രം തെരഞ്ഞെടുത്തത് യാദൃച്ഛികമല്ലെന്നും മനസ്സിലാക്കാം.

## മൂസാനബി(അ)യുടെ നിസ്കാരം

മൂസാനബി(അ) ഖബ്റിൽ വച്ച് നിസ്കരിക്കുന്നത് പ്രസ്തുത യാത്രയിൽ ഞാൻ കണ്ടുവെന്ന് ഇമാം മുസ്‌ലിം(റ) ഉദ്ധരിച്ച ഹദീ

യാത്ര തുടങ്ങുന്നതിന്റെ മുന്നോടിയായി ജിബ്രീൽ(അ) നബി(സ)യുടെ നെഞ്ചുപിളർത്തി ഹൃദയം പുറത്തെടുത്ത് കഴുകി ശുദ്ധിയാക്കിയിട്ടുണ്ട്. സംസം വെള്ളം ഉപയോഗിച്ചുകൊണ്ടായിരുന്നു ശുദ്ധീകരണം. മുമ്പും പലതവണ ഇങ്ങനെ ഉണ്ടായിട്ടുണ്ട്. പ്രപഞ്ചനാഥനെ നേരിട്ടു കാണാനും സംസാരിക്കാനും ലഭിച്ച അസുലഭ മുഹൂർത്തത്തിനു വേണ്ടി ശാരീരികമായ ശുദ്ധി വരുത്താനായിരുന്നു ഇതെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നുണ്ട്.

സിൽ വന്നിട്ടുണ്ട്. 'ഇസ്റാഇന്റെ രാത്രി ചുവന്ന മണൽക്കുന്നിനു സമീപമുള്ള മൂസാനബി(അ)ന്റെ ഖബറിനരികിലൂടെ ഞാൻ കടന്നുപോയി. അപ്പോൾ മൂസാനബി(അ) ഖബറിനുള്ളിൽ വെച്ച് നിസ്കരിക്കുകയായിരുന്നു.' (മുസ്‌ലിം 4379) പ്രധാന യാത്രക്കൊരുങ്ങുമ്പോൾ മഹാന്മാരെ സന്ദർശിക്കലും അവരുടെ പൊരുത്തം വാങ്ങലും നല്ലതാണെന്ന് പ്രവാചകർ(സ) ഇതിലൂടെ പഠിപ്പിച്ചു തന്നു. മഹാന്മാരുടെ ശരീരം ഖബറിൽ ജീർണിക്കുകയില്ലെന്നും അവർ ആരാധനാനിരതരാണെന്നും ഈ സംഭവം ബോധ്യപ്പെടുത്തുന്നുണ്ട്.

യാത്ര തുടങ്ങുന്നതിന്റെ മുന്നോടിയായി ജിബ്രീൽ(അ) നബി(സ)യുടെ നെഞ്ചുപിളർത്തി ഹൃദയം പുറത്തെടുത്ത് കഴുകി ശുദ്ധിയാക്കിയിട്ടുണ്ട്. സംസം വെള്ളം ഉപയോഗിച്ചുകൊണ്ടായിരുന്നു ശുദ്ധീകരണം. മുമ്പും പലതവണ ഇങ്ങനെ ഉണ്ടായിട്ടുണ്ട്. പ്രപഞ്ചനാഥനെ നേരിട്ടു കാണാനും സംസാരിക്കാനും ലഭിച്ച അസുലഭ മുഹൂർത്തത്തിനു വേണ്ടി ശാരീരികമായ ശുദ്ധി വരുത്താനായിരുന്നു ഇതെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നുണ്ട്.

## ശരീരസഹിതം തന്നെ

ഇസ്റാഅ്, മിഅ്റാജ് യാത്ര നബി(സ)യുടെ ഭൗതികശരീരസഹിതം തന്നെയായിരുന്നു; കേവലം സ്വപ്നദർശനമോ ആത്മീയാനുഭൂതിയോ ആയിരുന്നില്ല. ആത്മാവ് ഉൾക്കൊള്ളുന്ന ഭൗതികശരീരം ഉണർന്നിരിക്കെ തന്നെയായിരുന്നു ഈ യാത്ര. അർഥശങ്കയ്ക്കിടയില്ലാത്ത വിധം ധാരാളം തെളിവുകൾ ഇതിനുദ്ധരിക്കാൻ കഴിയും. പ്രസ്തുത സംഭവം പരാമർശിക്കുന്ന വചനത്തിന്റെ തുടക്കത്തിൽ തന്നെ ഖുർആൻ 'സുബ്ഹാന' എന്ന പദമാണ് ഉപയോഗിച്ചത്. അത്ഭുതം പ്രകടിപ്പിക്കാനാണ് ഈ പദം ഉപയോഗിക്കുന്നത്. ഒരു സ്വപ്നദർശനം മാത്രമായിരുന്നെങ്കിൽ അതിൽ അത്ഭുതം പ്രകടിപ്പിക്കേണ്ടതില്ലല്ലോ.

ആയത്തിൽ പ്രയോഗിച്ച 'ബി അബ്ദിഹി' എന്ന പദം ഭൗതികശരീരവും ആത്മാവും കൂടിയതിനാണ് ഉപയോഗിക്കാറുള്ളത്. അല്ലാമ ഇബ്നു കസീർ എഴുതുന്നു: 'നിശ്ചയം, 'അബ്ദ്' എന്നത് ശരീരവും ആത്മാവും ഉൾക്കൊള്ളുന്നതിനാണ് പ്രയോഗിക്കാറ്.' (ഇബ്നുകസീർ 2/267) പ്രസ്തുത വചനത്തിലുള്ള 'അസ്റാ' എന്ന പദത്തിന്റെ അർഥം 'രാത്രിയിൽ നടത്തി' എന്നാണ്. വീണ്ടും 'ലൈലൻ' എന്നുകൂടി പറഞ്ഞത് വളരെ ചുരുങ്ങിയ സമയത്തിനുള്ളിലാണിത് നടന്നതെന്ന് സൂചിപ്പിക്കാനാണ്.

പ്രസ്തുത യാത്ര കഴിഞ്ഞ് മക്കയിലെത്തി കാര്യം അവതരിപ്പിച്ചപ്പോൾ ശത്രുക്കൾ പ്രവാചകരെ പരിഹസിച്ചു. പലരും ദീനിൽ നിന്ന് പുറത്തുപോകാൻ വരെ ഇത് കാരണമായി. എന്നാൽ വിശ്വാസികൾക്ക് അവരുടെ വിശ്വാസം വർദ്ധിക്കുകയാണുണ്ടായത്. എതിർപ്പുകളും പരിഹാസങ്ങളും ഏറ്റുവാങ്ങേണ്ടി വന്നതും ബുറാഖ് എന്ന സവിശേഷ വാഹനം നൽകിയതും ഇത് കേവലം സ്വപ്നദർശമല്ലെന്ന സൂചനയാണ് നൽകുന്നത്.

## മിഅ്റാജ്

നബി(സ) മസ്ജിദുൽഅഖ്സയിൽ നിന്ന് ഏഴാകാശത്തിലേക്കും സിദ്റത്തുൽമുൻതഹയിലേക്കും അതിനുശേഷം അല്ലാഹു ഉദ്ദേശിച്ച സ്ഥലങ്ങളിലേക്കും നടത്തിയ രാപ്രയാണമാണ് മിഅ്റാജ്. ഇസ്റാഇനു ശേഷമായിരുന്നു ഇത്. വലതുഭാഗത്ത് ജിബ്രീലും(അ), ഇടതുഭാഗത്ത് മീകാഈലുമാണ്(അ) സഹയാത്രികരായി ഉണ്ടായിരുന്നത്. ഈ യാത്ര അല്ലാഹു പ്രത്യേകം സംവിധാനിച്ച ഒരു ഗോവണിയിലൂടെയായിരുന്നുവെന്നും ബുറാഖിലായിരുന്നില്ലെന്നും കാണാം. പ്രസ്തുത ഗോവണി വെള്ളികൊണ്ടോ സ്വർണ്ണം കൊണ്ടോ നിർമ്മിതമാണെന്നും ഹദീസിൽ വന്നിട്ടുണ്ട്. 'അത് മുത്തുകളാൽ അലങ്കരിക്കപ്പെട്ടിരുന്നു. വലതുഭാഗത്തും ഇടതുഭാഗത്തും മലക്കുകളുണ്ടായിരുന്നു.' (ഫത്ഹുൽബാരി 9/25)

മനുഷ്യന് ആഖിറത്തിൽ അല്ലാഹു നൽകുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് അല്ലാഹുവിനെ കണ്ടുമുട്ടാനുള്ള അവസരം. ഈ മഹത്തായ അനുഗ്രഹം പ്രസ്തുത രാത്രിയിൽ നബി(സ)ക്ക് അല്ലാഹു നൽകി. ഇമാം നവവി(റ) പറയുന്നു: 'ബഹുഭൂരിഭാഗം പണ്ഡിതന്മാരും പ്രബലപ്പെടുത്തിയ വീക്ഷണം ഇസ്റാഇന്റെ രാത്രിയിൽ നബി(സ) രക്ഷിതാവിനെ നേത്രങ്ങൾകൊണ്ട് നേരിൽ ദർശിച്ചു എന്നതാണ്. ഇബ്നുഅബ്ബാസ്(റ)വും മറ്റു പണ്ഡിതരും ഉദ്ധരിച്ച ഹദീസുകളാണ് ഇതിനാധാരം. ഇത്തരം വിഷയങ്ങൾ നബി(സ)യിൽ നിന്നു നേരിട്ടു കേട്ടാലല്ലാതെ അവർ സ്ഥിരീകരിക്കുകയില്ല. ഇതിൽ സംശയം പ്രകടിപ്പിക്കൽ അനുയോജ്യമല്ല. (ശറഹുമുസ്‌ലിം 11/2)

സ്നേഹതീരം

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# ആതുരസേവനം വിശ്വാസിയുടെ ദിനചര്യ



ഇസ്‌ലാം സാമൂഹ്യസേവനത്തിനും സന്നദ്ധപ്രവർത്തനത്തിനും വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. സ്വന്തം സമുദായത്തോട് സഹാനുഭൂതി വച്ചുപുലർത്താനും മറ്റു മനുഷ്യരോട് അനുകമ്പ പ്രകടിപ്പിക്കാനും ഇസ്‌ലാം പഠിപ്പിക്കുന്നു. സേവനത്തെ മനുഷ്യന്റെ ധാർമ്മിക ഉത്തരവാദിത്തമായാണ് മതം പരിചയപ്പെടുത്തുന്നത്. എല്ലാ സേവനവും ദാനമാണ്. ദാനമാകട്ടെ, പുണ്യകർമവും.

ജനസേവനത്തിനുള്ള മാർഗ്ഗങ്ങൾ ഒട്ടേറെയുണ്ട്. അതിൽ ഏറെ പ്രധാനമാണ് ആതുരസേവനം. ആതുരസേവന ചികിത്സാരംഗങ്ങളിൽ പൈതൃകമുള്ള മതമാണ് ഇസ്‌ലാം. മനുഷ്യന്റെ ആത്മീയ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്നതോടൊപ്പം മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ സർവ്വ കാര്യങ്ങളും ഇസ്‌ലാം നിർദ്ദേശിച്ചിട്ടുണ്ട്.

രോഗങ്ങൾ ചെറുക്കുകയും പ്രതിരോധ ചികിത്സാവിധികൾ തേടുകയും ചെയ്യണമെന്നു പഠിപ്പിച്ച ഇസ്‌ലാം, രോഗസമയത്തുള്ള ആരാധനകളിൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുമുണ്ട്. ‘നിങ്ങൾ രോഗികളാവുകയോ യാത്രയിലാവുകയോ ചെയ്താൽ – അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം നടത്തുകയോ, സ്ത്രീകളുമായി സമ്പർക്കത്തിലേർപ്പെടുകയോ ചെയ്യുകയും – എന്നിട്ട് നിങ്ങൾക്ക് ജലം കിട്ടാതിരിക്കുകയും ചെയ്താൽ നിങ്ങൾ ശുദ്ധിയുള്ള മണ്ണ് തേടിക്കൊള്ളുക.’ (നിസാഅ്: 43) ‘നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ അത്രയും എണ്ണം നോമ്പനുഷ്ഠിക്കണം.’ (അൽബഖറ: 174) ‘നിങ്ങളിലാരെങ്കിലും രോഗിയാവുകയോ, തലയിൽ വല്ല പ്രയാസവും അനുഭവപ്പെടുകയോ ചെയ്താൽ മുടിനീക്കുന്നതിനുള്ള പ്രായശ്ചിത്തമായി നോമ്പോ ദാനധർമ്മമോ ബലികർമ്മമോ നിർവഹിച്ചാൽ മതിയാകും.’ (അൽബഖറ: 196) തുടങ്ങിയ സൂക്തങ്ങളെല്ലാം വ്യത്യസ്ത ആരാധനകളിൽ രോഗികൾക്കുള്ള ഇളവുകൾ വ്യക്തമാക്കുന്നവയാണ്. രോഗികളെ പ്രത്യേകം പരിഗണിച്ചും സാധാരണ ജീവിതത്തിൽ ചില ഇളവുകൾ നൽകിയും ആതുരസേവനരംഗം സക്രിയമാക്കണമെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു.

## രോഗം ഒരനുഗ്രഹം

രോഗങ്ങൾ വരുമ്പോൾ നിരാശയും വെപ്രാളവും പൊറുതികേടും കാണിക്കുന്നതിനു പകരം സ്രഷ്ടാവിലുള്ള പ്രതീക്ഷ കൈവിടാതെ സഹനം കൈക്കൊള്ളുകയാണ് വേണ്ടത്. വളരെ പെട്ടെന്ന് നമ്മെ അന്യരുടെ ആശ്രയത്വത്തിലേക്ക് എത്തിക്കുകയും ശാരീരികവും മാനസികവുമായി നാം തളർന്നുപോവുകയും ചെയ്യുന്ന വിഷമാവസ്ഥയാണല്ലോ രോഗങ്ങൾ സൃഷ്ടിക്കുന്നത്. രോഗത്തെ ദുരിതമോ ശിക്ഷയോ ആയി

കാണുന്ന ചിലരുണ്ടെന്നത് വാസ്തവമാണ്. എന്നാൽ, ഇലാഹീ വ്യവസ്ഥയുടെ ഭാഗമായുള്ള പരീക്ഷണമായിട്ടാണ് വിശ്വാസികൾ അതിനെ പരിഗണിക്കേണ്ടത്. അങ്ങനെ കാണാൻ കഴിഞ്ഞാൽ ഇഹത്തിലും പരത്തിലും അത് ഗുണകരമായിത്തീരും.

രോഗം സത്യവിശ്വാസിക്ക് അനുഗ്രഹമാണെന്നാണ് ഹദീസുകളിലുള്ളത്. ഇബ്നുമസ്ഊദ്(റ) നിവേദനം. റസൂൽ(സ) ശക്തമായ പനി പിടിപെട്ട് കിടക്കുന്ന സന്ദർഭത്തിൽ ഞാൻ ചെന്നു പറഞ്ഞു: 'കഠിനമായ ഈ പനി അങ്ങേക്ക് ഇരട്ടി പ്രതിഫലം ലഭിക്കാനായിരിക്കുമല്ലോ.' 'രോഗം ബാധിച്ചാൽ മരത്തിൽനിന്ന് കരിയിലകൾ കൊഴിഞ്ഞുപോകുന്നതുപോലെ രോഗിയിൽ നിന്ന് പാപങ്ങൾ കൊഴിഞ്ഞുകൊണ്ടിരിക്കും' എന്നായിരുന്നു തിരുനബി(സ)യുടെ പ്രതികരണം. (ബുഖാരി)

രോഗങ്ങളോ മറ്റു പരീക്ഷണങ്ങളോ നേരിടുകയും അതിൽ ക്ഷമ കൈക്കൊള്ളാൻ സാധിക്കുകയും ചെയ്യുന്നത് അല്ലാഹു നമ്മോട് കാണിക്കുന്ന സ്നേഹത്തിന്റെ സൂചനയാണ്. അനസ്(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'പ്രതിഫലത്തിന്റെ വർദ്ധനവ് പരീക്ഷണത്തിന്റെ വലുപ്പമനുസരിച്ചാണ്. അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷണങ്ങൾക്ക് വിധേയരാക്കും. അതിൽ തൃപ്തിപ്പെടുന്നവർക്ക് അല്ലാഹുവിന്റെ തൃപ്തി ലഭിക്കും, അതൃപ്തി കാണിച്ചാലോ, അല്ലാഹുവിന്റെ കോപത്തിനു വിധേയരാവുകയും ചെയ്യും.'(തിർമുദി) പരീക്ഷണങ്ങൾ അല്ലാഹുവിന്റെ സ്നേഹം സമ്പാദിക്കാനുള്ള അവസരമാണെന്ന ബോധ്യം തന്നെയാണ് വിശ്വാസിക്കു വേണ്ടത്. നബി(സ)പറഞ്ഞു: 'അല്ലാഹു ഒരടിമക്ക് നന്മ ഉദ്ദേശിച്ചാൽ ഇഹലോകത്ത് അവനെ വേഗത്തിൽ പരീക്ഷണ വിധേയനാക്കും.' (തിർമുദി)

## തവക്കുൽ, ചികിത്സ


കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിക്കുന്നതിനോടൊപ്പം രോഗത്തിനു ചികിത്സ നടത്തണമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ഉസാമതുബ്നു ശരീക്(റ) പറയുന്നു: 'ഞാൻ നബി(സ)യുടെ അടുത്ത് ചെന്നു, അപ്പോൾ സ്വഹാബികൾ അവിടെ നിശ്ശബ്ദരായി ഇരിക്കുകയായിരുന്നു. ഞാൻ സലാം പറഞ്ഞ ശേഷം അവിടെ ഇരുന്നു. ഉടനെ ഏതാനും ഗ്രാമീണർ അവിടെ വന്ന് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ വൈദ്യചികിത്സ നടത്തണോ?' അവിടുന്ന് മറുപടി നൽകി: 'വൈദ്യചികിത്സ നടത്തുക. പ്രതിവിധി നിശ്ചയിക്കാതെ അല്ലാഹു ഒരു രോഗവും ഉണ്ടാക്കിയിട്ടില്ല; വാർദ്ധക്യമൊഴികെ.' (അബൂദാവൂദ്)

അബുദ്ദർദ്ദാഅ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'നിശ്ചയം, അല്ലാഹു മരുന്നും രോഗവും ഇറക്കിയിട്ടുണ്ട്. എല്ലാ രോഗത്തിനും അല്ലാഹു മരുന്നു നിശ്ചയിച്ചിട്ടുമുണ്ട്. അതിനാൽ നിങ്ങൾ ചികിത്സിക്കുവിൻ. എന്നാൽ, നിങ്ങൾ നിഷിദ്ധകാര്യങ്ങൾ കൊണ്ട് ചികിത്സിക്കരുത്.' (അബൂദാവൂദ്: 3874)

## എളുപ്പമല്ല!

ആതുരസേവനം ഏറെ ദുഷ്കരമായ ജോലിയാണ്. മാനസികമായും വൈകാരികമായും ഏറെ വെല്ലുവിളികൾ നിറഞ്ഞ മേഖലയാണത്. ആഗോളതലത്തിൽ മൂന്ന് ഡോക്ടർമാരിൽ ഒരാൾ അമിതമായ മാനസിക സമ്മർദ്ദം അനുഭവിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ പറയുന്നത്. മെഡിക്കൽ വിദ്യാർത്ഥികൾക്കിടയിൽ നാലിൽ മൂന്ന് പേർ ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതായും പഠനങ്ങൾ വ്യക്തമാക്കുന്നു. രോഗികളുമായി നേരിട്ട് ഇടപെടുമ്പോൾ അതീവ ഗുരുതരമായ രോഗാവസ്ഥകളും മരണനിമിഷങ്ങളും കൺമുമ്പിൽ കാണുന്ന സാഹചര്യമുണ്ടാകും. ആരും പതറിപ്പോകുന്ന സാഹചര്യങ്ങളാണവ. ഇത്തരം കടുത്ത മാനസിക സംഘർഷങ്ങൾ കാ

രോഗങ്ങളിൽ ക്ഷമ കൈക്കൊള്ളാൻ സാധിക്കുന്നത് അല്ലാഹു നമ്മോട് കാണിക്കുന്ന സ്നേഹത്തിന്റെ സൂചനയാണ്. അനസ്(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'പ്രതിഫലത്തിന്റെ വർദ്ധനവ് പരീക്ഷണത്തിന്റെ വലുപ്പമനുസരിച്ചാണ്. അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷണങ്ങൾക്ക് വിധേയരാക്കും. അതിൽ തൃപ്തിപ്പെടുന്നവർക്ക് അല്ലാഹുവിന്റെ തൃപ്തി ലഭിക്കും, അതൃപ്തി കാണിച്ചാലോ, അല്ലാഹുവിന്റെ കോപത്തിനു വിധേയരാവുകയും ചെയ്യും.'(തിർമുദി)



രണം പലരും പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നുവെന്നും മറ്റു ചിലരിൽ ആത്മഹത്യാചിന്തകൾ വരെയുണ്ടാകുന്നുവെന്നുമാണ് പഠനങ്ങൾ പറയുന്നത്.

എത്ര ആത്മാർത്ഥമായി പരിശ്രമിച്ചിട്ടും ഒരു രോഗിയുടെ ജീവൻ രക്ഷിക്കാനായില്ലെങ്കിൽ കടുത്ത മാനസിക വിഷമം നേരിടുന്ന ഡോക്ടർമാരുണ്ട്. ആ പ്രശ്നങ്ങൾ ചിലപ്പോൾ മാസങ്ങളോളം നീണ്ടു നിൽക്കുകയും വിവിധതരം ട്രോമകളിലേക്ക് നയിക്കുകയും ചെയ്യും. ആത്മാർത്ഥത തീരെയില്ലാതെ പണത്തിനു വേണ്ടി മാത്രം പണിയെടുക്കുന്ന ചിലരും ഈ വിഭാഗത്തിലുണ്ടെന്നത് പറയാതെ വയ്യ. രോഗത്തെയും രോഗിയെയും ചൂഷണോപാധിയായി കാണുകയും ജീവച്ഛവം കണക്കെ ആശുപത്രിക്കിടക്കയിൽ നരകയാതന അനുഭവിക്കുന്നവരെ ദയാദാക്ഷിണ്യമില്ലാതെ സമീപിക്കുകയും ചെയ്യുന്ന ചിലരെങ്കിലുമുണ്ടെന്നതും വസ്തുതയാണ്.

ആതുരസേവനരംഗം ഏറെ ദുഷ്കരമാണെങ്കിലും ആരോഗ്യ രംഗത്ത് ഇസ്‌ലാമിക നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ട മുൻഗാമികൾ ആശുപത്രികൾ പണിയാനും വൈദ്യവിദ്യാകേന്ദ്രങ്ങൾ നിർമ്മിക്കാനും അതിവിദഗ്ധരായ ഭിഷഗ്വരന്മാരെ വാർത്തെടുക്കാനും നിരന്തര ശ്രമങ്ങൾ നടത്തിയിട്ടുണ്ട് എന്നതാണ് ചരിത്രം. ആരോഗ്യ പരിപാലനം, സാധുജന സംരക്ഷണം, രോഗികൾക്കും അവശർക്കും സാന്ത്വനം എന്നീ ലക്ഷ്യങ്ങളോടെയാണ് അക്കാലത്ത് ആശുപത്രികൾ സ്ഥാപിതമായത്. യൂറോപ്പ് ആരോഗ്യ രംഗത്ത് പിച്ചവെച്ചു തുടങ്ങുന്നതിനു നൂറ്റാണ്ടുകൾ മുമ്പ് മുസ്‌ലിം ഭരണകൂടങ്ങൾ ആതുര-ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

## ഇസ്‌ലാമിന്റെ ദീർഘവീക്ഷണം

ഇസ്‌ലാമിന്റെ തുടക്കകാലങ്ങളിൽ സ്ഥാപിതമായ ആശുപത്രികളിൽ സേവനമനുഷ്ഠിച്ച ഭിഷഗ്വരന്മാരും പരിചാരകരും

**ആഗോളതലത്തിൽ മൂന്ന് ഡോക്ടർമാരിൽ ഒരാൾ അമിതമായ മാനസിക സമ്മർദ്ദം അനുഭവിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ പറയുന്നത്. മെഡിക്കൽ വിദ്യാർത്ഥികൾക്കിടയിൽ നാലിൽ മൂന്ന് പേർ ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതായും പഠനങ്ങൾ വ്യക്തമാക്കുന്നു. രോഗികളുമായി നേരിട്ട് ഇടപെടുമ്പോൾ അതീവഗുരുതരമായ രോഗാവസ്ഥകളും മരണനിമിഷങ്ങളും കൺമുമ്പിൽ കാണുന്ന സാഹചര്യമുണ്ടാകും. ആരും പതറിപ്പോകുന്ന സാഹചര്യങ്ങളാണവ.**



സഹാനുഭൂതിയുടെയും ആർദ്രതയുടെയും ഉദാത്ത മാതൃകകളായിരുന്നു. ഏത് രോഗിക്കും ഏതു നേരത്തും കടന്നുവരാവുന്നതും പൂർണ സുഖം പ്രാപിച്ച് സ്വമനസ്സാലെ ആശുപത്രി വിടാവുന്നതുമായ രീതിയാണ് അവർ സ്വീകരിച്ചിരുന്നത്.

അമവി ഖലീഫ വലീദുബ്നു അബ്ദുൽ മലികിന്റെ ഭരണകാലത്ത് (ക്രി 705-715) കുഷ്ഠരോഗ ചികിത്സക്കായി സ്പെഷ്യൽ ആശുപത്രി സ്ഥാപിതമായിരുന്നു. 'ബീമാരിസ്ഥാൻ' എന്ന പേരിലാണ് അക്കാലത്ത് ആശുപത്രികൾ അറിയപ്പെട്ടിരുന്നത്. ബഗ്ദാദിലെ അളുദി ആശുപത്രി (ക്രി. 981), ദമസ്കസിലെ നൂരി ആശുപത്രി (ക്രി. 1154), കെയ്റോയിലെ മൻസൂരി ആശുപത്രി (ക്രി. 1284) എന്നിവ അക്കാലത്തെ പ്രസിദ്ധ ആശുപത്രികളായിരുന്നു. ആധുനിക കാലഘട്ടത്തിലെ മെഡിക്കൽകോളേജുകൾ പോലെ എല്ലാ സൗകര്യങ്ങളും

**സ്ത്രീകൾക്കും പുരുഷന്മാർക്കും ചികിത്സക്കും വിശ്രമത്തിനും അക്കാലത്ത് പ്രത്യേകം വാർഡുകളുണ്ടായിരുന്നു. മാനസികരോഗികൾക്കും പകർച്ചവ്യാധി പിടിപ്പെട്ടവർക്കും നേത്രരോഗികൾക്കും ചർമരോഗികൾക്കും പ്രത്യേകം വിഭാഗങ്ങളും ഓരോ വിഭാഗത്തിലും വൈദഗ്ധ്യം നേടിയ ഡോക്ടർമാരും നഴ്സുമാരുമുണ്ടായിരുന്നു. ചികിത്സാരേഖകൾ സൂക്ഷിക്കുന്ന സംവിധാനമേർപ്പെടുത്താനും അവർ ശ്രദ്ധിച്ചിരുന്നു. ഡോക്ടർമാരുടെ നേതൃത്വത്തിൽ മെഡിക്കൽവിദ്യാർഥികളായിരുന്നു ഇവ കൈകാര്യം ചെയ്തിരുന്നത്.**



ഒത്തിണങ്ങിയ സമ്പൂർണസ്ഥാപനങ്ങൾ തന്നെയായിരുന്നു അവയിലധികവും. സുൽത്താൻ നൂറുദ്ദീൻ മഹമൂദിന്റെ ഭരണകാലത്ത് ദമസ്കസിൽ സ്ഥാപിതമായ ആശുപത്രിയും കെയ്റോയിൽ മൻസൂർ സൈഫുദ്ദീൻ ഖലാവൂൻ സ്ഥാപിച്ച ആശുപത്രിയും ഏറെ മികവുപുലർത്തുന്നതായിരുന്നു. മൊറോക്കോയിൽ മൻസൂർ അബൂയൂസുഫ് യഅ്ഖൂബ് സ്ഥാപിച്ച ആശുപത്രി ശിൽപചാരുതയിലും സംവിധാനങ്ങളിലും വേറിട്ടുനിന്ന ആതുരാലയമായിരുന്നു.

പല ആശുപത്രികളുടെയും കാമ്പസിൽ ഔഷധച്ചെടികളും പൂന്തോട്ടങ്ങളും ആശുപത്രിക്കകത്ത് കൊച്ചുജലാശയങ്ങളും ഉണ്ടായിരുന്നു. ദേശാന്തരയാത്രകൾ നടത്തിയ ഇബ്നുജുബൈർ തന്റെ സഞ്ചാരകൃതികളിൽ ചില മുസ്‌ലിം രാജ്യങ്ങളിൽ കാണാൻ കഴിഞ്ഞ സമ്പൂർണ മെഡിക്കൽ ഗ്രാമങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. പ്രമുഖ ലോകസഞ്ചാരി ഇബ്നുബതൂത്തയും ബാഗ്ദാദിലുണ്ടായിരുന്ന ആശുപത്രിയുടെ മേന്മയും മനോഹാരിതയും ശിൽപഭംഗിയും വിവരണാതീതമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ആശുപത്രികളിൽ ജനറൽ മെഡിസിനു പുറമെ എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകം ഡിപ്പാർട്ട്മെന്റുകളുമുണ്ടായിരുന്നു. സുൽത്താൻ മഹ്മൂദ് സൽജൂകിയുടെ ഭരണകാലത്ത് നാല്പത് ഒട്ടകങ്ങളുടെ പുറത്ത് മരുന്നുകളും ഉപകരണങ്ങളും ചുമന്ന് നാടുനീളെ ചികിത്സാസൗകര്യമൊരുക്കുന്ന ചലിക്കുന്ന ആശുപത്രികളുമുണ്ടായിരുന്നു. രോഗികൾക്കും മാറാവ്യാധികൾക്കടിപ്പെട്ടവർക്കും ചികിത്സയും ഭക്ഷണവും വസ്ത്രവും നൽകി അവരെ പുനരധിവസിപ്പിക്കാൻ അക്കാലത്ത് മുസ്‌ലിം ഭരണകൂടങ്ങൾ പ്രത്യേക ശ്രദ്ധ കാണിച്ചിരുന്നു.

സ്ത്രീകൾക്കും പുരുഷന്മാർക്കും ചികിത്സക്കും വിശ്രമത്തിനും അക്കാലത്ത് പ്രത്യേകം വാർഡുകളുണ്ടായിരുന്നു. മാനസികരോഗികൾക്കും പകർച്ചവ്യാധി പിടിപ്പെട്ടവർക്കും നേത്രരോഗികൾക്കും ചർമരോഗികൾക്കും പ്രത്യേകം വിഭാഗങ്ങളും ഓരോ വിഭാഗത്തിലും വൈദഗ്ധ്യം നേടിയ ഡോക്ടർമാരും നഴ്സുമാരുമുണ്ടായിരുന്നു. രോഗികളുടെ ചികിത്സാരേഖകൾ സൂക്ഷിക്കുന്ന സംവിധാനമേർപ്പെടുത്താനും അവർ ശ്രദ്ധിച്ചിരുന്നു. ഡോക്ടർമാരുടെ നേതൃത്വത്തിൽ മെഡിക്കൽവിദ്യാർഥികളായിരുന്നു ഇവ കൈകാര്യം ചെയ്തിരുന്നത്.

സൗജന്യചികിത്സക്കു പുറമെ, സുഖം പ്രാപിച്ചുപോകുന്ന രോഗികൾക്ക് ആശുപത്രികൾ രണ്ടാഴ്ചത്തേക്കുള്ള ഭക്ഷ്യവിഭവങ്ങളും പണക്കിഴിയും നൽകിയിരുന്നു. അബ്ബാസിയ്യ ഭരണകാലത്ത് ഡോക്ടർമാർക്ക് പരീക്ഷ നടത്തി അർഹതയുള്ളവർക്കു മാത്രം ലൈസൻസ് നൽകാൻ നിർദേശം നൽകിയതുമുതലാണ് ചികിത്സക്ക് ലൈസൻസ് നിർബന്ധമായത്. രോഗികളുടെ ഉള്ളറിഞ്ഞും അവരുടെ വ്യക്തിത്വസവിശേഷതകൾ തിരിച്ചറിഞ്ഞുമായിരുന്നു ചികിത്സിച്ചിരുന്നത്.

മുഹമ്മദ് പാറന്നൂർ

# ഖൈബറിൽ നിന്നു വന്ന സന്തോഷവാർത്ത

മക്കയിലാണെങ്കിലും മനസ്സ് മദീനയിലാണ്. റസൂലുല്ലാഹിയും സംഘവും സന്ധിവ്യവസ്ഥ പ്രകാരം ഹുദൈബിയ്യയിൽ നിന്ന് തിരിച്ചുപോയിട്ട് എന്തൊക്കെയാണാവോ വിശേഷങ്ങൾ? റസൂലുല്ലാഹിയുടെ മനസ്സ് നൊന്തുപോയോ? മക്കയിലെ പിടിവാശിക്കാരോട് അവിടുത്തേക്ക് വെറുപ്പുണ്ടായോ? അനുയായികളോടവിടുന്ന് എന്തൊക്കെയാണാവോ പറഞ്ഞിട്ടുണ്ടാവുക? അനുയായികളുടെ പ്രതികരണം എന്തായിരുന്നാവോ? ഉംറ ചെയ്യാമെന്ന് പറഞ്ഞ് കൂട്ടിക്കൊണ്ടുവന്നിട്ട് നിരാശരായി തിരിച്ചുപോകേണ്ടി വന്നപ്പോൾ അവർ റസൂലുല്ലാഹിയോട് പ്രതിഷേധിച്ചോ? അങ്ങനെയൊന്നും ഉണ്ടാവാൻ വഴിയില്ല. അത്രയും ബഹുമാനവും ആദരവും അനുസരണവുമാണല്ലോ അനുയായികൾക്ക് ആ നേതാവിനോട്. മക്കയിൽ നിന്ന് അനുരഞ്ജന സംഭാഷണത്തിനു പോയ ഖുറൈശീനേതാക്കളൊക്കെ നേരിൽ കണ്ടു മനസ്സിലാക്കിയതാണല്ലോ അവിടുത്തെ അനുയായികളുടെ സ്നേഹവും അനുസരണവുമെല്ലാം. തിരിച്ചുവന്ന് അവർ നൽകിയ ദൃക്സാക്ഷി വിവരണങ്ങൾ ആരൊക്കെയോ പറയുന്നത് കേട്ടല്ലോ, തങ്ങളുടെ നേതാവിന്റെ ശരീരത്തിൽ എതിരാളികളുടെ കൈ സ്പർശിക്കുന്നതു പോലും അവർക്ക് സഹിക്കുകയില്ലെന്ന്. മക്കയിലെ നേതാക്കളിലൊരാളായ ഉർവ റസൂലുല്ലാഹിയുടെ താടിരോമത്തിൽ തലോടിയപ്പോൾ അനുയായികളിൽ ഒരാൾ ആ കൈ തട്ടിമാറ്റിയ സംഭവവും പറഞ്ഞുകേട്ടു.

**റസൂലുല്ലാഹിയും സംഘവും ഖൈബറിലേക്ക് തിരിച്ചിട്ടുണ്ടത്രെ; ജൂതക്കോട്ടകൾ തകർക്കാൻ! കഴിയുമോ അവർക്കതിന്? മക്കയിലിപ്പോൾ സംസാരവിഷയം അതാണ്. ഖൈബറിലെ ജൂതന്മാർ അതിശക്തരാണ്. അവരുടെയത്ര കെൽപ്പുറ്റ സൈന്യം ഇന്ന് അറേബ്യയിൽ മറ്റാർക്കുമില്ല. അവരുടെ ശക്തിദുർഗങ്ങൾ ആർക്കും തകർക്കാനാവില്ലെന്നാണ് വിശ്വാസം.**


വാർത്തകൾ പലതും പിന്നെയും വന്നുകൊണ്ടിരുന്നു. യസ്രിബിലേക്കു തിരിച്ചുവെച്ചിരിക്കുകയാണല്ലോ മനസ്സ്. റസൂലുല്ലാഹിയും സംഘവും ഖൈബറിലേക്ക് തിരിച്ചിട്ടുണ്ടത്രെ; ജൂതക്കോട്ടകൾ തകർക്കാൻ! കഴിയുമോ അവർക്കതിന്? മക്കയിലിപ്പോൾ സംസാരവിഷയം അതാണ്. ഖൈബറിലെ ജൂതന്മാർ അതിശക്തരാണ്. അവരുടെയത്ര കെൽപ്പുറ്റ സൈന്യം ഇന്ന് അറേബ്യയിൽ മറ്റാർക്കുമില്ല. അവരുടെ ശക്തിദുർഗങ്ങൾ ആർക്കും തകർക്കാനാവില്ലെന്നാണ് വിശ്വാസം. യസ്രിബിൽ നിന്ന് നാടുകടത്തപ്പെട്ട ജൂതന്മാരെല്ലാം വമ്പിച്ച സമ്പത്തുമായി അടിഞ്ഞുകൂടിക്കിടക്കുന്നതവിടെയാണ്. പോരാത്തതിന് അവർക്ക് അതിശക്തരായ ഗത്ഫാൻ ഗോത്രക്കാരുടെ സഹായവുമുണ്ടാകും. ഗത്ഫാൻ ഗോത്രത്തെ നേരത്തെ ഖുറൈശികൾക്കൊപ്പം യസ്രിബിലേക്ക് ഇളക്കിവിട്ടത് ജൂതന്മാരാണല്ലോ. യസ്രിബിൽ റസൂലുല്ലാഹിക്കും അനുയായികൾക്കും സ്വൈരം കൊടുക്കരുതെന്ന വാശിയുമായി കഴിയുകയാണ് ജൂതന്മാർ. അവരെ ഒതുക്കിയില്ലെങ്കിൽ സമാധാനമു

ണ്ടാവില്ലെന്ന് തിരിച്ചറിഞ്ഞാണത്രെ റസൂലുല്ലാഹി ഇപ്പോൾ സൈന്യവുമായി അങ്ങോട്ട് പുറപ്പെട്ടത്.

'അങ്ങനെ വരട്ടെ, നമ്മോട് കളിക്കുന്നതുപോലെയാവില്ല ഖൈബറിലെ ജൂതന്മാരോട് കളിച്ചാൽ. മുഹമ്മദിനെയും അനുയായികളെയും അവർ ഒതുക്കിക്കൊള്ളും. പടകൂട്ടി വേഗം തന്നെ പോയ്ക്കോട്ടെ, സർവ്വനാശത്തിലേക്ക്! പതിനായിരം സൈനികരുണ്ടത്രെ ഖൈബർകാർക്ക്. കൂടാതെ, ഗത്ഫാൻകാരുടെ നാലായിരവും. തങ്ങളെ സഹായിക്കുന്നതിന് ജൂതനേതാവ് കിനാന അവർക്ക് വാഗ്ദാനം ചെയ്തത് ഖൈബറിൽ ആ വർഷം വിളയുന്ന മൊത്തം ഈത്തപ്പഴത്തിന്റെ പകുതിയാണത്രെ. അങ്ങനെ പതിനാലായിരത്തിന്റെ വായിലേക്ക് മുഹമ്മദിന്റെ ആയിരമോ രണ്ടായിരമോ ചെന്നാൽ പെട്ടതുതന്നെ! ഒരെണ്ണത്തിനു പോലും തിരിച്ചുപോകാൻ കഴിഞ്ഞെന്നു വരില്ല.'

മക്കയിലെ ജനങ്ങളുടെ ഇത്തരം വർത്തമാനങ്ങൾ കേട്ടപ്പോൾ ചങ്കിടിപ്പേറി. റസൂലുല്ലാഹിയുടെ പുറപ്പാട് ഒരു മഹാദുരന്തമായിപ്പോകുമോ? ചിന്തകൾ ഇത്രയുമായപ്പോൾ മനസ്സ് സമാധാനം കൊണ്ടു. ഹേയ്, അങ്ങനെ ഒരിക്കലും സംഭവിക്കില്ല. അവിടുന്ന് അല്ലാഹുവിന്റെ റസൂലാണല്ലോ. നാഥന്റെ അനുവാദമില്ലാതെ അവിടുന്ന് സൈന്യത്തെ നയിച്ചുപോകില്ല. അദൃശ്യശക്തിയുടെ കരുത്താൽ നയിക്കപ്പെടുകയാണല്ലോ അവിടുന്ന്. ആ ശക്തി അവരെ നാശത്തിലേക്ക് കൊണ്ടുപോകില്ല. രക്ഷാമാർഗ്ഗങ്ങൾ ആ ശക്തി തുറന്നുകൊടുക്കാതിരിക്കില്ല.

ഖുറൈശികൾ ആകെ സന്തോഷത്തിലാണെന്ന് സഹോദരീഭർത്താവിന്റെ വാക്കുകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അടുത്തവർഷം മക്കയിലേക്ക് ഉംറക്കു വരാൻ കരാർ പ്രകാരം യസ്രിബുകാർക്ക് അനുവാദം കൊടുത്തതാണല്ലോ ഖുറൈശികൾ. അവർ വരുന്ന കാര്യത്തിൽ ഖുറൈശികളിൽ പലർക്കും വല്ലാത്ത വിഷമവുമുണ്ടായിരുന്നു. ഇപ്പോൾ അവർ സന്തോഷത്തിലാണ്. 'ജൂതന്മാരോട് പടപൊരുതാൻ പോയാൽ അവർ പിന്നെ തിരിച്ചു പോകില്ല. പിന്നാലെ മക്കയിലേക്ക് വരും?! ജനങ്ങളേ, സന്തോഷിച്ചു കൊള്ളുക; ഇതാ മുഹമ്മദിന്റെയും



**ഒരു സുപ്രഭാതത്തിൽ പുതിയ വാർത്തകളുമായാണ് ചില ഖാഫിലകൾ മക്കയിലെത്തിയത്. മുഹമ്മദ് ഖൈബർകോട്ടകൾ കീഴടക്കിയിരിക്കുന്നു! ജൂതന്മാർ അടിയറവു പറഞ്ഞിരിക്കുന്നു. എല്ലാവർക്കും അത്ഭുതം! ആർക്കും തകർക്കാൻ കഴിയില്ലെന്നു വിശ്വസിച്ചിരുന്ന ജൂതകോട്ടകൾ യസ്രിബുകാരുടെ കൈക്കരുത്തിനു മുമ്പിൽ തകർന്നടിഞ്ഞിരിക്കുന്നു!**

കൂട്ടുകാരുടെയും അന്ത്യമടുത്തിരിക്കുന്നു. ശല്യമൊഴിയാൻ പോകുന്നു.'

ചിലരുടെ ഇത്തരം വർത്തമാനങ്ങൾക്ക് മറ്റുചിലർ മറുപടി പറയുന്നതു കേട്ടു: 'അങ്ങനെയങ്ങ് സന്തോഷിക്കുകയൊന്നും വേണ്ട. ആള് മുഹമ്മദാണ്; അത്ഭുതം കാണിക്കുന്നയാൾ! മുമ്പ് പലവട്ടം നാമത് കണ്ടതാണല്ലോ. എന്തെങ്കിലും അത്ഭുതകരമായ വഴിയിലൂടെ അവർ രക്ഷപ്പെടാതിരിക്കില്ല.' ഇങ്ങനെ പലതരം സംവാദങ്ങൾ.

ഏതായാലും മനസ്സിന് ഒരു സമാധാനമുണ്ടായിരുന്നില്ല. മുഹമ്മദ്റസൂലുല്ലാഹിക്ക് ഒന്നും സംഭവിക്കില്ലെന്ന് മനസ്സ് പറയുന്നുണ്ട്. എന്നാലും!

അങ്ങനെ ദിവസങ്ങൾ കടന്നു പോയി. വാർത്തകൾക്കായി മനം വെമ്പൽ കൊള്ളുകയായിരുന്നു. ഒരു സുപ്രഭാതത്തിൽ പുതിയ വാർത്തകളുമായാണ് ചില ഖാഫിലകൾ മക്കയിലെത്തിയത്. മുഹമ്മദ് ഖൈ



ബർകോട്ടകൾ കീഴടക്കിയിരിക്കുന്നു! ജൂതന്മാർ അടിയറവു പറഞ്ഞിരിക്കുന്നു.

എല്ലാവർക്കും അത്ഭുതം! ആർക്കും തകർക്കാൻ കഴിയില്ലെന്നു വിശ്വസിച്ചിരുന്ന ജൂതകോട്ടകൾ യസ്‌രിബുകാരുടെ കൈക്കരുത്തിനു മുമ്പിൽ തകർന്നടിഞ്ഞിരിക്കുന്നു!

ചിലർ പറഞ്ഞു: 'അത് കൈക്കരുത്തല്ല; മറ്റെന്തോ കരുത്താണ്. ബദ്റിൽ നാമത് കണ്ടതാണല്ലോ.'

വേറെ ചിലർ പറഞ്ഞു: 'അങ്ങനെയൊന്നുമല്ല. ജൂതന്മാർക്കിടയിലെ യോജിപ്പില്ലായ്മയാണ് അവരുടെ പരാജയത്തിനു കാരണം.'

മറ്റുചിലർ പറഞ്ഞു: 'അതല്ല, സഹായം സമയത്തിനെത്താത്തതുകൊണ്ടാണ്.'

'ങേ, ഗത്ഫാൻ ഗോത്രം വാഗ്ദത്തം ലംഘിച്ചെന്നോ?'

'എങ്ങനെ ലംഘിക്കാതിരിക്കും! ജീവനിൽ കൊതിയില്ലാത്തവരുണ്ടാകില്ലല്ലോ.'

'അതെന്താ ഇപ്പോൾ അങ്ങനെ? മരണം മുന്നിൽ കണ്ടല്ലേ യുദ്ധത്തിനു പുറപ്പെടുന്നത്?'

'എന്നാലും... പറഞ്ഞുകേട്ടതാണ്, നാലായിരം സൈനികരുമായി ഗത്ഫാൻനേതാക്കൾ പുറപ്പെട്ടിരുന്നത്രെ. ഒരു രാത്രി പിന്നിട്ടപ്പോൾ ഒരശരീരി അവരുടെ കാതുകളിൽ മുഴങ്ങിക്കേട്ടത്രെ: 'നിങ്ങളുടെ ജനങ്ങൾ...! നിങ്ങളുടെ ജനങ്ങൾ...! നിങ്ങളുടെ ജനങ്ങൾ...!' എന്ന് ആരോ വിളിച്ചുപറയുന്നു. ആ ശബ്ദം ആകാശത്തുനിന്നാണോ ഭൂമിയിൽ നിന്നാണോ എന്നൊന്നും വ്യക്തമല്ല. എല്ലാവരും കേട്ടിട്ടുണ്ട് വ്യക്തമായ ആ വാക്കുകൾ. അതോടെ എല്ലാ സൈനികരുടെയും മനസ്സിൽ കുടുംബത്തെക്കുറിച്ചുള്ള ചിന്തയുണർന്നു. അവർക്ക് എന്തെങ്കിലും സംഭവിച്ചോ എന്ന ഭീതിയായി. എങ്ങനെയെങ്കിലും വീട്ടിലെത്തണമെന്ന വ്യഗ്രതയായി. അവരെ പിടിച്ചുനിർത്താൻ പിന്നെ സേനാമേധാവികൾക്കൊന്നും കഴിഞ്ഞില്ല. വീട്ടിൽ ചെന്നു നോക്കുമ്പോഴോ, എല്ലാവരും സുരക്ഷിതരാണ്. ആർക്കും ഒന്നും സംഭവിച്ചിട്ടില്ല. പക്ഷേ, തിരിച്ചുപോന്നവരാരും പിന്നെ വീണ്ടും യുദ്ധഭൂമിയിലേക്കു പുറപ്പെടാൻ തയ്യാറായില്ലത്രെ.'

'കേൾക്കാൻ രസമുണ്ടല്ലോ! നാലായിരം സൈനികരുമായെത്താമെന്നാണല്ലോ ഗത്ഫാൻ ഗോത്രം കരാർ ചെയ്തിരുന്നത്. യസ്‌രിബിൽനിന്നു പോയത് ആയിരത്തിഅറുനൂറല്ലേ? അവരോടെതിരിടാൻ പതിനായിരം ജൂതന്മാർ പോരായിരുന്നോ? എന്നിട്ടും തോറ്റു തുന്നംപാടിപ്പോയെന്നോ? ഈ മുഹമ്മദിന്റെ കാര്യം അത്ഭുതം തന്നെ!'

**നാലായിരം സൈനികരുമായി ഗത്ഫാൻനേതാക്കൾ പുറപ്പെട്ടിരുന്നത്രെ. ഒരു രാത്രി പിന്നിട്ടപ്പോൾ ഒരശരീരി അവരുടെ കാതുകളിൽ മുഴങ്ങിക്കേട്ടത്രെ: 'നിങ്ങളുടെ ജനങ്ങൾ...! നിങ്ങളുടെ ജനങ്ങൾ...! നിങ്ങളുടെ ജനങ്ങൾ...!' എന്ന് ആരോ വിളിച്ചു പറയുന്നു. ആ ശബ്ദം ആകാശത്തുനിന്നാണോ ഭൂമിയിൽ നിന്നാണോ എന്നൊന്നും വ്യക്തമല്ല. എല്ലാവരും കേട്ടിട്ടുണ്ട് വ്യക്തമായ ആ വാക്കുകൾ.**

വാർത്തകളറിഞ്ഞപ്പോൾ മനസ്സ് സന്തോഷം കൊണ്ട് തുള്ളിച്ചാടി. വീട്ടിൽ അന്ന് നല്ലൊരാഘോഷം തന്നെയായിരുന്നു. എല്ലാവരും വലിയ സന്തോഷത്തിലായിരുന്നല്ലോ. അതിനിടെ വേറൊരു വാർത്തയും കേട്ടു; ഖൈബർയുദ്ധത്തിൽ മരണപ്പെട്ട ജൂതനേതാവ് കിനാനയുടെ വിധവയെ റസൂലുല്ലാഹി വിവാഹം കഴിച്ചിരിക്കുന്നുവത്രെ! അതു കേട്ടപ്പോൾ മനസ്സൊന്നു വാടി. മോഹസാഫല്യത്തിന് അതൊരു തടസ്സമായിത്തീരുമോ?

ആ വിവാഹത്തിൽ കുറ്റം പറയാനൊന്നുമില്ല. രാജ്ഞിയെപ്പോലെ ജീവിച്ചവരാണത്രെ കിനാനയുടെ വിധവ സ്വഫിയ്യ. അവർ തടവുകാരിയായി പിടിക്കപ്പെട്ടപ്പോൾ റസൂലുല്ലാഹി രക്ഷയ്ക്കെത്തിയതാണ്. അത്തരമൊരു പെണ്ണ് റസൂലുല്ലാഹിക്കല്ലാതെ ചേരുകയില്ലല്ലോ. ഇപ്പോൾ അവരും കൂടി റസൂലുല്ലാഹിയുടെ ഭാര്യാപാദത്തിൽ എത്തിയിരിക്കുകയാണ്. ഇനി ഈ പാവപ്പെട്ടവളുടെ മോഹം പൂവണിയുമോ? എനിക്കുവേണ്ടിയുള്ള അപേക്ഷ അവിടുന്ന് കൈക്കൊള്ളുമോ? (തുടരും)

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# സ്വർണക്കുറി

*ചോദ്യം: നിലവിലുള്ള ഭാര്യയുടെ അനിയത്തിയെയും (സഹോദരി) കൂടി നികാഹ് ചെയ്യുന്നതിന്റെ വിധിയെന്താണ്? രണ്ടുപേരെയും ഒന്നിച്ച് നികാഹ് ചെയ്യാൻ പാടില്ലെന്ന് കേട്ടിട്ടുണ്ട്. എന്നാൽ നികാഹ് ചെയ്ത സ്ത്രീയിൽ കുട്ടികൾ ജനിച്ചതിനു ശേഷം അവളുടെ അനിയത്തിയെ നികാഹ് ചെയ്യാമോ?*

**ഉത്തരം:** നിലവിലുള്ള ഭാര്യയുടെ അനിയത്തിയെ (സഹോദരിയെ) നികാഹ് ചെയ്യൽ അനുവദനീയമല്ല. സഹോദരികളായ രണ്ടു സ്ത്രീകളെ ഒന്നിച്ച് നികാഹ് ചെയ്യൽ മാത്രമല്ല; ഒരു സ്ത്രീ ഭാര്യയായി നിലനിൽക്കെ അവളുടെ സഹോദരിയെ നികാഹ് ചെയ്യലും അനുവദനീയമല്ല. ആദ്യ ഭാര്യയിൽ മക്കൾ ജനിച്ചതിനുശേഷമാണെങ്കിലും അത് പറ്റില്ല.

സഹോദരികളായ രണ്ടു സ്ത്രീകളെ ഒന്നിച്ച് നികാഹ് ചെയ്താൽ രണ്ടുപേരുടെയും നികാഹ് ബാത്വിലാണ്. ഒരാളെ നികാഹ് ചെയ്തതിനുശേഷം അവളുടെ സഹോദരിയെ നികാഹ് ചെയ്യുകയാണെങ്കിൽ ഒന്നാം നികാഹ് സ്വഹീഹും രണ്ടാം നികാഹ് ബാത്വിലുമാണ്. എന്നാൽ, നിലവിലുള്ള ഭാര്യയെ തിരിച്ചെടുക്കാൻ കഴിയാത്ത വിധം വിവാഹമോചനം ചെയ്താൽ അവളുടെ സഹോദരിയെ നികാഹ് ചെയ്യാവുന്നതാണ്. തിരിച്ചെടുക്കാൻ കഴിയുന്ന വിധം ത്വലാഖ് ചൊല്ലിയതാണെങ്കിൽ ആ ത്വലാഖിന്റെ ഇദ്ദ അവസാനിച്ചതിനുശേഷം അവളുടെ സഹോദരിയെ നികാഹ് ചെയ്യാവുന്നതാണ്. ഫത്ഹുൽമുഈൻ ഉൾപ്പെടെയുള്ള പ്രമുഖ ഗ്രന്ഥങ്ങളിലെല്ലാം ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. സഹോദരിമാരായ രണ്ടുപേരെ ഭാര്യമാരായി ഒരുമിച്ചു കൂട്ടാൻ പറ്റില്ലെന്ന് വിശുദ്ധ ഖുർആൻ 4:23ൽ പറഞ്ഞിട്ടുണ്ട്.

*ചോദ്യം: ഒരു സ്ത്രീയുടെ പിതാവും പിതാമഹനും ജീവിച്ചിരിപ്പില്ല. വകതിരിവെത്തിയ സഹോദരനുണ്ട്. പക്ഷേ, പ്രായപൂർത്തിയായിട്ടില്ല. ആ സഹോദരൻ അവളെ നികാഹ് ചെയ്തു കൊടുക്കാമോ? നികാഹിന്റെ അധികാരമുണ്ടാവണമെങ്കിൽ പ്രായപൂർത്തി ആവണമെന്നുണ്ടോ?*

**ഉത്തരം:** ഉണ്ട്. നികാഹ് ചെയ്തു കൊടുക്കാനുള്ള അധികാരത്തിന് പ്രായപൂർത്തി നിർബന്ധമാണ്. വകതിരിവ് മതിയാവുകയില്ല. (ഫത്ഹുൽമുഈൻ 357, തുഹ്ഫ 7/253)

*ചോദ്യം: ഒരു സ്ത്രീയെ നികാഹ് ചെയ്തു കൊടുക്കാനുള്ള അവകാശം വലിയ പിതൃസഹോദര പുത്രനാണുള്ളത്. ആ പിതൃസഹോദര പുത്രൻ തന്നെ അവളെ നികാഹ് ചെയ്യുകയാണെങ്കിൽ ആരാണ് നികാഹ് ചെയ്തു കൊടുക്കേണ്ടത്?*

**ഉത്തരം:** ഒന്നിലേറെ പിതൃസഹോദരപുത്രന്മാരുണ്ടെങ്കിൽ അവളെ നികാഹ് ചെയ്യുന്ന വരൻ അല്ലാത്ത മറ്റൊരു സഹോദരപുത്രനാണ് നികാഹ് ചെയ്തു കൊടുക്കേണ്ടത്. അങ്ങനെയില്ലെങ്കിൽ ഖാളിയാണ് അവളെ അവന് നികാഹ് ചെയ്തു കൊടുക്കേണ്ടത്. (ഫത്ഹുൽമുഈൻ 362, തുഹ്ഫ 7/274)

*ചോദ്യം: ഒരു സ്ത്രീയുടെ പിതാവ് വർഷങ്ങൾക്കു മുമ്പ് നാടുവിട്ടുപോയതാണ്. എവിടെയാണെന്നറിയില്ല. മരണ വിവരവുമില്ല. അവളുടെ പിതാവിന്റെ ഉപ്പ ജീവിച്ചിരിപ്പുണ്ട്. ആ വല്യുപ്പ അവളെ നികാഹ് ചെയ്തുകൊടുത്താൽ ശരിയാകുമോ?*

**ഉത്തരം:** ഉപ്പയുടെ ഉപ്പയല്ല; ഖാളിയാണ് അവളെ നികാഹ് ചെയ്തു കൊടുക്കേണ്ടതായ വലിയ്യ്. (ഫത്ഹുൽമുഈൻ 362, തുഹ്ഫ 7/259)

*ചോദ്യം: ഒരു സ്ത്രീയും പുരുഷനും ഭാര്യഭർത്താക്കളായി ജീവിക്കുന്നതിനിടയിൽ ആ സ്ത്രീ മറ്റൊരു പുരുഷനുമായി ഒന്നിലേറെ പ്രാവശ്യം അവിഹിതബന്ധത്തിൽ ഏർപ്പെട്ടു. അക്കാലത്ത് ഭർത്താവുമായും ശാരീരിക ബന്ധം നടക്കാറുണ്ട്. അതിനിടയിൽ സ്ത്രീ ഗർഭം ധരിക്കുകയും ഒരു പെൺകുട്ടിയെ പ്രസവിക്കുകയും ചെയ്തു. ഭാര്യ അവിഹിതബന്ധത്തിൽ ഏർപ്പെട്ട വിവരം പിന്നീട് ഭർത്താവ് അറിയുകയും അവൾ തെറ്റു സമ്മതിക്കുകയും അതിനെ തുടർന്ന് അവർ വേർപിരിയുകയുമുണ്ടായി. അക്കാലത്ത് ജനിച്ച പെൺകുട്ടി തന്റെ മകളെന്ന് ഭർത്താവും ഭർത്താവിന്റെ മകൾ തന്നെയാണെന്ന് ഭാര്യയും പറയുന്നു. ഇക്കാര്യ*

***ത്തിൽ ശറഇന്റെ നിയമമെന്താണ്? കുട്ടിയുടെ കാര്യം എങ്ങനെയാണ് തീരുമാനിക്കുക? ആ പെൺകുട്ടിയെ നികാഹ് ചെയ്തു കൊടുക്കാനുള്ള അധികാരം ആർക്കാണ്?***

**ഉത്തരം:** ചോദ്യത്തിൽ പറഞ്ഞ സംഭവത്തിലേതുപോലെ ഭർത്താവുമായി ലൈംഗികബന്ധം നടന്നുകൊണ്ടിരിക്കുന്ന കാലയളവിൽ അന്യപുരുഷനുമായി അവിഹിതബന്ധം ഉണ്ടായിട്ടുണ്ടെങ്കിലും ഭാര്യ പ്രസവിച്ച കുട്ടി ഭർത്താവിന്റെ കുട്ടിയായിത്തന്നെ കണക്കാക്കപ്പെടുന്നതാണ്. ഭർത്താവിൽ നിന്നാകാൻ സാധ്യതയുണ്ടായിരിക്കെ ഭാര്യ പ്രസവിക്കുന്ന കുട്ടിയുടെ പിതൃത്വം ഭർത്താവിലേക്കു തന്നെ ചേർക്കപ്പെടുമെന്നും വ്യഭിചാരത്തിലുണ്ടായ സന്തതിയായി കണക്കാക്കപ്പെടാൻ പാടില്ലെന്നുമാണ് ശരീഅത്ത് നിയമം. നിയമാനുസൃതമായി ലിആൻ അഥവാ പ്രത്യേക രൂപത്തിലുള്ള സത്യം ചെയ്യൽ നടത്തിയാൽ മാത്രമേ കുട്ടിയുടെ പിതൃത്വം ഭർത്താവിലേക്ക് ചേർക്കപ്പെടാതിരിക്കുകയുള്ളൂ. 'ലിആൻ' ചെയ്യുന്നതിന് കർശന ഉപാധികളുണ്ട്. അത് സംബന്ധമായ വിശദീകരണം ഇവിടെ എഴുതുന്നില്ല. വ്യഭിചാരം നടന്നു എന്നത് ഭാര്യ സമ്മതിക്കലും സമ്മതിക്കാതിരിക്കലും തമ്മിൽ ഇക്കാര്യത്തിൽ വ്യത്യാസമില്ല. കുട്ടി അന്യപുരുഷന്റേതാണെന്ന് ഭാര്യ പറയുന്നതിനും പരിഗണനയില്ല.

വ്യഭിചാരം നടന്ന വിവരം അറിഞ്ഞാലും കുട്ടി ഭർത്താവിന്റേതാവാൻ സാധ്യതയുണ്ടെങ്കിൽ - ഭർത്താവുമായി ശാരീരിക ബന്ധത്തിലേർപ്പെട്ടതു മുതൽ ആറുമാസങ്ങൾക്കുശേഷമാണ് പ്രസവമെങ്കിൽ കുട്ടിയുടെ പിതൃത്വം നിഷേധിച്ചുകൂടാ. ഭർത്താവിന്റേതാകാൻ സാധ്യതയുണ്ടായിരിക്കെ ഭാര്യ പ്രസവിച്ച കുട്ടിയുടെ പിതൃത്വം 'ലിആൻ' മുഖേനയല്ലാതെ ഭർത്താവിൽ നിന്ന് ഒഴിവാക്കുന്നതല്ല. (തുഹ്ഫ 8/214, 215, 213)

സംഭവത്തിൽ ആ പെൺകുട്ടിയുടെ പിതാവ് സ്ത്രീയുടെ ഭർത്താവ് തന്നെയാണെന്നും



അവളെ നികാഹ് ചെയ്തു കൊടുക്കേണ്ടത് അദ്ദേഹം തന്നെയാണെന്നും മേൽവിശദീകരണത്തിൽ നിന്ന് വ്യക്തമാണ്.

***ചോദ്യം: സ്വർണ്ണക്കുറി എന്ന പേരിൽ നടത്തുന്ന ഒരു കുറിയിൽ ഓരോ അംഗത്തിന്റെയും മകളുടെ വിവാഹദിവസം ആ ദിവസത്തെ അഞ്ചുപവൻ സ്വർണ്ണത്തിന്റെ വില അംഗങ്ങൾ തുല്യമായി എടുത്തുകൊടുക്കുന്നു. സ്വർണ്ണത്തിന് വില കയറുന്നതിനനുസരിച്ച് സംഖ്യ കൂടിക്കൂടി വരുന്നു. ഉദാഹരണമായി, സ്വന്തം മകളുടെ വിവാഹത്തിന് ഒരംഗത്തിന് 5000 രൂപയാണു കിട്ടിയതെങ്കിൽ മറ്റൊരു അംഗത്തിന്റെ മകളുടെ വിവാഹത്തിന് 20000 രൂപയോ അതിൽ കൂടുതലോ കൊടുക്കേണ്ടിവരുന്നു. ഇത് ഹലാലാകുമോ? അതല്ല; പലിശയുടെ ഇനത്തിൽ പെടുമോ? പൊന്നുകുറി എന്ന പേരിൽ നടത്തുന്നതാണെങ്കിലും അംഗങ്ങൾക്കു ലഭിക്കുന്നത് മകളുടെ വിവാഹസമയത്തെ അഞ്ചു പവൻ സ്വർണ്ണത്തിന്റെ വിലയായ സംഖ്യതന്നെ. തിരിച്ചുനൽകേണ്ടതും അതാതുകാലത്തെ വില അനുസരിച്ചുള്ള സംഖ്യയാണ്. ചുരുക്കത്തിൽ, ഒരു ലക്ഷം രൂപ ലഭിച്ച അംഗം നാലു ലക്ഷമോ അതിൽ കൂടുതലോ തിരിച്ചുകൊടുക്കേണ്ടതായി വരുന്നു. വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.***

***നസീല നസീബ്***

**ഉത്തരം:** ചോദ്യത്തിൽ പറഞ്ഞതുപോലെ 5 പവൻ സ്വർണത്തിന്റെ വില കണക്കാക്കിക്കൊണ്ടാണെങ്കിലും ഒരു നിശ്ചിത സംഖ്യ - ഉദാഹരണം 5000 രൂപ - ഒരാളുടെ മകളുടെ വിവാഹത്തിലേക്ക് നൽകുമ്പോൾ നൽകുന്നവരുടെ മകളുടെ വിവാഹസമയം സ്വർണ്ണത്തിന്റെ അപ്പോഴത്തെ വിലയനുസരിച്ച് 5 പവൻ സ്വർണത്തിന്റെ വില തിരിച്ചു നൽകണമെന്ന വ്യവസ്ഥയിലാണ് നൽകുന്നതെങ്കിൽ അത് ശരിയല്ല. നിശ്ചിതസംഖ്യ നൽകിയാൽ ആ സംഖ്യ തിരിച്ചു തരേണ്ട ബാധ്യതയാണുള്ളത്. അതിൽ കൂടുതൽ തിരിച്ചുതരണമെന്ന നിബന്ധനയിൽ നൽകുന്നത് തെറ്റാണ്; അത് പലിശയാണ്. അതേസമയം, അഞ്ചുപവൻ സ്വർണം തന്നെയാണ് നൽകുന്നതെങ്കിൽ അത്രയും സ്വർണം തിരിച്ചുനൽകേണ്ടതാണ്. അങ്ങനെ സ്വർണം കടമായി നൽകുന്നതിന് വിരോധമില്ല. അപ്പോൾ, സ്വർണ്ണത്തിന്റെ വില പരിഗണിക്കപ്പെടുകയില്ല. സ്വർണ്ണവില കൂടിയാലും കുറഞ്ഞാലും അഞ്ചു പവൻ സ്വർണം തിരിച്ചു വാങ്ങാവുന്നതാണ്.

നോവൽ

മുജ്തബ നസ്വീഹ്

അസർമുല്ലപ്പൂക്കൾ

14



# മരണത്തിന്റെ മണം

നൂറുകൂട്ടം കഥകൾ പറയാനുണ്ടാവും ഉമ്മയ്ക്ക്. എത്ര പറഞ്ഞാലും തീരാത്ത കഥകൾ! അമ്മാവന്റെ മകളുടെ മകന്റെ കല്യാണം, കുഞ്ഞീവിയുടെ സുഖക്കേട്, പാത്തുമ്മച്ചാച്ചി സകറാത്തിൽ കിടക്കുന്നത്, അസൈനിക്കാക്ക് മോനുണ്ടായത്, നഫീസക്ക് ജിന്നു കൂടിയത് തുടങ്ങി കഥകളുടെ കെട്ടു തുറന്നതിനാൽ വൈകിയാണുറങ്ങാൻ കിടന്നത്.


ഉറക്കം വരുന്നതിനുമുമ്പ് മനസ്സിൽ ആലോചനകളുടെ വേലിയേറ്റമായിരുന്നു. വീട്ടിലും പരിസരത്തും ഓടിനടന്ന കാലത്തെ ഓർമ്മകളിൽ ഒരു തീരുമാനമെടുത്തു. കളിക്കൂട്ടുകാരെയൊക്കെ കണ്ടിട്ട് കാലമേറെയായല്ലോ. രാവിലെത്തന്നെ അനിയത്തിയെയും കൂട്ടി ഒന്നിറങ്ങണം. അയൽ വീടുകളൊക്കെ സന്ദർശിക്കണം. വർത്തമാനങ്ങൾ പങ്കിടണം.

ഉറക്കിലാരൊക്കെയോ വന്നു; ചിരിയും കളിയും വർത്തമാനങ്ങളും... സ്വുബ്ഹ്ബാങ്കു കേട്ടാണ് ഞെട്ടിയുണർന്നത്. പള്ളിയിലിപ്പോൾ മൈക്കും സ്പീക്കറുമുണ്ട്. ബാപ്പ വിളിക്കുന്ന ബാങ്ക് ഇങ്ങടുത്തു നിന്നെന്ന പോലെ നന്നായി കേൾക്കാം.

നിസ്കാരം കഴിഞ്ഞ് കുറച്ചുനേരം ഖുർആൻ ഓതിയ ശേഷം അടുക്കളയിലേക്ക് ചെന്നു. ഉമ്മ തിരക്കിലാണ്. അനിയത്തിമാർക്കും അനിയനും മദ്റസയിൽ പോകുമ്പോഴേക്കും നാസ്ത കൊടുക്കണമല്ലോ.

വേറെയും വിഭവങ്ങളൊക്കെ ഉണ്ടാക്കുന്നുണ്ട്. റസിയക്കുട്ടിയെ സൽക്കരിക്കാൻ തന്നെ! ഈ ഉമ്മ അങ്ങനെയാണ്. എത്ര വയ്യെങ്കിലും ഇവിടെയെത്തിയാൽ എന്നെ സൽക്കരിക്കാനുള്ള വ്യഗ്രതയിലായിരിക്കും. വേണ്ടെന്നു പറഞ്ഞിട്ടൊന്നും കാര്യമില്ല. ഉണ്ടാക്കുന്നതൊക്കെ കഴിക്കുകയും വേണം. ഇല്ലെങ്കിൽ പിടിച്ചിരുത്തി വാരി വായിലിട്ടു തരും. കൊച്ചുകുഞ്ഞുങ്ങളെ എന്ന പോലെ... എന്തൊരു സ്നേഹവും വാത്സല്യവുമാണ് ഉമ്മയ്ക്ക്! എന്റെ ഉദരത്തിലിപ്പോൾ ഒരാൾ വളരുന്നുണ്ടല്ലോ. അവനോട് അല്ലെങ്കിൽ അവളോട് എനിക്കിങ്ങനെ സ്നേഹമുണ്ടാകുമോ?

'നിയ്യെന്താ പെണ്ണേ ഇവിടെ വന്ന്



മിഴിച്ച് നിൽക്ക്ണത്? ഇത്തിരി നേരം കൂടി കിടന്നുറങ്ങീട്ട് ഇങ്ങോട്ട് വന്നാൽ പോരായിരുന്നോ?' ഉമ്മ ചോദിക്കുന്നു.

'സ്വുബ്ഹ് നിസ്കാരം കഴിഞ്ഞാൽ പിന്നെ കിടന്നുറങ്ങരുതെന്ന് ഉമ്മ പഠിപ്പിച്ചതല്ലേ, എന്നിട്ടിപ്പോ?' പ്രതികരണം കേട്ട് ഉമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു: 'അനക്കിപ്പോ നല്ല വിശ്രമം വേണ്ട സമയമാണല്ലോ.'

'അതിപ്പോഴേ വേണമെന്ന് തോന്നുന്നില്ലുമ്മാ.'

'എന്നാല് ന്റെ മോള് ഇത്തേങ്ങയൊന്ന് ചെരണ്ടിത്തന്നാ...'

ഉമ്മ ഒരു മുറി തേങ്ങയെടുത്ത് ചിരവയുടെ നേരെ വിരൽചൂണ്ടി. ഉമ്മ ഒരു പണിയേൽപ്പിച്ചല്ലോ. സന്തോഷത്തോടെ തേങ്ങ ചിരവിത്തുടങ്ങിയപ്പോഴാണ് പുറത്തുനിന്ന് ആരുടെയോ വിളി കേട്ടത്.

'ആരാണിപ്പോൾ രാവിലെ

**'നിയ്യെന്താ പെണ്ണേ ഇവിടെ വന്ന് മിഴിച്ച് നിൽക്ക്ണത്? ഇത്തിരി നേരം കൂടി കിടന്നുറങ്ങീട്ട് ഇങ്ങോട്ട് വന്നാൽ പോരായിരുന്നോ?' ഉമ്മ ചോദിക്കുന്നു. 'സ്വുബ്ഹ് നിസ്കാരം കഴിഞ്ഞാൽ പിന്നെ കിടന്നുറങ്ങരുതെന്ന് ഉമ്മ പഠിപ്പിച്ചതല്ലേ, എന്നിട്ടിപ്പോ?' പ്രതികരണം കേട്ട് ഉമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു: 'അനക്കിപ്പോ നല്ല വിശ്രമം വേണ്ട സമയമാണല്ലോ.'**

ത്തന്നെ?' ഉമ്മ വരാന്തയിലേക്കു പോകാൻ തുനിഞ്ഞപ്പോഴേക്കും അനിയത്തി ഓടി വന്നു പറഞ്ഞു: 'ഉമ്മാ, ഇത്തയുടെ ആരോ വന്നിട്ട്ണ്ട്.' അതു കേട്ടപ്പോൾ ഉള്ളൊന്നു കാളി. രാവിലെത്തന്നെ അവിടെ നിന്നാരെങ്കിലും വരണമെങ്കിൽ കാര്യമായെന്തോ സംഭവമുണ്ടാകുമല്ലോ. ചിരവയിൽ നിന്നെഴുന്നേറ്റ് വരാന്തയിലേക്കോടി. എളാപ്പാന്റെ മകനാണ്. കണ്ടപാടെ അവൻ പറഞ്ഞു: 'മൂത്താപ്പാക്ക് സുഖല്ല. ഇത്തയോട് വേഗം ചെല്ലാൻ പറഞ്ഞ്.'

'എന്താ? എന്തുപറ്റി?' ഒരു കരച്ചിലോടെയാണ് ചോദിച്ചത്.

അവൻ മുഖം തിരിച്ചു നടക്കാനൊരുങ്ങിക്കൊണ്ട് പറഞ്ഞു: 'വേഗം വരണം. തീരെ സുഖല്ല.' അവന്റെ മുഖം വാടിയിട്ടുണ്ട്. കാര്യം തുറന്നു പറയാൻ വിഷമമുള്ള പോലെ! അവൻ പുറപ്പെട്ടു കഴിഞ്ഞു.

'ന്റെ റബ്ബേ, അവിടെ എന്താണാവോ ഉണ്ടായത്.'

ഉമ്മ വരാന്തയിലെത്തിയപ്പോഴേക്കും അവൻ ഇടവഴിയിലേക്കിറങ്ങിക്കഴിഞ്ഞിരുന്നു. ഉമ്മ വിളിച്ചെങ്കിലും അവൻ തിരിഞ്ഞു നോക്കാതെ നടന്നകന്നു കഴിഞ്ഞു. അപ്പോൾ ഉമ്മ പറഞ്ഞു: 'മോള് വിഷമിക്കേണ്ട. ഉപ്പാക്ക് സുഖല്ലാന്നല്ലേ പറഞ്ഞത്. ആശുപത്രീലേക്ക് കൊണ്ടോവാനോ മറ്റോ ആയിരിക്കും. മോളേ, ചായ കുടിച്ചിട്ട് വേഗം പൊയ്ക്കോ.'

'വേണ്ടുമ്മാ, നിക്ക് ഇപ്പോ തന്നെ പോകണം' എന്നു പറഞ്ഞ് വേഗം അകത്തുകയറി. ഉടുപ്പു മാറ്റി മുറ്റത്തേക്കിറങ്ങിയപ്പോഴേക്കും പിന്നാലെ വരുന്നു ഉമ്മയും, പർദ്ദയുമെടുത്തിട്ടുകൊണ്ട്.

'എന്നാ ഞാനും വരാം. മോള് ഒറ്റയ്ക്ക് പോകണ്ടാ.'

'വേണ്ടുമ്മാ, ഞാൻ സ്വന്തം പൊയ്ക്കോളാം. ഉമ്മാക്ക് നടക്കാൻ സുഖല്ലാലോ.'

അതുകേൾക്കാതെ ഉമ്മയും കൂടെ വന്നു, എന്തോ അപകടം മണത്തിട്ടു തന്നെ. പിന്നെ നടക്കുകയായിരുന്നില്ല; ഓടുകയായിരുന്നു. പിന്നാലെയെ

ത്താൻ ഉമ്മ പാടുപെടുന്നതൊന്നും ശ്രദ്ധിക്കാതെ!

ദൂരെനിന്നേ കണ്ടു; വീട്ടിലേക്കുള്ള പടവുകളിലൂടെ ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു. പിടയ്ക്കുന്ന ഹൃദയത്തോടെ, ഒരു നിലവിളിയോടെ, പിന്നെ കുതിച്ചോട്ടമായിരുന്നു. കൽപ്പടവുകൾ ഓടിക്കയറി. മുറ്റം നിറയെ ആളുകളാണ്. ആരെയും ഗൗനിക്കാതെ വരാന്തയിലേക്ക്. അവിടെ കട്ടിലിൽ നീണ്ടു നിവർന്നു കിടക്കുന്ന ഒരാൾ. വെള്ള പുതച്ചുകൊണ്ട്; ഉപ്പ തന്നെ!

ചേതനയറ്റ ആ മുഖത്തേക്കൊന്നു നോക്കി. ഒരു നിലവിളിയോടെ അകത്തേക്ക് പാഞ്ഞത് ഓർമ്മയുണ്ട്. പിന്നെ ഉണരുമ്പോൾ കേൾക്കുന്നത് എല്ലാവരുംകൂടി യാസീൻ ഓതുന്ന ഒച്ചയാണ്. ചങ്കു പിടയ്ക്കുന്നു. കണ്ണുകൾ നിറഞ്ഞൊഴുകുന്നു. പുറത്തു തലോടിക്കൊണ്ട് ഉമ്മ അടുത്തു തന്നെ ഇരിക്കുന്നുണ്ട്. കട്ടിലിൽ തളർന്നുകിടക്കുകയാണ് ഇക്കയുടെ ഉമ്മ. നിലവിളിച്ചു കൊണ്ടിരിക്കുന്നു ജമീല.

'അല്ലാഹുമ്മഗ്ഫിർ ലഹു വർഹംഹു വഅ്ഫു അൻഹു...' ഉസ്താദ് ഉറക്കെ ദുആയിരക്കുന്നു. എല്ലാവരും ആമീൻ... ആമീൻ... എന്ന് നീട്ടിപ്പറയുന്നു. മരണവീടുകളിൽ പലപ്പോഴും പോയിട്ടുണ്ടെങ്കിലും ഇതുപോലെ ഒരനുഭവം ആദ്യമായാണ്. വീട്ടിൽ ഒരാൾ എന്നെന്നേക്കുമായി പിരിഞ്ഞുപോവുകയാണല്ലോ; അതും യാതൊരു മുന്നറിയിപ്പുമില്ലാതെ.

ഇന്നലെ വൈകുന്നേരം ഉപ്പ വരാന്തയിലിരിക്കവെയാണ് ചെന്നു ചോദിച്ചത്: 'ഉപ്പാ, ഞാനൊന്ന് അങ്ങോട്ട് പോയിവരട്ടെ?'

'ഓ, മോള് പൊയ്ക്കോ. വേഗം ഇങ്ങു പോരണേ' എന്ന മറുപടിയും പറഞ്ഞതാണ്. ആ ഉപ്പയാണിപ്പോൾ മയ്യിത്തായിക്കിടക്കുന്നത്. സാമ്പ്രാണിയുടെയും കുന്തിരിക്കത്തിന്റെയും മണം എങ്ങും പരന്നിട്ടുണ്ട്. മരണത്തിന്റെ മണമാണത്. അവ പുകച്ച് കഫൻതുണിയിൽ മണം പിടിപ്പിക്കുകയാവും. എന്നിട്ട് ആ മൂന്നു കഷ്ണം തുണിയിൽ കഫൻ ചെയ്ത് അവർ ഉപ്പയെ കൊണ്ടുപോകും. മയ്യിത്തിനു വേണ്ടി നിസ്കരിക്കും. പിന്നെ ഖബറടക്കും; പള്ളിക്കാട്ടിൽ കുഴിച്ചുണ്ടാക്കിയ ഖബ്റിൽ! പിന്നെ ഖിയാമംനാളോളം ആ ഖബ്റിലാണ് ഉറക്കം. ഒറ്റയ്ക്ക്! ജീവിതത്തിൽ ചെയ്ത കർമ്മങ്ങളുടെയും മനസ്സിലുണ്ടായിരുന്ന വിചാരങ്ങളുടെയും തോതനുസരിച്ച് സുഖവും ദുഃഖവും അനുഭവിച്ചുകൊണ്ട്. എല്ലാവർക്കും നേരിടേണ്ടതാണല്ലോ മരണവും ഖബർജീവിതവുമൊക്കെ.

'ഇനി ആരെങ്കിലും കാണാനുണ്ടോ?' ആരോ അകത്തേക്ക് വിളിച്ചു ചോദിക്കുന്നു. ഉപ്പയെ അവസാനമായി ഒന്നുകൂടി കാണണം. ശരീരം നേരെ നിൽക്കുന്നില്ല. കാലുകൾ പതറുന്നു. ആരോ വന്നു താങ്ങിയതുകൊണ്ട് വീണില്ല. ഉമ്മറവാതിൽക്കൽ ചെന്ന് വരാന്തയിലേക്ക് എത്തിനോക്കി. ആകെ വെള്ളയുടുപ്പിൽ പൊതിയപ്പെട്ട് ഉപ്പ നീണ്ടുനിവർന്ന് കണ്ണടച്ചു കിടക്കുന്നു. 'എന്നെ വേഗം കൊണ്ടുപോയി ഖബറിൽ വെക്കൂ, ഞാൻ എന്റെ കർമ്മഫലത്തിലേക്ക് ചേരട്ടെ' എന്ന് ആ ചുണ്ടുകൾ മന്ത്രിക്കുന്നുണ്ടെന്നു തോന്നി. പുണ്യങ്ങൾ ധാരാളം ചെയ്ത ഒരു നല്ല മനുഷ്യനായിരുന്നല്ലോ ഉപ്പ.

'എന്നാൽ എടുക്കാം, ഇനി വൈകിക്കേണ്ട.' ഉസ്താദിന്റെ നിർദ്ദേശം വന്നതോടെ ആരോ ഒരാൾ വന്ന് ആ മുഖത്ത് പഞ്ഞി വച്ചു. കഫൻപുടവയുടെ അറ്റം മൂടിക്കെട്ടി. കുറെ പേർ ചേർന്ന് മയ്യിത്ത്കട്ടിലിലേക്ക് എടുത്തു കിടത്തി. 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന ശബ്ദം മുഴങ്ങിക്കേട്ടു. അഞ്ചെട്ടു പേരൊന്നായി കട്ടിൽ പൊക്കി ചുമലിൽ വച്ചു. അങ്ങനെ ആ ശബ്ദം അകന്നകന്നുപോയി.

മനസ്സാകെ ശൂന്യമായ പോലെ! ഇപ്പോൾ വികാരവിചാരങ്ങളൊന്നുമില്ല. എന്തോ ഒരുതരം മരവിപ്പാണ്. എന്താണിത്ര പെട്ടെന്നുണ്ടായത്? ഒന്നും പറയാതെയാണല്ലോ ഉപ്പ പോയത്. ഗൾഫിലേക്ക് പോകുമ്പോൾ ഇക്ക പ്രത്യേകം പറഞ്ഞതാണ് 'റസിയക്കുട്ട്യേ, എന്റെ ഉപ്പാനേം ഉമ്മാനേം നിനക്കേൽപ്പിച്ചു തന്നിട്ടാ ഞാൻ പോകുന്നത്. അവരെ നല്ലോണം നോക്കണേ' എന്ന്. ഇന്നലെ വരെ ഞാൻ നല്ലോണം നോക്കിയതാണ്, സ്വന്തം വാപ്പാനേം ഉമ്മാനേം പോലും കാണാൻ പോകാതെ. എന്നിട്ടിപ്പോൾ ഞാനില്ലാത്ത സമയത്താണ് ഉപ്പ പോയിക്കളഞ്ഞത്; അവസാനമായി ഒരു തുള്ളി വെള്ളം ആ ചുണ്ടിലിറ്റിച്ചുകൊടുക്കാൻ അവസരം തരാതെ! അതിനെന്തു മറുപടിയാണ് ഞാൻ ഇക്കയോട് പറയുക? ഇക്കയെന്നെ കുറ്റപ്പെടുത്തുമോ? ഞാൻ ചെയ്തത് തെറ്റായിപ്പോയോ? (തുടരും)


**"**

**സാമ്പ്രാണിയുടെയും കുന്തിരിക്കത്തിന്റെയും മണം എങ്ങും പരന്നിട്ടുണ്ട്. മരണത്തിന്റെ മണമാണത്. അവ പുകച്ച് കഫൻതുണിയിൽ മണം പിടിപ്പിക്കുകയാവും. എന്നിട്ട് ആ മൂന്നു കഷ്ണം തുണിയിൽ കഫൻ ചെയ്ത് അവർ ഉപ്പയെ കൊണ്ടുപോകും. മയ്യിത്തിനു വേണ്ടി നിസ്കരിക്കും. പിന്നെ ഖബറടക്കും; പള്ളിക്കാട്ടിൽ കുഴിച്ചുണ്ടാക്കിയ ഖബ്റിൽ! പിന്നെ ഖിയാമംനാളോളം ആ ഖബ്റിലാണ് ഉറക്കം. ഒറ്റയ്ക്ക്!**

ആത്മയാനം – 13

അലി സഖാഫി പുൽപ്പറ്റ

# തിരുത്തലുകളാണ് സൂഫിസത്തിന്റെ സൗന്ദര്യം



സൂഫികളും അവരുടെ സങ്കേതങ്ങളും ഇസ്‌ലാം മതത്തിന്റെ സൗന്ദര്യമാണ്. ഇതരവിഭാഗങ്ങളിൽ നിന്ന് സൂഫികളെ വ്യതിരിക്തരാക്കുന്ന വിവിധ ഘടകങ്ങളും അവസ്ഥകളുമുണ്ട്. അല്ലാഹുവിലേക്കുള്ള സഞ്ചാരപഥത്തിൽ പ്രവേശിച്ച വിശുദ്ധരായ അറിവാളന്മാരാണല്ലോ അവർ. 'അല്ലാഹു സന്മാർഗം കാണിച്ചുകൊടുത്ത വിഭാഗമാണവർ. അതിനാൽ അവരുടെ സന്മാർഗത്തെ പിന്തുടരുക' (അൽഅൻആം 90) എന്ന് വിശുദ്ധ ഖുർആൻ ഘോഷിക്കുന്നു.

സൂഫീപട്ടം സ്വയം എടുത്തണിഞ്ഞ വ്യാജന്മാരെക്കുറിച്ചല്ല പറയുന്നത്. ആദർശവ്യതിയാനവും പാരമ്പര്യവിരുദ്ധ സമീപനങ്ങളും പ്രകടിപ്പിക്കുന്ന കപടസൂഫികൾ മതത്തിന്റെ സൗന്ദര്യത്തെ വികൃതമാക്കുകയും അവമതിക്കുകയുമാണ് ചെയ്യുന്നത്. വേഷത്തിലും ചില വാചകക്കസർത്തുകളിലും അംഗവിക്ഷേപങ്ങളിലും മാത്രമാണ് അവരുടെ സൂഫിസം. കളങ്കിത മനസ്സും മലിനവിശ്വാസവും അവിശുദ്ധ കർമ്മങ്ങളുമാണ് അവരെ നയിക്കുന്നത്. ഈമാനിക പ്രകാശവും ജീവിത സംശുദ്ധിയുമില്ലാത്ത ഇവരെ മുൻനിറുത്തി യഥാർത്ഥ സൂഫികളെ അളക്കരുത്.

സൂഫിസങ്കേതങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന പൂർവികമഹത്തുക്കൾ ഒരേ മെയ്യും മനസ്സുമായി ഏക ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നവരായിരുന്നു. 'നിശ്ചയം; അവർ കെട്ടുറപ്പോടെ നിർമ്മിക്കപ്പെട്ട ഒരു നിർമ്മിതി പോലെയാണ്' (അസ്സ്വഫ് 4) എന്ന് വിശുദ്ധഖുർആൻ സത്യവിശ്വാസികളെ വിശേഷിപ്പിച്ചതു കാണാം. സൂഫികളെ സംബന്ധിച്ച് ഇത് അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു.

'അവർ സംഘടിതരാണെന്നു താങ്കൾ വിചാരിക്കും, അവരുടെ ഹൃദയങ്ങളാകട്ടെ ശിഥിലമാണ്' (അൽഹശ്ർ 14) എന്നാണ് അവിശ്വാസികളെ ഖുർആൻ പരിചയപ്പെടുത്തുന്നത്. ശിഥിലീകരണ പ്രവർത്തനങ്ങളും വെറുപ്പുൽപാദിപ്പിക്കുന്ന പ്രതികരണങ്ങളും ശരിയായ വിശ്വാസത്തെയല്ല പ്രതിനിധീകരിക്കുന്നത്. അത് സൂഫിസവുമല്ല. തിരുദൂതർ പറയുന്നു: 'തീർച്ചയായും സത്യവിശ്വാസികൾ ഒരു ശരീരം പോലെയാണ്. ഒരവയവത്തിനു വേദനിച്ചാൽ ദേഹം മുഴുവൻ വേദനിക്കും. ഒരു വിശ്വാസിക്ക് പരിഭവമുണ്ടായാൽ മുഴുവൻ വിശ്വാസികളും പരിഭവിക്കും.' (ബൈഹഖി 10629)

ബാഹ്യവും ആന്തരികവുമായി ഐക്യപ്പെടലാണ് സൂഫികൾ ആർജിച്ചെടുക്കേണ്ട അനിവാര്യ ഗുണം. മനസ്സിലെ മാലിന്യങ്ങൾ നിർമാർജനം ചെയ്താൽ ഐക്യം സംസ്ഥാപിതമാകും. കാരണം ആത്മാക്കളുടെ ചേർച്ചകൊണ്ടാണ് അവർ ഒരുമിച്ചുകൂടിയത്. മാനസികസാരൂപ്യമാണ് അവരെ യോജിപ്പിച്ചത്. ആകയാൽ അവർ



**സഹയാത്രികരുടെ പോരായ്മകളും വ്യതിചല നങ്ങളും ചൂണ്ടിക്കാണിച്ച് തിരുത്തലുകൾ വരുത്താൻ നിർദ്ദേശിക്കുകയാണ് സ്നേഹമുള്ള സുഹൃത്തുക്കൾ ചെയ്യുക. സ്നേഹിതന്മാരെ നേർവഴി നയിക്കുന്നതിൽ അലംഭാവം കാണിക്കുന്നതും അവരുടെ തെറ്റുകൾക്കു നേരെ കണ്ണടക്കുന്നതും സ്നേഹമല്ല, ദ്രോഹമാണ്. സുഹൃത്തിനുമേൽ പിശാചിനു മേധാവിത്വം സ്ഥാപിക്കാൻ സഹായിക്കലാണത്.**

പരസ്പരം ഇണങ്ങുകയും സ്നേഹിക്കുകയും ഗുണം കാംക്ഷിക്കുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാണ്.

തിരുദൂതർ(സ) ഒരിക്കൽ പറഞ്ഞു: 'സത്യവിശ്വാസി ഇണങ്ങുകയും ഇണക്കുകയും ചെയ്യുന്നവനാണ്. ഇണങ്ങുകയും ഇണക്കുകയും ചെയ്യാത്തവരിൽ ഒരു നന്മയുമില്ല.' (അഹ്മദ് 2/400, ഹാകിം 1/23) മറ്റൊരു നബിവചനത്തിൽ കാണാം: 'ആത്മാക്കൾ വിവിധ വിഭാഗങ്ങളാണ്. അവയിൽ സ്വഭാവഗുണങ്ങളിൽ സാധർമ്യം പുലർത്തുന്നവർ ഇണങ്ങുന്നു. വൈരുദ്ധ്യമുള്ളവർ ഭിന്നിക്കുന്നു.' (ബുഖാരി, മുസ്‌ലിം)

വിശ്വാസികൾ ശാരീരികമായി ഒരുമിച്ചു കൂടുമ്പോൾ അവർ മാനസികമായി ഐക്യപ്പെടുകയും ആത്മാക്കൾ പരസ്പരം ബന്ധിതമാവുകയും ചെയ്യുന്നു. കാരണം അവർ ഓരോരുത്തരും അപരന്റെ നേത്രങ്ങളാണ്. 'ഒരു വിശ്വാസി മറ്റൊരു വിശ്വാസിയുടെ ദർപ്പണമാണ്' എന്നാണല്ലോ നബിവചനം. (അബൂദാവൂദ് 4918, തിർമുദി 1929) ഏതെങ്കിലും സൂഫിയിൽ നിന്ന് ഭിന്നതയുടെ ലക്ഷണം പ്രകടമായാൽ തൽസമയം മറ്റു സൂഫികൾ അവനോടു പ്രതിഷേധിക്കും. അഹംബോധം മുളപൊട്ടുകയും സ്വാർത്ഥത തലപൊക്കുകയും ചെയ്യുമ്പോഴാണ് ഭിന്നത ഉയിരെടുക്കുക. ഒരു സൂഫിയിൽ ഞാനെന്ന ഭാവം പ്രകടമായാൽ അവൻ സംഘത്തിൽ നിന്ന് പുറത്തായതായി അവർ മനസ്സിലാക്കിയിരുന്നു. ത്വരിതഗതിയിൽ അവനെ ശുദ്ധീകരിച്ച് സൂഫീവൃത്തത്തിലേക്ക് തിരികെക്കൊണ്ടുവരാൻ കഠിനപ്രയത്നം നടത്തുകയും ചെയ്തിരുന്നു.

ഇമാം റുവൈം(റ) പറയുന്നു: 'സഹവാസികളിൽ നിന്ന് അപരാധം പ്രകടമാകുമ്പോൾ അവരോട് പ്രതിഷേധിക്കുന്നിടത്തോളം കാലം സൂഫികൾ നന്മയിലായിരിക്കും. അപരാധിയോട് സന്ധിയായാൽ അവർ നശിച്ചതു തന്നെ.' (ത്വബഖാതുസ്സൂഫിയ്യ 181) സഹയാത്രികരുടെ പോരായ്മകളും വ്യതിചലനങ്ങളും ചൂണ്ടിക്കാണിച്ച് തിരുത്തലുകൾ വരുത്താൻ നിർദ്ദേശിക്കുകയാണ് സ്നേഹമുള്ള സുഹൃത്തുക്കൾ ചെയ്യുക. സ്നേഹിതന്മാരെ നേർവഴി നയിക്കുന്നതിൽ അലംഭാവം കാണിക്കുന്നതും അവരുടെ തെറ്റുകൾക്കു നേരെ കണ്ണടക്കുന്നതും സ്നേഹമല്ല, ദ്രോഹമാണ്. സുഹൃത്തിനുമേൽ പിശാചിനു മേധാവിത്വം സ്ഥാപിക്കാൻ സഹായിക്കലാണത്. 'എന്റെ പോരായ്മകൾ എനിക്കു കാണിച്ചു തരുന്ന വ്യക്തികൾക്ക് അല്ലാഹു കാരുണ്യം ചൊരിയട്ടെ' എന്ന് ഉമറുബ്നുൽഖത്താബ്(റ) പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഇതായിരിക്കണം യഥാർത്ഥസൂഫികളുടെ നിലപാട്. (ത്വബഖാതുബ്നി സഅദ് 3/293)

കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കുന്നവരോട് സ്നേഹം പ്രകടിപ്പിക്കുന്നത് വിശ്വാസകണിശതയുടെയും സത്യസന്ധതയുടെയും അടയാളമാണ്. യഥാർത്ഥ വിശ്വാസി എല്ലായ്പ്പോഴും ആത്മീയപടവുകളിൽ മുകളിലേക്കു കയറാനും ഉയരങ്ങൾ കീഴടക്കാനുമായിരിക്കും കൊതി

ക്കുക. മലീമസ പാദങ്ങളുമായി ഉൽകൃഷ്ടപദവികൾ പ്രാപിക്കാനാവില്ലെന്ന യാഥാർത്ഥ്യബോധ്യം അവർക്കുണ്ട്. ആകയാൽ ദേഹത്തു പുരണ്ട ചളിയും മനസ്സിലടിഞ്ഞ മാലിന്യവും ചൂണ്ടിക്കാണിക്കുന്നവരോട് അവർ നന്ദി കാണിക്കും. അവരുടെ നന്മക്കു വേണ്ടി പ്രാർത്ഥിക്കും.

പ്രസിദ്ധ സൂഫിവര്യൻ അബൂ യസീദിൽ ബിസ്താമി(റ) ഒരു യാത്രയ്ക്കു തയ്യാറെടുക്കുന്ന വേളയിൽ ശിഷ്യന്മാരെ വിളിച്ച്, തന്നെ അനുഗമിക്കാൻ ഒരാൾക്ക് അവസരമുണ്ടെന്നറിയിച്ചു. ഉടനെ പലരും എഴുന്നേറ്റ് സന്നദ്ധത പ്രകടിപ്പിച്ചു. ആദ്യം എഴുന്നേറ്റയാളോട് ശൈഖ് ചോദിച്ചു: 'യാത്രയിൽ എനിക്കു വേണ്ടി നീ എന്താണു ചെയ്യുക?'

ശിഷ്യൻ: 'ശുദ്ധീകരണത്തിനുള്ള വെള്ളപ്പാത്രം എടുത്തു തരും. മറ്റു സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യും.'

'അവ എനിക്ക് സ്വയം നിർവഹിക്കാൻ സാധിക്കും, അതിന് മറ്റൊരാളുടെ ആവശ്യമില്ല' എന്നായിരുന്നു ശൈഖിന്റെ പ്രതികരണം. താല്പര്യം പ്രകടിപ്പിച്ച ഓരോരുത്തരോടും ഇവ്വിധം ചോദിച്ചു. ഒന്നാമൻ പറയാത്ത സേവനങ്ങൾ മറ്റുള്ളവർ പറഞ്ഞു. ശൈഖ് അതെല്ലാം നിരാകരിച്ചു. ഒടുവിൽ ശൈഖിനെക്കുറച്ച് നന്നായറിയുന്ന ഒരാൾ എഴുന്നേറ്റു.

'ഗുരു വല്ല കാര്യവും ചെയ്യാൻ വിട്ടുപോയാൽ ഞാനത് ഓർമ്മിപ്പിക്കും' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

'നീയാണ് എന്റെ സഹയാത്രികൻ' എന്നുപറഞ്ഞ് ശൈഖ് അദ്ദേഹത്തെ കൂടെ കൂട്ടി.

മുഹാജിറുകളും അൻസ്വാറുകളും നിറഞ്ഞ ഒരു സദസ്സിൽ വെച്ച് ഉമർ(റ) ചോദിച്ചു: 'ചില മതകാര്യങ്ങളിൽ ഞാൻ ഇളവനുവദിക്കുന്ന പക്ഷം നിങ്ങൾ എന്താണു ചെയ്യുക?' എല്ലാവരും മൗനം ദീക്ഷിച്ചു. ഉമർ(റ) രണ്ടോ മൂന്നോ തവണ ചോദ്യം ആവർത്തിച്ചു. അപ്പോൾ ബശീറുബ്നു സഅ്ദ്(റ) എഴുന്നേറ്റു പ്രഖ്യാപിച്ചു: 'താങ്കൾ അപ്രകാരം ചെയ്താൽ വാൾ നിവർത്തുന്നതു പോലെ ഞങ്ങൾ താങ്കളെ നേരെയാക്കും.' അതു കേട്ട ഉമർ(റ) സന്തോഷത്തോടെ പറഞ്ഞു: 'അപ്പോഴാണ് നിങ്ങൾ നിങ്ങളാവുക.' (ബുഖാരി, താരീഖുൽകബീർ 1825)

**സുഹൃത്ത് ശാരീരികമായി പ്രകോപിതനായാൽ ഹൃദയംകൊണ്ടാണ് സ്വൂഫി അവനോടു സംവദിക്കേണ്ടത്. മനസ്സുകൊണ്ട് അഭിമുഖീകരിച്ചാൽ ഉപദ്രവത്തെ വേരോടെ പിഴുതെറിയാൻ പറ്റും. ദേഹവും ദേഹവും തമ്മിലുരസിയാൽ കോപാഗ്നി ആളിക്കത്തുകയാണു ചെയ്യുക. സുരക്ഷിതത്വവും സമാധാനവും നഷ്ടപ്പെടും. അല്ലാഹു പറയുന്നു: 'നന്മ കൊണ്ട് തിന്മയെ പ്രതിരോധിക്കുക. അപ്പോൾ ശത്രു നിന്റെ ആത്മ മിത്രത്തെപ്പോലെയായിത്തീരും.' (ഫുസ്സിലത് 34-35)**



തന്റെ സുഹൃത്ത് ശാരീരികമായി പ്രകോപിതനായാൽ ഹൃദയം കൊണ്ടാണ് സ്വൂഫി അവനോടു സംവദിക്കേണ്ടത്. മനസ്സുകൊണ്ട് അഭിമുഖീകരിച്ചാൽ ഉപദ്രവത്തെ വേരോടെ പിഴുതെറിയാൻ പറ്റും. ദേഹവും ദേഹവും തമ്മിലുരസിയാൽ കോപാഗ്നി ആളിക്കത്തുകയാണു ചെയ്യുക. സുരക്ഷിതത്വവും സമാധാനവും നഷ്ടപ്പെടും. അല്ലാഹു പറയുന്നു:

'നന്മ കൊണ്ട് തിന്മയെ പ്രതിരോധിക്കുക. അപ്പോൾ ശത്രു നിന്റെ ആത്മ മിത്രത്തെപ്പോലെയായിത്തീരും.' (ഫുസ്സിലത് 34-35)

ഒരു സൂഫീശിഷ്യൻ തന്റെ സഹവാസിയെ സംബന്ധിച്ച് വല്ല

**ഒരു സൂഫി തന്റെ സഹോദരനുമായി വാക്കേറ്റം നടത്തിയപ്പോൾ ഇമാം സുഹ്‌റവർദി(റ) അദ്ദേഹത്തോട് എഴുന്നേറ്റു മാപ്പു ചോദിക്കാനാവശ്യപ്പെട്ടു. ആ സൂഫി പറഞ്ഞു: 'എന്റെ മനസ്സ് ശുദ്ധമായിട്ടില്ല. അകം നന്നാകാതെ പുറമെ മാപ്പു ചോദിക്കുന്നതിനർത്ഥമില്ലല്ലോ.' ശൈഖ്: 'മനസ്സ് സമ്മതിക്കുന്നില്ലെങ്കിലും താങ്കൾ എഴുന്നേറ്റ് മാപ്പു ചോദിക്കുക. താങ്കളുടെ ആ പരിശ്രമത്തിന്റെ ബറകത്തിനാൽ മനസ്സ് താനേ ശുദ്ധമായിക്കൊള്ളും.' ഫഖീർ അപ്രകാരം ചെയ്തു. മനസ്സ് നിർമലമാവുകയും ചെയ്തു.**

പരാതിയുമുന്നയിച്ചാൽ ഗുരു ഇരുവരെയും വിളിച്ച് നിജസ്ഥിതി അന്വേഷിക്കണം. ഹൃദ്യമായി സംവദിക്കുന്നതിനു പകരം കായികമായി നേരിട്ടിട്ടുണ്ടെങ്കിൽ ഇരുവരും സൂഫീവൃത്തത്തിൽ നിന്നു പുറത്താകും. സ്വാർത്ഥതയ്ക്കടിമപ്പെട്ട് അബദ്ധത്തിൽ ചാടിയവരെക്കൊണ്ട് മാപ്പു പറയിപ്പിച്ച് തിരിച്ചു കയറ്റണം.

'അല്ലാഹുവേ.., ഗുണം ചെയ്താൽ സന്തോഷിക്കുകയും വിഷമിപ്പിച്ചാൽ മാപ്പു ചോദിക്കുകയും ചെയ്യുന്നവരുടെ വിഭാഗത്തിൽ നീ എന്നെ ഉൾപ്പെടുത്തേണമേ' (ഇബ്നു മാജ 3820) എന്ന് തിരുദൂതർ(സ) പതിവായി പ്രാർത്ഥിച്ചിരുന്നു. മാപ്പു ചോദിക്കുന്നത് പ്രത്യക്ഷത്തിൽ സുഹൃത്തിനോടാണെങ്കിലും പരോക്ഷമായി അല്ലാഹുവോടാണ്. അല്ലാഹുവിനെ മനസ്സിൽ കണ്ടാണ് അവർ മാപ്പു ചോദിക്കുക. ഒരു സൂഫി തന്റെ സഹോദരനുമായി വാക്കേറ്റം നടത്തിയപ്പോൾ ഇമാം സുഹ്‌റവർദി(റ) അദ്ദേഹത്തോട് എഴുന്നേറ്റു മാപ്പു ചോദിക്കാനാവശ്യപ്പെട്ടു. ആ സൂഫി പറഞ്ഞു: 'എന്റെ മനസ്സ് ശുദ്ധമായിട്ടില്ല. അകം നന്നാകാതെ പുറമെ മാപ്പു ചോദിക്കുന്നതിനർത്ഥമില്ലല്ലോ.'

ശൈഖ്: 'മനസ്സ് സമ്മതിക്കുന്നില്ലെങ്കിലും താങ്കൾ എഴുന്നേറ്റ് മാപ്പു ചോദിക്കുക. താങ്കളുടെ ആ പരിശ്രമത്തിന്റെ ബറകത്തിനാൽ മനസ്സ് താനേ ശുദ്ധമായിക്കൊള്ളും.'

ഫഖീർ അപ്രകാരം ചെയ്തതുമൂലം അദ്ദേഹത്തിന്റെ മനസ്സ് നിർമലമാവുകയും വൈരം നിർവീര്യമാവുകയും ചെയ്തു. യഥാർത്ഥ സൂഫികളുടെ ലക്ഷണമാണിത്. മനസ്സിൽ അപരവിദ്വേഷം വെച്ച് ഉറങ്ങാനോ ഉണ്ണാനോ അവർക്കു കഴിയില്ല. മാനസികമായി ഐക്യപ്പെട്ട ശേഷമല്ലാതെ അവർ ശാരീരികമായി സംഗമിക്കുകയില്ല.

ഒരു സഹോദരൻ മാപ്പു ചോദിക്കാൻ തയ്യാറായാൽ അവന്റെ അപേക്ഷ നിരസിക്കുന്നത് സത്യവിശ്വാസിക്കു ചേർന്നതല്ല. തിരുദൂതർ(സ) പറയുന്നു: 'നിങ്ങൾ കരുണ കാണിക്കുക; നിങ്ങൾക്കും കാരുണ്യം ലഭിക്കും. നിങ്ങൾ മാപ്പു കൊടുക്കുക; നിങ്ങൾക്കും മാപ്പു ലഭിക്കും.' (ബുഖാരി, അദബുൽമുഫ്‌റദ് 380)

മാപ്പു ചോദിച്ച ശേഷം ശൈഖിന്റെ കരം ചുംബിക്കുന്ന പതിവ് സൂഫികൾക്കുണ്ട്. തിരുചര്യയാണിത്. തിരുനബി(സ) നിർദേശിച്ചതു പ്രകാരം ഒരു യുദ്ധത്തിനു പോവുകയും പോരാട്ടത്തിനിടയിൽ പിന്തിരിയുകയും ചെയ്ത ഇബ്നു ഉമറും(റ) സംഘവും തെറ്റു ബോധ്യപ്പെട്ടതിനെ തുടർന്ന് തിരുദൂതരെ കണ്ട് മാപ്പപേക്ഷിക്കുകയും മാപ്പ് ലഭിച്ചയുടനെ തിരുകരം ചുംബിക്കുകയും ചെയ്തതായി ഹദീസിലുണ്ട്. (അബൂദാവൂദ് 2647, തിർമുദി 1716)

തന്റെ കരം ചുംബിക്കപ്പെടുന്നതു മൂലം ഒരാളുടെ മനസ്സിൽ അഹങ്കാരം മുള പൊട്ടുമെന്നു തോന്നിയാൽ അവൻ ചുംബനത്തിനു വിലക്കേർപ്പെടുത്തണം. അത്തരം പ്രത്യാഘാതങ്ങളെ ഭയക്കുന്നില്ലെങ്കിൽ കരചുംബനം അനുവദിക്കുന്നതിനു വിരോധമില്ല. വൈരം വെടിഞ്ഞ് മാപ്പു പറഞ്ഞയുടനെ പരസ്പരം ആലിംഗനം ചെയ്യുന്നതും ഉത്തമമാണ്. ദീർഘദൂരയാത്ര ചെയ്ത് ശാരീരികമായി അകലുന്നതിനു സമാനമാണ് മാനസികമായുള്ള അകൽച്ച. ആകയാൽ മാനസികമായി വീണ്ടും അടുക്കുകയും സംഘത്തിൽ ചേരുകയും ചെയ്യുമ്പോഴും ദീർഘയാത്ര കഴിഞ്ഞ് മടങ്ങിവരുമ്പോഴെന്ന പോലെ അന്യോന്യം ആശ്ലേഷിക്കുക.

സ്വസഹോദരൻ മാപ്പപേക്ഷിച്ചിട്ടും അതു സ്വീകരിക്കാതെ മുഖം തിരിക്കുന്നവർ പാപികളാണ്. തിരുദൂതർ താക്കീതു ചെയ്ത കാര്യമാണത്. അവിടുന്നു പറഞ്ഞു: 'ആരോടെങ്കിലും തന്റെ സഹോദരൻ മാപ്പു പറയുകയും അവനതു സ്വീകരിക്കാതിരിക്കുകയും ചെയ്താൽ അവന്റെ മേൽ നിയമവിരുദ്ധ ചുങ്കം വാങ്ങുന്നതിനു തുല്യമായ കുറ്റം ചാർത്തപ്പെടും.' (ത്വബ്റാനി 8644, ബൈഹഖി 7985)

ജാബിർ(റ) നിവേദനം: 'ആരോടെങ്കിലും മാപ്പപേക്ഷിക്കുകയും അവനത് നിരാകരിക്കുകയുമാണെങ്കിൽ ഞാൻ നിൽക്കുന്ന ഹൗളുൽ കൗസറിനു സമീപത്തേക്കു വരാൻ അവനു കഴിയില്ല.' (ഹാകിം 4/154, ത്വബ്റാനി 1029) മാപ്പു പറഞ്ഞ് രമ്യതയിലെത്തിയ ശേഷം വല്ല പാരിതോഷികവും കൈമാറലും സുന്നത്താണ്. കഅ്ബുബ്നു മാലിക്(റ) പശ്ചാത്തപിച്ചു മടങ്ങിയ ശേഷം തിരുദൂതരോടു പറഞ്ഞു: 'പശ്ചാത്താപത്തിന്റെ ഭാഗമായി എന്റെ സമ്പത്തു മുഴുവൻ ദാനം നൽകാനും പാപം ചെയ്യുമ്പോൾ ഞാൻ താമസിച്ചിരുന്ന പാർപ്പിടം ഉപേക്ഷിക്കാനും ഞാൻ ആഗ്രഹിക്കുന്നു.'

'താങ്കൾ അതിന്റെ മൂന്നിലൊന്നു ദാനം ചെയ്താൽ മതി' എന്നായിരുന്നു അവിടുത്തെ മറുപടി. (ഹാകിം 4/154) വിശ്വാസികളുടെ - വിശിഷ്യാ സൂഫികളുടെ പെരുമാറ്റരീതി ഇപ്രകാരമായിരിക്കണം.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# കന്നിമൂല

***ചോദ്യം: മയ്യിത്ത്നിസ്കാരത്തിൽ ശാഫിഈ മദ്ഹബുകാരെ കൂടി പരിഗണിച്ച് ഇമാം സനാഇനു പകരം ഫാതിഹ ഓതാമോ?***

***സിറാജുദീൻ, അജ്മാൻ.***

**ഉത്തരം:** മയ്യിത്ത്നിസ്കാരത്തിൽ സനാഇനു പകരം ഫാതിഹ ഓതൽ തഹ്രീമിന്റെ കറാഹത്താണോ അല്ലയോ എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്.

ഇമാം ഹസൻ ശുറുമ്പുലാലി(റ) പറയുന്നു: 'മയ്യിത്ത്നിസ്കാരത്തിൽ ഒന്നാം തക്ബീറിനു ശേഷം സനാഅ് സുന്നത്താണ്. സനാഅ് എന്ന ഉദ്ദേശ്യത്തോടെ ഫാതിഹ ഓതൽ അനുവദനീയമാണ്. കർമ്മശാസ്ത്രത്തിലെ അഭിപ്രായഭിന്നതകൾ പരിഗണിക്കൽ സുന്നത്താണ്. ഇമാം ശാഫിഈ(റ)വിന്റെ അഭിപ്രായമനുസരിച്ച് ഫാതിഹ ഓതൽ മയ്യിത്ത്നിസ്കാരത്തിന്റെ ഫർളാണ്. പ്രസ്തുത അഭിപ്രായം പരിഗണിച്ചുകൊണ്ട് ഖുർആൻ എന്ന ഉദ്ദേശ്യത്തോടെ തന്നെ ഫാതിഹ ഓതുന്നതിനു തടസ്സമില്ല.' (മറാഖിൽഫലാഹ് പേ:584)

ശാഫിഈ മദ്ഹബുകാർ തുടർന്നുനിസ്കരിക്കാത്ത സന്ദർഭത്തിലും ഒന്നാം തക്ബീറിനു ശേഷം ഫാതിഹ ഓതൽ അനുവദനീയമാണെന്നാണ് ഇതിന്നർത്ഥം. എങ്കിൽ ശാഫിഈമദ്ഹബുകാർ പിന്തുടരുമ്പോൾ അവരെ പ്രത്യേകം പരിഗണിക്കണമല്ലോ. ആ നിലക്ക് ഏതായാലും ഫാതിഹ ഓതേണ്ടതാണ്.

***ചോദ്യം: സ്ഥിരമായി ഉപയോഗിക്കുന്ന സ്വർണാഭരണത്തിന് സകാത്ത് നിർബന്ധമുണ്ടോ?***

***ജസീന ഷാജഹാൻ, ചങ്ങനാശ്ശേരി.***

**ഉത്തരം:** അതേ. സ്വർണ്ണം, വെള്ളി ആഭരണങ്ങൾക്ക് സകാത്ത് നിർബന്ധമാണ്. (അല്ലുബാബ് 1/75) സ്ഥിരമായി ഉപയോഗിക്കുക, ഉപയോഗിക്കാതിരിക്കുക എന്ന വ്യത്യാസമില്ലാതെ ഹനഫീ മദ്ഹബിൽ ആഭരണങ്ങൾക്ക് ഈ നിയമം ബാധകമാണ്.

***ചോദ്യം: വീടിന്റെ കന്നിമൂലയിൽ ബാത്റൂം പണിയാൻ പാടില്ലെന്നും പണിതാൽ ആ വീട്ടിൽ നിന്ന് ഐശ്വര്യം നഷ്ടപ്പെട്ടുപോകുമെന്നും മാറാവ്യാധികൾക്ക് അടിമയാകുമെന്നും ഒരു പ്രഭാഷണത്തിൽ കേട്ടു. ഇസ്ലാമിൽ ഇതിനെന്തെങ്കിലും അടിസ്ഥാനമുണ്ടോ?***

***ശാകിറ ജമാൽ, കമ്പംമെട്ട്.***

**ഉത്തരം:** അഗ്നി, കന്നി, വായു, ഈശാന എന്നിങ്ങനെ വീടിന്റെ നാലു മൂലകൾ സങ്കൽപ്പിച്ച് വീടിന്റെ പല ഭാഗങ്ങളും നല്ലതാണെന്നും മറ്റു പലതും പാടില്ലെന്നും പറയുന്നത് ചില മഹർഷിമാർ മനനം ചെയ്തെടുത്ത വാസ്തുവിദ്യ പ്രകാരമാണ്. പ്രസ്തുത വാസ്തുവിദ്യയിൽ ചില ദൈവങ്ങളെയും അവരുടെ തൃപ്തിയെയും പ്രതികൂല സ്വാധീനത്തെയും പരിഗണിക്കുന്നുണ്ട്. പ്രസ്തുത വിശ്വാസങ്ങൾ ഉൾക്കൊള്ളുന്നതും തദടിസ്ഥാനത്തിൽ വാസ്തുവിദ്യയിൽ പറയുന്ന കാര്യങ്ങൾ അനുവർത്തിക്കുന്നതും ഇസ്ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകുന്ന കുറ്റങ്ങളാണ്.

സ്ത്രീകളും ചിലപ്പോൾ പുരുഷന്മാരും വീട്ടിൽ നിന്നു നിസ്കരിക്കുമ്പോൾ ഖിബ്ല തെറ്റാതിരിക്കാൻ സഹായകമായതിനാൽ ഖിബ്ലയുടെ ദിശ ഒപ്പിച്ച് വീട് പണിയുന്നത് നല്ലതാണ്. അടുക്കള, പുറത്തുള്ള ബാത്റൂം, ടോയ്ലറ്റ്, വസ്ത്രങ്ങൾ അലക്കുകയും വിരിക്കുകയും ചെയ്യുന്ന ഭാഗങ്ങൾ തുടങ്ങിയ സ്ത്രീകൾ പെരുമാറുന്ന സ്ഥലങ്ങൾ കൂടുതൽ മറവുള്ളതാകുന്നത് വഴിപോക്കരിൽ നിന്നോ അയൽപക്കത്തു നിന്നോ വീട്ടിൽ വരുന്ന സന്ദർശകരിൽ നിന്നോ സ്ത്രീകൾക്ക് സ്വകാര്യത ലഭിക്കാൻ നല്ലതാണ്. വീടിനു പുറത്തുനിന്ന് നേരിട്ട് ഉള്ളിലേക്ക് മറ്റുള്ളവരുടെ നോട്ടം തടയുന്ന രീതിയിൽ വാതിലുകൾക്കും ജനലുകൾക്കും കർട്ടനിടുന്നത് സുന്നത്താണ്. ബെഡ്റൂമിന്റെ ഉള്ളിൽ സ്ത്രീകൾക്ക് മാത്രമായി നിസ്കാരറൂമുണ്ടാക്കുക, ഖിബ്ലക്കഭിമുഖമായി കിടക്കാൻ സൗകര്യപ്പെടുന്ന രീതിയിൽ കട്ടിലിടാവുന്ന രൂപത്തിൽ ബെഡ്റൂമുകൾ സജ്ജീകരിക്കുക, ഖിബ്ലയിലേക്ക് അഭിമുഖമായോ പിന്തിരിഞ്ഞോ മലമൂത്ര വിസർജനം വരാത്ത രീതിയിൽ ടോയ്ലറ്റുകൾ ക്രമീകരിക്കുക, വുളൂഅ് ചെയ്യുമ്പോഴും കുളിക്കുമ്പോഴും ഖിബ്ലക്കഭിമുഖമാകാൻ പറ്റുന്ന രീതിയിൽ ടാപ്പുകളും ഷവറുകളും ഘടിപ്പിച്ച് ബാത്റൂം സൗകര്യപ്പെടുത്തുക തുടങ്ങി പലതും വീട് നിർമിക്കുമ്പോൾ പരിഗണിക്കാൻ ഇസ്ലാം പ്രചോദനം നൽകുന്നുണ്ട്.

***ചോദ്യം: വിവാഹത്തിന് രണ്ടു സാക്ഷികൾ വേണമെന്നാണല്ലോ നിബന്ധന. പുരുഷന്മാർക്കു പകരം രണ്ട് സ്ത്രീകൾ സാക്ഷികളായാൽ നികാഹ് ശരിയാകുമോ?***

***മുബീന, മാന്നാർ***

**ഉത്തരം:** ഇല്ല. സാക്ഷികളിൽ

ഒരു പുരുഷനും രണ്ട് സ്ത്രീകളും എന്നിങ്ങനെ മൂന്നുപേർ ആയാൽ മതിയാകുന്നതാണ്. (ഫത്ഹുൽ ഖദീർ 6/312,318)

***ചോദ്യം: ഞങ്ങളുടെ നാട്ടിൽ ആത്മഹത്യ ചെയ്തവരുടെ മയ്യിത്ത് സാധാരണ മരണപ്പെട്ടവരെ ഖബ്റടക്കുന്ന സ്ഥലത്ത് അടക്കാതെ പ്രത്യേകമായ മറ്റൊരു സ്ഥലത്താണ് അടക്കംചെയ്യുന്നത്. ഇങ്ങനെ ഒരു നിയമമുണ്ടോ?***

***ജബ്ബാർ, കാഞ്ഞിരപ്പള്ളി.***

**ഉത്തരം:** ആത്മഹത്യ ചെയ്ത മയ്യിത്തിനു മേൽ നിസ്കരിക്കൽ നിർബന്ധമുണ്ടോ, പാടില്ലേ എന്നതിൽ അഭിപ്രായ ഭിന്നതയുണ്ട്. ആത്മഹത്യ ചെയ്തയാൾ ഫാസിഖാണ്. മറ്റൊരു മുസ്ലിമിനെ കൊല്ലുന്നതിനെക്കാൾ കഠിമനമായ പാപമാണ് ആത്മഹത്യ. ഈ കഠിനപാപത്തിൽ നിന്ന് തൗബ ചെയ്യാൻ അവസരമില്ലാത്തയാളുമാണ്. ആത്മഹത്യ ചെയ്ത ഒരാളുടെ മയ്യിത്ത് കൊണ്ടുവന്നപ്പോൾ തിരുനബി(സ) അയാൾക്ക് മയ്യിത്ത് നിസ്കരിച്ചിട്ടില്ല എന്ന ഹദീസ് സ്വഹീഹുമുസ്ലിമിലുണ്ട്. മറ്റുള്ളവരെ ആത്മഹത്യ എന്ന കഠിന പാപത്തിൽ നിന്ന് തടയുന്നതിനു വേണ്ടിയാണ് നബി(സ) ആ മയ്യിത്തിന് നിസ്കരിക്കാതിരുന്നത് എന്നാണ് ആത്മഹത്യ ചെയ്ത മയ്യിത്തിന് നിസ്കരിക്കൽ നിർബന്ധമാണെന്ന് പറയുന്ന പണ്ഡിതന്മാരുടെ വ്യാഖ്യാനം. (റദ്ദുൽ മുഹ്താർ 6/291292) ആയതിനാൽ, ചോദ്യത്തിൽ പറഞ്ഞ രീതിയിൽ ആത്മഹത്യ ചെയ്യുന്നവരുടെ മയ്യിത്തുകൾ പ്രത്യേകസ്ഥലത്ത് മറവുചെയ്യുന്നതു പോലുള്ള കാര്യങ്ങളിലൂടെ മറ്റുള്ളവരെ ആ കഠിനതെറ്റിൽ നിന്ന് പിന്തിരിപ്പിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നത് നല്ലതാണെന്ന് മനസ്സിലാക്കാം.

***ചോദ്യം: ഞങ്ങളുടെ നാട്ടിൽ 80 വർഷത്തിലധികം പഴക്കമുള്ള ജുമാമസ്ജിദിന്റെ ഖിബ്‌ല തെറ്റാണെന്നു തോന്നിയതിനാൽ മാറ്റി നിർണക്കുകയുണ്ടായി. ഹനഫീമദ്ഹബ് പ്രകാരം എങ്ങനെയാണ് ഖിബ്‌ല നിർണയിക്കേണ്ടത്?***

***അബ്ദുറശീദ്, കാഞ്ഞിരപ്പള്ളി.***

**ഉത്തരം:** വിശുദ്ധകഅ്ബ നേർക്കുനേരെ കാണുന്ന സ്ഥലത്തുനിന്ന് നിസ്കരിക്കുന്നവർ വിശുദ്ധകഅ്ബയെ നേർക്കുനേരെ അഭിമുഖീകരിക്കണം. ഇടയിൽ മറയുള്ളതുകൊണ്ട് വിശുദ്ധ കഅ്ബ കാണാത്ത സാഹചര്യത്തിൽ കഅ്ബയുടെ ദിശയിലേക്ക് അഭിമുഖമായി നിസ്കരിച്ചാൽ മതിയാകും. നിസ്കരിക്കുന്നയാളിന്റെ നെറ്റിയിൽ നിന്ന് വശങ്ങൾ മട്ടകോണുകളാകുന്ന രീതിയിൽ പുറപ്പെടുന്ന ലംബരേഖ വിശുദ്ധ കഅ്ബയിലൂടെയോ അതിന്റെ മുകളിലെ അന്തരീക്ഷത്തിലൂടെയോ കടന്നുപോകുന്ന രീതിയിലാവുക എന്നതാണ് നേർക്കുനേർ അഭിമുഖീകരിക്കുക എന്നതുകൊണ്ടുദ്ദേശ്യം. നിസ്കരിക്കുന്നയാളിന്റെ നെറ്റിയിൽ നിന്ന് പുറപ്പെടുന്ന ലംബരേഖയെ ഇടത്, വലത് വശങ്ങളിലായി മട്ടകോണാകുന്ന രീതിയിൽ മുറിച്ചുകടക്കുന്ന മറ്റൊരു രേഖ സങ്കൽപ്പിച്ചാൽ ഈ രണ്ടാം രേഖയുടെ മുൻവശത്തായിരിക്കണം വിശുദ്ധകഅ്ബ എന്നതാണ് കഅ്ബയുടെ ദിശയിലേക്ക് തിരിഞ്ഞ് നിസ്കരിക്കുക എന്നതിന്റെ ഉദ്ദേശ്യം. (ഫത്ഹുൽ ഖദീർ 2/15).

അതായത് കഅ്ബയുടെ കിഴക്കുഭാഗത്തുള്ളവർക്ക് അവരുടെ പടിഞ്ഞാറുവശമാണ് ഖിബ്‌ലയുടെ ദിശ. പടിഞ്ഞാറ് ഭാഗത്തുള്ളവർക്ക് കിഴക്കുവശവും വടക്കുഭാഗത്തുള്ളവർക്ക് തെക്കുവശവും തെക്കു ഭാഗത്തുള്ളവർക്ക് വടക്കുവശവുമാണ് കഅ്ബയുടെ ദിശ. (ഹാശിയത്തുത്വഹ്ത്വാവീ, പേ: 142)

***ചോദ്യം: സ്ത്രീകൾ മൈലാഞ്ചി ഉപയോഗിക്കുന്നതിന്റെ വിധിയെന്ത്?***

**ഉത്തരം:** സ്ത്രീകൾക്ക് കൈകളിലും കാലുകളിലും ജീവികളുടെ ചിത്രങ്ങൾ വരയ്ക്കുന്ന രീതിയിലല്ലാതെ മൈലാഞ്ചി ഉപയോഗിക്കുന്നത് അനുവദനീയമാണ്. പുരുഷന്മാർക്കും ആൺകുട്ടികൾക്കും കറാഹത്താണ്. എന്നാൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തലയിലും താടിയിലും മൈലാഞ്ചി ഉപയോഗിക്കാവുന്നതാണ്. (അൽബഹ്റുർറാഇഖ് 17/335,336)

***ചോദ്യം: ജുമുഅഖുതുബ അറബി അല്ലാത്ത ഭാഷയിൽ നിർവഹിക്കുന്നതിന്റെ വിധിയെന്ത്?***

**ഉത്തരം:** നിസ്കാരത്തിന്റെ തുടക്കത്തിലെ തക്ബീറോ നിസ്കാരത്തിലെ ഖുർആൻ പാരായണമോ അറബിയല്ലാത്ത ഭാഷയിൽ നിർവഹിച്ചാൽ നിസ്കാരം സ്വഹീഹാകുമെന്ന് ഇമാം അബൂഹനീഫ(റ)വിന് അഭിപ്രായമുണ്ടായിരുന്നു. ആ നിസ്കാരം ഫാസിദാകുമെന്നാണ് സ്വാഹിബൈനിയുടെ അഭിപ്രായം. എന്നാൽ പരമ്പരാഗതമായി മുസ്ലിംകൾ അറബിഭാഷയിൽ മാത്രമാണ് ഇക്കാര്യങ്ങൾ നിർവഹിച്ചിരുന്നതെന്നതിനാൽ അതിനു വിരുദ്ധമാകുന്നതുകൊണ്ടും ഇത് കുറ്റകരമാണെന്നു തന്നെയാണ് ഇമാം അബൂഹനീഫ(റ)വിന്റെ അഭിപ്രായം. അറബിയല്ലാത്ത ഭാഷയിൽ ഇവ രണ്ടും നിർവഹിച്ചാൽ നിസ്കാരം ഫാസിദാകുന്നതല്ല എന്ന അഭിപ്രായത്തിൽ നിന്ന് ഫാസിദാകുമെന്ന അഭിപ്രായത്തിലേക്ക് പിന്നീട് ഇമാം അബൂഹനീഫ(റ) മടങ്ങിയിട്ടുണ്ടെന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. മടങ്ങിയെന്നുള്ള അഭിപ്രായമാണ് പ്രബലം. നിസ്കാരത്തിലെ തശഹ്ഹുദും ജുമുഅഖുതുബയും അറബിയല്ലാത്ത ഭാഷയിൽ നിർവഹിക്കുന്നതിൽ മുകളിൽ പറഞ്ഞ അഭിപ്രായഭിന്നതയുണ്ട്. (അൽഹിദായ, അൽഇനായഃ 1/462)

അതായത്, മുകളിൽ പറഞ്ഞ അഭിപ്രായവ്യത്യാസമനുസരിച്ച് ഖുതുബ അറബിയല്ലാത്ത ഭാഷയിൽ നിർവഹിച്ചാൽ ഫാസിദാണെന്നാണ് സ്വാഹിബൈനിയുടെ അഭിപ്രായം. ഇമാം അബൂഹനീഫ(റ)വിന്റെ ആദ്യത്തെ അഭിപ്രായമനുസരിച്ച് ഫാസിദാകുന്നില്ലെങ്കിലും കുറ്റകരം തന്നെയാണ്. പിന്നീട് ഫാസിദാകുമെന്ന അഭിപ്രായത്തിലേക്ക് ഇമാം അബൂഹനീഫ(റ) മടങ്ങി എന്നതാണ് പ്രബലം.

ലൈഫ്സ്റ്റൈൽ

ബശീർ സഖാഫി എളാട്

# സംതൃപ്തിയുടെ രസതന്ത്രം

പ്രശസ്ത തുർക്കി കവി നസീം ഹിക്മത് സുഹൃത്തും ചിത്രകാരനുമായ ആബിദീൻ ദിനോയോട് സന്തോഷത്തെ ചിത്രീകരിക്കാൻ പറഞ്ഞു. ദിനോ വരച്ചു. 'ചോർന്നൊലിക്കുന്ന മേൽക്കൂരയുള്ള, അടുക്കും ചിട്ടയുമില്ലാത്ത ഒരു കുഞ്ഞുമുറിയിൽ പരുക്കൻ കട്ടിലിൽ തലങ്ങും വിലങ്ങുമായി കിടക്കുന്ന ഒരു കുടുംബം. അവരിൽ ഓരോരുടെ മുഖത്തും തെളിഞ്ഞ പുഞ്ചിരി.' ആ പെയിന്റിംഗ് പിന്നീട് ലോകപ്രസിദ്ധി നേടി. ആർക്കും എളുപ്പത്തിൽ പിടി കിട്ടുന്ന സന്ദേശം. ഒരുപാട് സൗകര്യങ്ങൾ ഉണ്ടാകലല്ല; ഉള്ളതിൽ തൃപ്തിപ്പെടലാണ് സന്തോഷം.

തിരുനബി(സ)യുടെ ഒരു പ്രാർത്ഥനാശകലം ഇപ്രകരമാണ്. 'അല്ലാഹുവേ, നീ നൽകിയതിൽ എന്നെ നീ സന്തുഷ്ടനാക്കേണമേ.' സന്തുഷ്ടജീവിതം സ്വപ്നം കാണുന്നവർ സ്വീകരിക്കേണ്ട സൽഗുണങ്ങളിൽ അതിപ്രധാനമാണ് ഉള്ളതുകൊണ്ട് തൃപ്തിപ്പെടൽ അഥവാ അൽഖനാഅഃ! ലഭ്യമായതിൽ സംതൃപ്തരാകാൻ സാധിക്കുന്നവർക്കു മാത്രമേ ജീവിതം ആസ്വാദ്യകരമാക്കാൻ കഴിയൂ. അല്ലാത്തവർ ജീവിതകാലം മുഴുവൻ ദുഃഖിതരും നിരാശരും അസ്വസ്ഥരുമായി കഴിയേണ്ടി വരുമെന്ന മഹദ്സന്ദേശമാണ് തിരുനബി(സ)യുടെ പ്രസ്തുത പ്രാർത്ഥനാവചനത്തിലൂടെയും ദിനോയുടെ പെയിന്റിംഗിലൂടെയും പ്രകാശിതമാകുന്നത്.

സാങ്കേതികവിദ്യകളുടെ വികാസങ്ങളോ സാമ്പത്തിക പുരോഗതികളോ വിദ്യാഭ്യാസരംഗത്തെ ഉയർച്ചകളോ മനുഷ്യമനസ്സുകൾക്ക് സന്തോഷവും സംതൃപ്തിയും പകരാൻ പര്യാപ്തമല്ലെന്ന വസ്തുത ജീവിതാനുഭവങ്ങളിൽ നിന്നു തന്നെ നാം പഠിച്ചെടുത്ത പാഠമാണ്. മെച്ചമായ ജീവിതനിലവാരം പുലർത്താൻ ഈ പുരോഗതികളെല്ലാം നിമിത്തമായിട്ടുണ്ടെങ്കിലും സന്തോഷദായകമായ മാനസികാവസ്ഥ പ്രദാനം ചെയ്യാൻ ഇവയ്ക്കു കഴിയില്ല. സൗകര്യങ്ങൾ വർധിക്കുന്നതിനനുസരിച്ച് അസംതൃപ്ത ജീവിതങ്ങളും പെരുകുന്നതാണ് വർത്ത



സാങ്കേതികവിദ്യകളുടെ വികാസങ്ങളോ സാമ്പത്തിക പുരോഗതികളോ വിദ്യാഭ്യാസരംഗത്തെ ഉയർച്ചകളോ മനുഷ്യമനസ്സുകൾക്ക് സന്തോഷവും സംതൃപ്തിയും പകരാൻ പര്യാപ്തമല്ലെന്ന വസ്തുത ജീവിതാനുഭവങ്ങളിൽ നിന്നു തന്നെ നാം പഠിച്ചെടുത്ത പാഠമാണ്. മെച്ചമായ ജീവിതനിലവാരം പുലർത്താൻ ഈ പുരോഗതികളെല്ലാം നിമിത്തമായിട്ടുണ്ടെങ്കിലും സന്തോഷദായകമായ മാനസികാവസ്ഥ പ്രദാനം ചെയ്യാൻ ഇവയ്ക്കു കഴിയില്ല.

**സമ്പത്തും സംതൃപ്തിയും തമ്മിൽ പറയത്തക്ക ബന്ധങ്ങളൊന്നുമില്ല. പക്ഷേ, സമ്പത്ത് കൂടുമ്പോൾ മോഹങ്ങൾ സഫലമാകുമെന്നും മോഹങ്ങൾ സഫലമാകുമ്പോൾ സംതൃപ്തി കൈവരുമെന്നും മനുഷ്യർ ചിന്തിക്കുന്നു. അങ്ങനെ സമ്പത്ത് വാരിക്കൂട്ടാനുള്ള ആർത്തിയിലേക്ക് വഴുതി വീഴുന്നു. ലഭിക്കുന്ന ഓരോ നാണയവും അവന് പുതിയ മോഹങ്ങൾ സമ്മാനിക്കുന്നു. ഓരോ മോഹത്തിനും നാണയങ്ങളുടെ പതിന്മടങ്ങ് വലുപ്പമുണ്ടാവും.**

മാനകാലാനുഭവം.

സമ്പത്തും സംതൃപ്തിയും തമ്മിൽ പറയത്തക്ക ബന്ധങ്ങളൊന്നുമില്ല. പക്ഷേ, സമ്പത്ത് കൂടുമ്പോൾ മോഹങ്ങൾ സഫലമാകുമെന്നും മോഹങ്ങൾ സഫലമാകുമ്പോൾ സംതൃപ്തി കൈവരുമെന്നും മനുഷ്യർ ചിന്തിക്കുന്നു. അങ്ങനെ സമ്പത്ത് വാരിക്കൂട്ടാനുള്ള ആർത്തിയിലേക്ക് വഴുതി വീഴുന്നു. ലഭിക്കുന്ന ഓരോ നാണയവും അവന് പുതിയ മോഹങ്ങൾ സമ്മാനിക്കുന്നു. ഓരോ മോഹത്തിനും നാണയങ്ങളുടെ പതിന്മടങ്ങ് വലുപ്പമുണ്ടാവും. അങ്ങനെ മരീചിക പോലെ സംതൃപ്തി അകന്നകന്നു പോകുന്നു. മരണംവരെ അവൻ മോഹിച്ചുകൊണ്ടിരിക്കും. തിരുനബി(സ) അരുളി: 'മനുഷ്യന് സ്വർണ്ണത്തിന്റെ രണ്ടു മലഞ്ചരിവുകൾ ലഭിച്ചാൽ മൂന്നാമതൊന്നു കൂടി കിട്ടിയിരുന്നെങ്കിൽ എന്നാഗ്രഹിക്കും. മണ്ണല്ലാതെ അവന്റെ ആഗ്രഹങ്ങളെ തടഞ്ഞുനിർത്തുകയില്ല.' സൂറത്തുതകാസുറിലെ ഒന്നു മുതൽ അഞ്ചുവരെയുള്ള ആയത്തുകളുടെ ആശയവിവർത്തനം ഇതിനോട് ചേർത്തുവായിക്കുന്നത് സംഗതമായിരിക്കും: 'കുഴിമാടങ്ങളിലെത്തുന്നതു വരെ ഭൗതികഭ്രമം നിങ്ങളെ അശ്രദ്ധമാക്കുന്നു. തീർച്ച, നിങ്ങളതറിയും. പിന്നീട്, നിങ്ങൾ അറിയുക തന്നെ ചെയ്യും! തീർച്ച, നിങ്ങൾ പിന്നീട് ഉറപ്പായും അറിയും.' (വിശുദ്ധ ഖുർആൻ 102/1-5)

ഉള്ളതുകൊണ്ട് സംതൃപ്തമാകാൻ സാധിക്കാത്തവരുടെ മാനസികാവസ്ഥയെ രസകരമായി പൂന്താനം നമ്പൂതിരി ജ്ഞാനപ്പാനയിൽ അവതരിപ്പിക്കുന്നുണ്ട്:

'അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരു കാലം.
പത്തു കിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആയിരം പണം കൈയിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യമെന്നതും
ആശയായുള്ള പാശമതിങ്കേന്നു
വേറിടാതെ കരേറുന്നു മേല്ക്കുമേൽ.'

ഒരു ബാർബർ ആഴ്ചയിലൊരിക്കൽ ഹാറൂൻറശീദിന്റെ കൊട്ടാരത്തിൽ വന്ന് തന്റെ ജോലി നിർവഹിച്ച് തിരിച്ചുപോകാറുണ്ടായിരുന്നു. ഒരു നാണയമായിരുന്നു അയാൾക്കുള്ള പ്രതിഫലം. ബാർബർ പ്രതിഫലം വാങ്ങി സന്തോഷത്തോടെ മടങ്ങിപ്പോകും. രാജാവ് അത് ശ്രദ്ധിച്ചു. ഒരിക്കൽ അദ്ദേഹം മന്ത്രിയോട് ചോദിച്ചു: 'മന്ത്രീ, എന്താണിങ്ങനെ? ധാരാളം സമ്പത്തും അധികാരവുമുണ്ടായിരുന്നിട്ടും നമുക്ക് വേണ്ടത്ര സമാധാനമോ സന്തോഷമോ ലഭിക്കുന്നില്ല; ആ ബാർബറെ കണ്ടില്ലേ? ഓരോ തവണയും നാം നൽകുന്ന നാണയം വാങ്ങി വളരെ സന്തോഷത്തോടെ അയാൾ തിരിച്ചുപോകുന്നല്ലോ.' ഇതുകേട്ട് മന്ത്രി പറഞ്ഞു: 'മഹാരാജാവേ, അദ്ദേഹത്തിന്റെ സന്തോഷം ഞാൻ ഉടനെ കെടുത്തിക്കളയുന്നതു കാണണോ?'

രാജാവ് പറഞ്ഞു: 'ശരി, അങ്ങനെയാവട്ടെ.'

അടുത്തയാഴ്ച ബാർബർ തിരിച്ചുപോകുമ്പോൾ മന്ത്രി 99 നാണയങ്ങളുള്ള ഒരു സഞ്ചി ബാർബറിനു കൊടുത്തു. അയാൾ വീട്ടിലെത്തി നാണയ സഞ്ചി തുറന്ന് എണ്ണിനോക്കി. അതിൽ 99 നാണയങ്ങളേയുള്ളൂ. നൂറെണ്ണം കാണുമെന്ന പ്രതീക്ഷയിൽ അയാൾ പലതവണ എണ്ണി. നിരാശയായിരുന്നു ഫലം. അവസാനം 99 എണ്ണമേയുള്ളൂ എന്നുറപ്പിച്ച് അയാൾ അത് 100 തികയ്ക്കാനുള്ള ശ്രമമായി. ഒരാഴ്ച മുഴുവൻ അധ്വാനിച്ചിട്ടും അയാൾക്കതിനു സാധിച്ചില്ല. അടുത്താഴ്ച കൊട്ടാരത്തിലെത്തിയ അയാൾ ദുഃഖിതനായി കാണപ്പെട്ടു. അപ്പോൾ മന്ത്രി ഹാറൂൻറശീദിനോട് പറഞ്ഞു: 'മഹാരാജാവേ, നോക്കൂ. അയാളുടെ മുഖത്ത് സന്തോഷം കാണുന്നുണ്ടോ?' 'ഇല്ലല്ലോ.' രാജാവ് മന്ത്രിയെ അഭിനന്ദിച്ചു. അതിനു പിന്നിലെ രഹസ്യം മന്ത്രി വിശദീകരിച്ചുകൊടുക്കുകയും ചെയ്തു.



ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവർ സദാ സ്വസ്ഥരും സന്തുഷ്ടരുമായിരിക്കും. അതിനു സാധിക്കാത്തവർ അസംതൃപ്തരും ദുഃഖിതരും.

ഭൗതികസുഖങ്ങൾ തീരെ അനുഭവിക്കരുതെന്നോ ആഗ്രഹങ്ങൾ തീരെ പാടില്ലെന്നോ ഇതിനർഥമില്ല. മനുഷ്യനുവേണ്ടിയാണ് ഭൂമുഖത്തുള്ളതു മുഴുവനും സൃഷ്ടിച്ചതെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ, മനുഷ്യർക്കായി നാഥൻ സംവിധാനിച്ച സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണം. ജീവിതം സുഗമമാക്കാൻ സാമ്പത്തികഭദ്രത അനിവാര്യമായതിനാൽ ധനാഗമന-വിനിയോഗ മാർഗ്ഗങ്ങൾ സുതാര്യവും ധാർമികവുമായിരിക്കണം. ഈ നിബന്ധനകൾക്കു വിധേയമായി പണം സമ്പാദിക്കാനുള്ള മാർഗങ്ങൾ യഥേഷ്ടമുണ്ട്. പക്ഷേ, അനുഭൂതിയുടെ പുതിയ ആകാശങ്ങൾ തേടിയുള്ള യാത്രയിൽ അനുഭവിക്കുന്ന സുഖത്തിന്റെ മധുരം നാം അറിയാതെ പോകരുത്. തിരുനബി പറയുന്നു: 'വിഭവങ്ങളുടെ ആധിക്യമല്ല; മനസ്സിന്റെ നിറവാണ് ഐശ്വര്യം.' 'നമ്മുടെ



**സമ്പത്തിനോടുള്ള അമിതമായ ആർത്തി മനുഷ്യമനസ്സുകളെ മലീമസമാക്കും. അക്രമോത്സുകതയും അസഹിഷ്ണുതയും അസൂയയും മനുഷ്യമനസ്സുകളിൽ അത് ജനിപ്പിക്കും. വർത്തമാനകാലത്ത് വർധിച്ചുകൊണ്ടിരിക്കുന്ന കൊലപാതകങ്ങളും അക്രമസംഭവങ്ങളും ആത്മഹത്യകളും ഈ യാഥാർത്ഥ്യങ്ങളുടെ മതിയായ തെളിവുകളാണ്.**

ആവശ്യങ്ങൾ നിറവേറ്റിത്തരാൻ ഭൂമിക്കു കഴിയും. പക്ഷേ, ആർത്തി നിറവേറ്റാനാകില്ല' എന്ന ഗാന്ധിമൊഴിയും പ്രസക്തം.

സമ്പത്തിനോടുള്ള അമിതമായ ആർത്തി മനുഷ്യമനസ്സുകളെ മലീമസമാക്കും. അക്രമോത്സുകതയും അസഹിഷ്ണുതയും അസൂയയും മനുഷ്യമനസ്സുകളിൽ അത് ജനിപ്പിക്കും. വർത്തമാനകാലത്ത് വർധിച്ചുകൊണ്ടിരിക്കുന്ന കൊലപാതകങ്ങളും അക്രമസംഭവങ്ങളും ആത്മഹത്യകളും ഈ യാഥാർത്ഥ്യങ്ങളുടെ മതിയായ തെളിവുകളാണ്. സ്വത്ത് സ്വന്തമാക്കാൻ വേണ്ടി മാതാപിതാക്കൾക്ക് വിഷം നൽകി കൊലപ്പെടുത്തിയ മകളും, പിതാവിനെ വധിക്കാൻ കൊട്ടേഷൻ നൽകിയ മരുമകളും ഈ ദുഷിച്ച മനഃസ്ഥിതിയുടെ ഉൽപ്പന്നങ്ങളാണ്.

തിരുനബി(സ)യുടെ പ്രസ്താവന എത്രമാത്രം പ്രസക്തമാണ്: 'ജനങ്ങൾക്ക് ഒരു കാലം വരും. അന്ന് മതനിഷ്ഠയനുസരിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു മലമുകളിൽ നിന്ന് മറ്റൊരു മലമുകളിലേക്ക്, ഒരു മാളത്തിൽ നിന്ന് മറ്റൊരു മാളത്തിലേക്ക് തന്റെ മതവുമായി ഓടേണ്ടി വരും. അല്ലാഹു വിലക്കിയ കാര്യങ്ങൾ ഉപേക്ഷിച്ചുള്ള ജീവിതം അന്ന് ദുസ്സഹമാകും. വിവാഹം കഴിക്കാതിരിക്കൽ അനുവദനീയമാകും.'

സ്വഹാബികൾ ചോദിച്ചു: 'അങ്ങ് ഞങ്ങളോട് വിവാഹം കഴിക്കാൻ കല്പിക്കുകയാണല്ലോ ചെയ്യാറുള്ളത്. എന്നിട്ടെന്താണിങ്ങനെ?' തിരുനബി(സ)യുടെ പ്രതികരണം: 'അക്കാലത്ത് ഒരാളുടെ നാശം, അയാളുടെ മാതാപിതാക്കളുടെ കൈ കൊണ്ടായിരിക്കും. അവരില്ലെങ്കിൽ സ്വന്തം ഭാര്യയുടെ കൈകൊണ്ട്. അല്ലെങ്കിൽ, മക്കളുടെ. മക്കളുമില്ലെങ്കിൽ ബന്ധുക്കളുടെ, അയൽവാസികളുടെ.' അവർ ചോദിച്ചു: 'അതെങ്ങനെ?'

റസൂൽ(സ) മറുപടി നൽകി: 'ജീവിതനിലവാരം പറഞ്ഞ് അവർ അവനെ വഷളാക്കും. തനിക്ക് സാധിക്കാത്ത കാര്യങ്ങൾ ചെയ്യാൻ അവർ അവനെ നിർബന്ധിക്കും. അങ്ങനെ നാശത്തിന്റെ പടുകുഴികളിൽ അവൻ സ്വയം അകപ്പെടും.'

താഴേക്കിടയിലുള്ളവരിലേക്ക് നോക്കിയും നേടിയ അനുഗ്രഹങ്ങളിൽ സംതൃപ്തരായും കൃതജ്ഞത നിറഞ്ഞ മനസ്സുമായി ജീവിക്കാനാണ് മുത്തുനബി(സ)യുടെ ഉപദേശം: 'നിങ്ങളുടെ മുകളിലുള്ളവരിലേക്ക് നോക്കരുത്; താഴേക്കിടയിലുള്ളവരിലേക്ക് നോക്കുക. റബ്ബിന്റെ അനുഗ്രഹം ചെറുതായിക്കാണാതിരിക്കാൻ അതാണ് നിങ്ങൾക്കുത്തമം.' (ബുഖാരി) ഉപഭോഗം പരിധി വിടാതിരിക്കാൻ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശവും അവിടുന്ന് നൽകിയിട്ടുണ്ട്: 'കിടക്ക വീട്ടുകാർക്കും അതിഥികൾക്കും ഓരോന്നാകാം. അതിലധികമുള്ളത് പിശാചിനുള്ളതാണ്.'

സൈനുദ്ദീൻ മഖ്ദൂം(റ) അദ്കിയായിൽ രേഖപ്പെടുത്തുന്നു: 'ഭക്ഷണം, വസ്ത്രം, വീട് എന്നിവയിൽ ധാരാളിത്തം ഒഴിവാക്കി നീ തൃപ്തിപ്പെടുക.'

ചരിതം

ബശീർ സഖാഫി വാണിയമ്പലം

# ഗുഹയിലകപ്പെട്ട മൂന്നുപേരുടെ കഥ

ബനൂഇസ്റാഈലിലെ മൂന്നുപേർ ഒരു യാത്ര പുറപ്പെട്ടു. യാത്രാമധ്യേ, വിശ്രമിക്കാനും ഉറങ്ങാനും വേണ്ടി അവർ ഒരു ഗുഹയിൽ പ്രവേശിച്ചു. അല്പനേരം കഴിഞ്ഞപ്പോൾ അവിചാരിതമായി ഒരു പാറക്കഷ്ണം ഉരുണ്ടു വന്ന് ഗുഹാമുഖം അടഞ്ഞുപോയി. അതിനുള്ളിൽ നിന്നു രക്ഷപ്പെടാനുള്ള വഴികൾ പരസ്പരം ആരാഞ്ഞു കൊണ്ടിരിക്കെ അവർക്കൊരു ഉപായം തോന്നി. തങ്ങളുടെ ജീവിതത്തിൽ ചെയ്ത ഓരോ സൽകർമ്മങ്ങൾ മുൻനിർത്തി അല്ലാഹുവിനോട് പ്രാർത്ഥിക്കുക. അതുവഴി അല്ലാഹു നമ്മെ രക്ഷപ്പെടുത്തിയേക്കാം.



മൂവരിൽ ഒരാൾ ഇങ്ങനെ പറഞ്ഞു: ‘അല്ലാഹുവേ, എനിക്ക് പ്രായംചെന്ന ഉമ്മയും ഉപ്പയും ഉണ്ടായിരുന്നു. ജോലി കഴിഞ്ഞു വീട്ടിലെത്തുമ്പോൾ കൈയിലുള്ളത് ഭാര്യക്കും മക്കൾക്കും നൽകുന്നതിനു മുമ്പ് ഉമ്മാക്കും ഉപ്പാക്കുമാണ് ഞാൻ നൽകാറുണ്ടായിരുന്നത്. മൃഗങ്ങൾക്കുള്ള പുല്ലും വെള്ളവും അന്വേഷിച്ച് കുറെ നടന്നതിനാൽ ഒരു ദിവസം ഞാൻ വീട്ടിലെത്താൻ വൈകിപ്പോയി. ഞാൻ പാൽ കറന്നു വീടിനകത്തെത്തിയപ്പോഴേക്കും ഉമ്മയും ഉപ്പയും ഉറങ്ങിപ്പോയിരുന്നു. അവരെ വിളിച്ചുണർത്തുന്നത് അദബുകേടാണെന്ന് മനസ്സിലാക്കി അവർ ഉണരുന്നതു വരെ പാൽപ്പാത്രവും കൈയിൽ പിടിച്ച് ഞാൻ കാത്തിരുന്നു. വിശന്നു വലഞ്ഞ മക്കൾ അരികിലിരുന്ന് കരയുന്നത് ഞാൻ ശ്രദ്ധിച്ചതേയില്ല. ഉമ്മയും ഉപ്പയും ഉണർന്നപ്പോഴേക്ക് നേരം പുലർന്നിരുന്നു. ഉണർന്നയുടൻ കൈയിലുണ്ടായിരുന്ന പാൽപ്പാത്രം ഞാൻ അവർക്കു നീട്ടി. അവർ അതിൽ നിന്ന് കുടിക്കുകയും ചെയ്തു. ഞാൻ ഇങ്ങനെ ചെയ്തത് അല്ലാഹുവേ, നിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടു മാത്രമാണ്. ഇതൊരു സുകൃതമായി നീ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഈ വിഷമസന്ധിയിൽ നിന്ന് ഞങ്ങൾക്ക് മോചനം നൽകേണമേ.’ ഒന്നാമന്റെ ദുആ കഴിഞ്ഞതോടെ പാറ ഗുഹാമുഖത്തുനിന്ന് അല്പം നീങ്ങി. എങ്കിലും, ആ വിടവിലൂടെ അവർക്ക് രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല.

തുടർന്ന് രണ്ടാമൻ പ്രാർത്ഥിച്ചു: ‘പടച്ചവനേ, എനിക്ക് ഒരു പിതൃവ്യപുത്രിയുണ്ടായിരുന്നു. അവളോട് അങ്ങേയറ്റത്തെ സ്നേഹമായിരുന്നു എനിക്ക്. അവളുമായി ശാരീരിക ബന്ധത്തിലേർപ്പെടാൻ ഞാൻ അത്യധികം ആഗ്രഹിച്ചു. പക്ഷേ, അവൾ വിസമ്മതിക്കുകയായിരുന്നു. അങ്ങനെ നാട്ടിൽ ഒരു ക്ഷാമകാലം വന്നു. വലിയ പ്രയാസം നേരിട്ടപ്പോൾ പണം അന്വേഷിച്ചുകൊണ്ട് അവൾ എന്നെ സമീപിച്ചു. ലൈംഗികവേഴ്ചക്ക് വഴങ്ങാമെന്ന വ്യവസ്ഥയിൽ ഞാൻ അവൾക്ക് 120 ദിനാർ കൊടുത്തു. സ്വകാര്യമായ ഒരിടത്തുവച്ച് അവളുമായി ലൈംഗികബന്ധത്തിൽ

ഏർപ്പെടാൻ തയ്യാറെടുക്കുമ്പോൾ അവൾ പറഞ്ഞു: 'സഹോദരാ, നീ അല്ലാഹുവിനെ സൂക്ഷിക്കുക. അവിഹിതമായി നീ എന്റെ ചാരിത്ര്യം നശിപ്പിക്കരുത്.' ഇതു കേട്ടയുടൻ എന്നിൽ അല്ലാഹുവിനെക്കുറിച്ചുള്ള ചിന്ത ഉടലെടുക്കുകയും ആ ദുഷ്പ്രവർത്തനത്തിൽ നിന്ന് പിന്മാറുകയും ചെയ്തു. അവളെ ഞാൻ വെറുതെ വിട്ടു. 120 ദിനാറിൽ ഒരു ദിനാർ പോലും ഞാൻ തിരിച്ചുവാങ്ങിയില്ല.

അല്ലാഹുവേ, ഞാൻ ഈ ചെയ്തത് നിന്റെ പൊരുത്തം ആഗ്രഹിച്ചുകൊണ്ടു മാത്രമാണ്. ഇതൊരു നന്മയായി നീ പരിഗണിച്ചിട്ടുണ്ടെങ്കിൽ ഈ പ്രതിസന്ധിയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ.'

രണ്ടാമന്റെ പ്രാർത്ഥന തീർന്നതും, പാറക്കല്ല് അല്പംകൂടി നീങ്ങി. പുറം കാഴ്ചകൾ കാണാനായെങ്കിലും ആ പഴുതിലൂടെ പുറത്തുകടക്കാൻ അവർക്ക് കഴിയുമായിരുന്നില്ല.

തുടർന്ന് മൂന്നാമൻ ഇങ്ങനെ പ്രാർത്ഥിച്ചു: പടച്ചവനേ, പറമ്പിൽ പണിയെടുക്കാൻ ഞാൻ കുറച്ചാളുകളെ വിളിച്ചിരുന്നു. പണി കഴിഞ്ഞ് എല്ലാവരും കൂലി വാങ്ങി മടങ്ങി. ഒരാൾ ഒന്നും വാങ്ങാതെ പോയി. എന്നെങ്കിലും ഒരിക്കൽ അയാൾ വരികയാണെങ്കിൽ കൊടുക്കാമെന്നു കരുതി അയാളുടെ കൂലി ഉപയോഗിച്ച് ഞാൻ ഒരു മൃഗത്തെ വാങ്ങി. വർഷങ്ങൾ കഴിഞ്ഞപ്പോൾ അത് പെറ്റുപെരുകി. അങ്ങനെ ഒരു താഴ്‌വര മുഴുവൻ ആടുകളും പശുക്കളും നിറഞ്ഞു.

അങ്ങനെയിരിക്കെ, ഒരു ദിവസം കൂലി വാങ്ങാതെ പോയയാൾ തിരിച്ചെത്തി. തന്റെ കൂലി തരണമെന്ന് ആവശ്യപ്പെട്ടു. അപ്പോൾ ഞാൻ അയാളോട് പറഞ്ഞു: 'ആ താഴ്‌വരയിൽ കാണുന്ന മൃഗങ്ങളെല്ലാം നിന്റേതാണ്. എല്ലാറ്റിനെയും തെളിച്ചുകൊണ്ടുപോയ്ക്കൊള്ളൂ.'

ഇതുകേട്ട് അമ്പരന്നുപോയ അയാൾ പറഞ്ഞു: 'നിങ്ങളെന്നെ പരിഹസിക്കുകയാണോ?'

ഒരു ദിവസത്തെ കൂലിക്കു പകരം ഇതെല്ലാം എടുത്തോളൂ എന്നു പറഞ്ഞാൽ ആരാണ് വിശ്വസിക്കുക? ഞാനപ്പോൾ കാര്യങ്ങൾ അയാൾക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അതോടെ, ഒന്നൊഴിയാതെ മുഴുവൻ മൃഗങ്ങളെയും അയാൾ തെളിച്ചുകൊണ്ടുപോയി. ഞാനൊരു എതിർപ്പും പ്രകടിപ്പിച്ചില്ല. അല്ലാഹുവേ, നിന്റെ തൃപ്തി മാത്രം കാംക്ഷിച്ചാണ് ഞാനിങ്ങനെ ചെയ്തത്. ഇതൊരു സൽകർമ്മമായി നീ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഈ ദുരിതത്തിൽ നിന്ന് ഞങ്ങൾക്കു നീ മോചനം നൽകേണമേ.'

അതോടെ പാറക്കഷ്ണം ഗുഹാമുഖത്ത് നിന്ന് നീങ്ങിപ്പോയി. അവർ സന്തോഷത്തോടെ പുറത്തിറങ്ങി രക്ഷപ്പെട്ടു. (ബുഖാരി, മുസ്‌ലിം)

*അവലംബം: അൽബിദായതു വന്നിഹായ 2/156*

## വാർത്തകൾ

# എല്ലാവരെയും ചേർത്തുപിടിക്കും – കാന്തപുരം

കോഴിക്കോട്: പ്രബുദ്ധ കേരളത്തിന്റെ പുനഃസൃഷ്ടിപ്പിനാവശ്യമായ ആശയങ്ങളായിരിക്കും കേരളയാത്ര മുന്നോട്ടുവെക്കുകയെന്ന് ഇന്ത്യൻ ഗ്രാന്റ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. കോഴിക്കോട് നടന്ന കേരള മുസ്‌ലിം ജമാഅത്ത് സ്റ്റേറ്റ് സെൻട്രൽ എക്സിക്യൂട്ടീവ് യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പല കാരണങ്ങളാൽ ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന അരക്ഷിതാവസ്ഥ അകറ്റി എല്ലാവരെയും ചേർത്തുപിടിക്കുക എന്നതാണ് കേരളയാത്രയുടെ ലക്ഷ്യം. കാലം ആഗ്രഹിക്കുന്ന മഹാദൗത്യമാണ് പ്രസ്ഥാനം ഏറ്റെടുത്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി അധ്യക്ഷത വഹിച്ചു. സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി പ്രാർത്ഥന നടത്തി. സി മുഹമ്മദ് ഫൈസി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, പേരോട് അബ്ദുറഹ്മാൻ സഖാഫി, സി പി സൈദലവി, മജീദ് കക്കാട്, മുഹമ്മദ് പറവൂർ, അബൂബക്കർ പടിക്കൽ വിവിധ വകുപ്പുകൾ കേന്ദ്രീകരിച്ച് വിഷയമവതരിപ്പിച്ചു. കോടമ്പുഴ ബാവ മുസ്‌ലിയാർ, മാരായമംഗലം അബ്ദുറഹ്മാൻ ഫൈസി, വിപിഎം വില്യാപ്പള്ളി, എം എൻ കുഞ്ഞഹമ്മദ് ഹാജി, താഴപ്ര മൊയ്തീൻകുട്ടി മുസ്‌ലിയാർ, സയ്യിദ് ത്വാഹാ സഖാഫി, എ പി അബ്ദുൽഹകീം അസ്ഹരി, സയ്യിദ് മുനീറുൽ അഹ്ദൽ ചർച്ചകൾക്ക് നേതൃത്വം നൽകി. എൻ അലി അബ്ദുല്ല സ്വാഗതവും മുസ്തഫ കോഡൂർ നന്ദിയും പറഞ്ഞു.

# മുഅല്ലിംകൾ സേവനസജ്ജരാവണം

കോഴിക്കോട്: മദ്റസ മുഅല്ലിംകൾ സേവനസജ്ജരാവണമെന്ന് അബൂഹനീഫൽ ഫൈസി. എസ് ജെ എം സെൻട്രൽ കമ്മിറ്റി സംഘടിപ്പിച്ച ഉത്തരമേഖല ജില്ലകളിലെ റെയ്ഞ്ച് വെൽഫെയർ സെക്രട്ടറിമാരുടെ സംയുക്ത സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ആതുരസേവനം, നിർധനരായ മുഅല്ലിമിന്റെ മക്കളുടെയും ആശ്രിതരുടെയും വിവാഹം, വീടുനിർമ്മാണം തുടങ്ങി ബഹുമുഖ മേഖലകളിൽ എസ് ജെ എം ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു. സമസ്ത സെന്റർ ഓഡിറ്റോറിയത്തിൽ നടന്ന സംഗമത്തിൽ എസ് ജെ എം ട്രഷറർ വിപിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. സുലൈമാൻ സഖാഫി കുഞ്ഞുകുളം വിഷയാവതരണം നടത്തി. കെ പിഎച്ച് തങ്ങൾ, ബശീർ മുസ്‌ലിയാർ ചെറൂപ്പ, വി വി അബൂബക്കർ സഖാഫി വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. കെ ഉമർ മദനി സ്വാഗതം പറഞ്ഞു.

## കേരളയാത്ര വിജയിപ്പിക്കും – എസ് ജെ എം

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി ഡിസംബർ 1 മുതൽ 16 വരെ കേരള മുസ്‌ലിം ജമാഅത്ത് സംഘടിപ്പിക്കുന്ന കാന്തപുരം ഉസ്താദിന്റെ കേരളയാത്ര വിജയിപ്പിക്കുവാൻ എസ് ജെ എം ജില്ലാ സെക്രട്ടറിമാരുടെ സംസ്ഥാനതല സംഗമം തീരുമാനിച്ചു. വിവിധ ജില്ലകളിൽ നൽകപ്പെടുന്ന സ്വീകരണങ്ങളിൽ അതത് ജില്ലകളിലെ മുഅല്ലിംകളുടെ നിറസാന്നിധ്യം ഉറപ്പുവരുത്തണമെന്ന് സംഗമം ആഹ്വാനം ചെയ്തു.

എസ് ജെ എം സംസ്ഥാന ട്രഷറർ വിപിഎം വില്യാപ്പള്ളിയുടെ അധ്യക്ഷതയിൽ സമസ്ത സെന്ററിൽ നടന്ന സംഗമം ജില്ലാ തലങ്ങളിൽ ലീഡ്കോൺ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

സെക്രട്ടറി ഉമർ മദനി ഉദ്ഘാടനം ചെയ്തു. കുഞ്ഞുകുളം സുലൈമാൻ സഖാഫി വിഷയാവതരണം നടത്തി. വി വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, സി എം യൂസുഫ് സഖാഫി, ചർച്ചകൾക്ക് നേതൃത്വം നൽകി. വിവിധ ജില്ലാ സെക്രട്ടറിമാർ ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ചു.

## 9 മദ്റസകൾക്കു കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി 9 മദ്റസകൾക്ക് കൂടി അംഗീകാരം നൽകി. തമിഴ്നാട് തഞ്ചാവൂർ ജില്ലയിൽ നിന്നുള്ള മദ്റസകൾക്കാണ് പുതുതായി അംഗീകാരം ലഭിച്ചത്. സമസ്തസെന്ററിൽ നടന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ കെ എസ് ആറ്റക്കോയ തങ്ങൾ അധ്യക്ഷത വഹിച്ചു. കെ പി മുഹമ്മദ് മുസ്‌ലിയാർ ചർച്ച ഉദ്ഘാടനം ചെയ്തു. സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, അബൂഹനീഫൽ ഫൈസി, വിപിഎം വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സുലൈമാൻ സഖാഫി മാളിയേക്കൽ, കെ എം എ റഹീം, സിപി സൈദലവി, എൻ അലി അബ്ദുല്ല, ഡോ. അബ്ദുൽ അസീസ് ഫൈസി, മജീദ് കക്കാട് തുടങ്ങിയവർ ചർച്ചക്ക് നേതൃത്വം നൽകി.

## കുസുമം സിൽവർജൂബിലി ആഘോഷിക്കുന്നു

കോഴിക്കോട്: സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ വിദ്യാർത്ഥികൾക്കായി പ്രസിദ്ധീകരിക്കുന്ന കുസുമം ബാലമാസികയുടെ 25-ാം വാർഷികം വിപുലപരിപാടികളോടെ ആഘോഷിക്കാൻ എസ് ജെ എം തീരുമാനിച്ചു. കുട്ടികളിൽ അറിവുകളും ധാർമിക ചിന്തകളും വളരാൻ സഹായിക്കുന്ന മാസിക 2001 ലാണ് പ്രസിദ്ധീകരണമാരംഭിച്ചത്. സിൽവർജൂബിലി ആഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കുവേണ്ടി സാഹിത്യക്യാമ്പുകളും ശില്പശാലകളും മത്സരങ്ങളും സംഘടിപ്പിക്കാൻ സമസ്തസെന്ററിൽ ചേർന്ന എസ് ജെ എം സെക്രട്ടറിയേറ്റ് യോഗം തീരുമാനിച്ചു. സിൽവർജൂബിലി അനുബന്ധ പദ്ധതികൾ ആവിഷ്കരിക്കാൻ വി വി അബൂബക്കർ സഖാഫി കൺവീനറും ശഫീഖ് ബുഖാരി, സുഫ്യാൻ ബുഖാരി അംഗങ്ങളുമായി മൂന്നംഗ സമിതിക്ക് യോഗം രൂപം നൽകി. പ്രസിഡന്റ് അലി ബാഫഖി അധ്യക്ഷതവഹിച്ചു. ജന.സെക്രട്ടറി അബൂഹനീഫൽ ഫൈസി, ട്രഷറർ വിപിഎം വില്യാപ്പള്ളി, സെക്രട്ടറി മാരായ ബശീർ മുസ്‌ലിയാർ ചെറൂപ്പ, സുലൈമാൻ സഖാഫി കുഞ്ഞുകുളം സംസാരിച്ചു.

## തദ്‌രീബ്: ഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: സുന്നി വിദ്യാഭ്യാസ ബോർഡ് വിശുദ്ധ ഖുർആൻ പാരായണ പരിശീലനത്തിന് വേണ്ടി തയ്യാറാക്കിയ തദ്‌രീബ് ഖത്മുൽഖുർആൻ കോഴ്സിന്റെ രണ്ടാം സെമസ്റ്റർ പരീക്ഷാഫലം പ്രഖ്യാപിച്ചു.

ഖാരിഅ് യൂസുഫ് ലത്വീഫിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും കാലത്ത് ആറിന് ഓൺലൈനിൽ നടത്തുന്ന പരിശീലന ക്ലാസ്സിൽ നാലായിരത്തോളം പഠിതാക്കളുണ്ട്. നാല് സെമസ്റ്ററുകളിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. നാല് സെമസ്റ്ററും വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

## കേരളയാത്ര: മുഅല്ലിംകൾ സജീവമാകണം

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി കേരള മുസ്‌ലിം ജമാഅത്ത് ജനുവരി ഒന്നു മുതൽ പതിനാറു വരെ സംഘടിപ്പിക്കുന്ന കാന്തപുരം ഉസ്താദിന്റെ കേരളയാത്ര വിജയിപ്പിക്കുന്നതിൽ മുഅല്ലിംകൾ സജീവമാകണമെന്ന് എസ് ജെ എം.

ഓരോ ജില്ലയിലും നൽകപ്പെടുന്ന സ്വീകരണ പരിപാടികളിൽ അതതു ജില്ലയിലെ മുഴുവൻ മുഅല്ലിംകളുടെയും നിറസാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്നും അതിനുള്ള പദ്ധതികൾ ജില്ലാ കമ്മിറ്റികൾ ആവിഷ്കരിക്കണമെന്നും എസ് ജെ എം സാരഥികളായ സയ്യിദ് അലി ബാഫഖി, അബൂഹനീഫൽ ഫൈസി, വി പി എം വില്യാപ്പള്ളി ആഹ്വാനം ചെയ്തു.

## എസ് എം എ: മാരായമംഗലം പ്രസിഡന്റ്

കോഴിക്കോട്: കെ കെ അഹ്മദ് കുട്ടി മുസ്‌ലിയാർ കട്ടിപ്പാറയുടെ വിയോഗത്തോടെ ഒഴിവ് വന്ന സുന്നി മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മാരായമംഗലം അബ്ദുറഹ്മാൻ ഫൈസിയെ തെരഞ്ഞെടുത്തു. ഡോ. മുഹമ്മദ് കുഞ്ഞു സഖാഫിയാണ് പുതിയ ജന. സെക്രട്ടറി. സമസ്ത സെന്ററിൽ വൈസ് പ്രസിഡന്റ് സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലിയുടെ അധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗമാണ് തെരഞ്ഞെടുത്തത്.

കർമ്മപദ്ധതി 2026 ന്റെ ഭാഗമായി ജില്ലാ എക്സിക്യൂട്ടീവ് ക്യാമ്പുകൾ നടത്താനും കേരള മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന കേരളയാത്ര, ജില്ലാ യാത്രകൾ, സ്വദഖ സമാഹരണം വിജയിപ്പിക്കാനും തീരുമാനിച്ചു. അബ്ദുറശീദ് ദാരിമി, അബൂഹനീഫൽ ഫൈസി, ടി അബ്ദുൽ അസീസ് ഹാജി, കെ വി സിദ്ദീഖ് ഫൈസി, പി പി മുഹമ്മദ് കുട്ടി, കെ എം അബ്ദുൽഹമീദ്, പി കെ അബ്ദുറഹ്മാൻ, ശറഫുദ്ദീൻ പോത്താംകോട്, പി അലിയാർ, ഡോ. എം എ നാസർ ഹിശാമി, സലാം പന്തല്ലൂർ, അബ്ദുറഹ്മാൻ മുസ്‌ലിയാർ കാസർകോട് സംബന്ധിച്ചു.

# ഖത്മുൽബുഖാരിയും സനദ്ദാനവും ഫെബ്രുവരി 5ന്

## വി പി എം വില്യാപ്പള്ളി മർകസ് വൈസ് പ്രസിഡന്റ്

കോഴിക്കോട്: ഇന്ത്യൻ ഗ്രാന്റ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെ പ്രസിദ്ധമായ സ്വഹീഹുൽബുഖാരി ദർസിന്റെ ഈ വർഷത്തെ സമാപനമായ ഖത്മുൽബുഖാരി സംഗമവും സഖാഫി പണ്ഡിതരുടെ സനദ്ദാനവും 2026 ഫെബ്രുവരി അഞ്ചിന് നടത്താൻ മർകസ് കമ്മിറ്റി യോഗം തീരുമാനിച്ചു. കഴിഞ്ഞവർഷം പഠനം പൂർത്തിയാക്കിയ 517 സഖാഫി പണ്ഡിതർക്കും 31 കാമിൽ സഖാഫികൾക്കുമുള്ള സനദ്ദാനമാണ് നടക്കുക.

മർകസ് സീനിയർ മുദരിസും എസ് ജെ എം സംസ്ഥാന ട്രഷററുമായ വി പി എം വില്യാപ്പള്ളിയെ മർകസ് എക്സിക്യൂട്ടീവ് കമ്മിറ്റി വൈസ് പ്രസിഡന്റായി യോഗം തെരഞ്ഞെടുത്തു. കെ കെ അഹമദ് കുട്ടി മുസ്‌ലിയാരുടെ വിയോഗത്തെ തുടർന്നുവന്ന ഒഴിവിലാണിത്. പഞ്ചാബിൽ നിർമ്മിച്ച ഇമാം റബ്ബാനി ക്യാമ്പസിന്റെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടത്തും. തമിഴ്നാട്ടിൽ നടക്കുന്ന വിദ്യാഭ്യാസ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളുടെ പുരോഗതി യോഗം വിലയിരുത്തി.

വിശുദ്ധ റമളാനിൽ നടപ്പിലാക്കുന്ന വിഭവസമാഹരണ നവീകരണ ജീവകാരുണ്യ പദ്ധതികളുടെ കരടുരൂപവും അവതരിപ്പിച്ചു. മർകസ് മാനേജ്മെന്റിനു കീഴിലുള്ള വിവിധ എയ്ഡഡ് സ്കൂളുകളിലെ നിയമനനടപടികൾ പൂർത്തിയാക്കപ്പെടാത്ത അധ്യാപകരുടെ നിയമനത്തിനായി സുപ്രീംകോടതിവിധിയുടെ പശ്ചാത്തലത്തിൽ ഉചിതമായ പരിഹാരം അതിവേഗം കാണാനും യോഗം തീരുമാനിച്ചു.

പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ജന.സെക്രട്ടറി സുൽത്വാനുൽ ഉലമ കാന്തപുരം ഉസ്താദ് ഉദ്ഘാടനം ചെയ്തു. സി മുഹമ്മദ് ഫൈസി, വിപിഎം വില്യാപ്പള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സയ്യിദ് അബ്ദുൽഫത്താഹ് അവേലം, ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ജലാലുദ്ദീൻ ജീലാനി, സയ്യിദ് സ്വാലിഹ് ശിഹാബ് ജിഫ്രി, സയ്യിദ് ഫസൽ വാടാനപ്പള്ളി, കുറ്റൂർ അബ്ദുറഹ്മാൻ ഹാജി, എ പി അബ്ദുൽകരീം ഹാജി, നാസിർ ഹാജി ഓമച്ചപ്പുഴ, മൻസൂർ ഹാജി ചെന്നൈ, പി സി ഇബ്റാഹീം മാസ്റ്റർ, എൻ അലി അബ്ദുല്ല, പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, സൈഫുദ്ദീൻ ഹാജി, മജീദ് കക്കാട്, പി മുഹമ്മദ് യൂസുഫ്, സി പി ഉബൈദുല്ല സഖാഫി, സയ്യിദ് അബ്ദുല്ലക്കോയ സഖാഫി, ഇ കെ മുഹമ്മദ് സഖാഫി, പുന്നോറത്ത് അമ്മദ് ഹാജി, ബി പി സിദ്ദീഖ് ഹാജി, ഉമർ ഹാജി മട്ടന്നൂർ, മൊയ്തീൻകോയ ഹാജി തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.

# ലക്ഷദ്വീപ് മുഅല്ലിം സമ്മേളനം വിജയകരമായി

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി എസ് ജെ എം സംഘടിപ്പിച്ച ലക്ഷദ്വീപ് ത്രിദിന മുഅല്ലിം സമ്മേളനം കഴിഞ്ഞമാസം 27, 28, 29 തീയതികളിൽ വിജയകരമായി നടന്നു. കവരത്തി കെ കെ ഉസ്താദ്നഗറിൽ 27ന് ശനിയാഴ്ച രാവിലെ 10 മണിക്ക് എസ് ജെ എം സെൻട്രൽകമ്മിറ്റി ട്രഷറർ വി പി എം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ചെയർമാൻ മുഹമ്മദ് സഖാഫി അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് ശൈഖ് കോയ ബാഖവി പതാക ഉയർത്തി ബുസ്ഹർ ജംഹർ മുഖ്യാതിഥിയായി.

സമസ്തയുടെ ആദർശം കെ പി എച്ച് തങ്ങളും സമസ്ത സാധ്യമാക്കിയ വിദ്യാഭ്യാസ വിപ്ലവം ചെറൂപ്പ ബശീർ മുസ്‌ലിയാരും പദ്ധതികളും സേവനങ്ങളും വി വി അബൂബക്കർ സഖാഫിയും അവതരിപ്പിച്ചു. 28ന് കുഞ്ഞുകുളം സുലൈമാൻ സഖാഫിയുടെ ലീഡർഷിപ്പ് റോൾ അവതരണവും സംഘാടനം ചർച്ചയും ഗ്രൂപ്പ് ഡിസ്കഷനും പാരന്റ്സ് മീറ്റും നടന്നു.

29ന് ആത്മീയത വരുന്ന വഴി, പ്രബോധകനായ മുഅല്ലിം, ആദർശസംഗമം, സ്വദ്ർ സംഗമം, മുഅല്ലിം മാനേജ്മെന്റ്, ടേബിൾടോക്ക് തുടങ്ങിയവയും നടന്നു. വൈകുന്നേരം നടന്ന മുഅല്ലിം റാലി ശ്രദ്ധേയമായി. സമാപന സമ്മേളനത്തിന് സെൻട്രൽ കമ്മിറ്റി നേതാക്കളും ലക്ഷദ്വീപ് സാരഥികളും സഹോദര സംഘടന പ്രതിനിധികളും നേതൃത്വം നൽകി. എല്ലാ ദ്വീപുകളിൽ നിന്നുമുള്ള മുഅല്ലിംകളും പ്രവർത്തകരും സംബന്ധിച്ചു.

# മർകസ് ആർട്സ് ഫെസ്റ്റിവൽ പ്രൗഢമായി

കോഴിക്കോട്: ജാമിഅ മർകസ് വിദ്യാർത്ഥി യൂണിയൻ ഇഹ്‌യാഉസ്സുന്നയുടെ ആഭിമുഖ്യത്തിൽ നടന്ന ഖാഫ് ആർട്സ് ഫെസ്റ്റിവൽ പ്രൗഢമായി. കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. വി പി എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. സി മുഹമ്മദ് ഫൈസി മുഖ്യപ്രഭാഷണം നടത്തി. മൂല്യങ്ങൾ പുനർനിർവചിക്കുന്നു എന്ന പ്രമേയത്തിൽ 150ൽ പരം ഇനങ്ങളിലായി ആയിരത്തോളം പ്രതിഭകൾ മാറ്റുരച്ച മത്സരത്തിൽ സയ്യിദ് ശഹീറുൽ അഹ്ദൽ കലാപ്രതിഭയായും ഹാഫിള് ബിശ്ർ സർഗ്ഗപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു.

# എസ് ജെ എം ധനസഹായവും വീടുകളും അനുവദിച്ചു

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ ഭവനരഹിതരായ നൂറ് മുഅല്ലിംകൾക്ക് നിർമ്മിച്ചു നൽകുന്ന വീടുകളിൽ പുതുതായി അപേക്ഷിച്ച അഞ്ച് വീടുകൾ കൂടി അനുവദിച്ചു. ഇതു സംബന്ധമായി ചേർന്ന എസ് ജെ എം റിലീഫ്സെല്ലിന്റെ യോഗം അർഹരായ 421 മുഅല്ലിംകൾക്ക് കൂടി ധനസഹായവും അനുവദിച്ചു. മക്കളുടെ വിവാഹം. ഭവന നിർമ്മാണം, അറ്റകുറ്റപണി, കിണർ നിർമ്മാണം, രോഗചികിത്സ, മുഅല്ലിമിന് മഹറ്, വിലാദ എന്നീ ഇനങ്ങളിലായി 405 പേർക്കും സ്നേഹസ്പർശം പദ്ധതിയിലൂടെ 15 പേർക്ക് പ്രത്യേക സഹായവും രോഗബാധിതനായി മരണപ്പെട്ട ഒരു മുഅല്ലിമിന്റെ കുടുംബത്തിന് സ്പെഷ്യൽ സഹായവുമാണ് അനുവദിച്ചത്. യോഗത്തിൽ എസ് ജെ എം ട്രഷറർ വി പി എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി. കെ പി എച്ച് തങ്ങൾ, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.



തീരം

റൈഹാൻ

# അണയാ വെളിച്ചങ്ങൾ

പുലർച്ചെ മൂന്നുമണിക്കെണീറ്റുള്ള
തഹജ്ജുദും പ്രാർത്ഥനയുമാണ്
ഉസ്താദിന്റെ ദിനചര്യകളിലാദ്യം.
റബ്ബർമരങ്ങളിലെ മുറിവുകളിൽ നിന്ന്
പാലുറ്റിത്തുടങ്ങിയാൽ
ഉസ്താദ് വീട്ടിൽ തിരിച്ചെത്തും.
സുബ്ഹി നിസ്കാരം കഴിഞ്ഞ്
അല്പനേരം ഖുർആനോതിയാൽ
പിന്നെ പാലൂറ്റാൻ നേരമായി.
അതു കഴിഞ്ഞാൽ മദ്റസയിലേക്ക്.
കുഞ്ഞുമക്കൾക്ക് ആവേശത്തോടെ
വിജ്ഞാനമധുരം നൽകുമ്പോൾ
ഉസ്താദിന്റെ ഹൃദയത്തിൽ
ആനന്ദത്തിന്റെ കുളിരുണ്ടാകും.

നാട്ടുകാരുടെ വിളിപ്പുറത്തുണ്ടാവും,
ഉസ്താദ്, പല കാര്യങ്ങൾക്ക്.
വെള്ളം വലിക്കുന്ന മോട്ടറോ
മിക്സിയോ ഫാനോ കേടായാൽ
പെട്ടെന്നു ശരിയാക്കുന്ന ഇലക്ട്രീഷ്യൻ.
ചെറുകിട പടവും തേപ്പും
ഇത്തിരിയൊക്കെ പ്ലംബിംഗുമറിയുന്ന
നല്ലൊരു നിർമാണ വിദഗ്ധൻ!

മലഞ്ചരക്കുകൾ വിൽക്കാൻ,
രോഗികളെ ആശുപത്രിയിലെത്തിക്കാൻ,
വീട്ടിലേക്കും പെട്ടിക്കടകളിലേക്കുമുള്ള
പലചരക്കുകൾ വാങ്ങാൻ
ഉസ്താദിന്റെ നാലുചക്ര ഓട്ടോ
കൊമ്പിലായിക്കുന്നിലെ
വളഞ്ഞുതിരിഞ്ഞ ഗ്രാമവഴി താണ്ടി,
നഗരത്തിലേക്ക് പാഞ്ഞു.

കവലയിലെ ആൾക്കൂട്ടത്തിലോ
ബഹളങ്ങളിലോ തിരക്കുകളിലോ
ഉസ്താദിനെ കണ്ടില്ല ആരും!
കഴിഞ്ഞ ജമാദുൽആഖിറിലെ
ഒടുവിലെ വെള്ളിയാഴ്ചരാവിൽ
എന്നുമുണരുന്ന നേരത്ത്
ഉസ്താദുറങ്ങി; എന്നേക്കുമായി.
മേൽവരിപ്പല്ലുകൾ കാണിച്ചുള്ള
ഉസ്താദിന്റെ പുഞ്ചിരിയിൽ
അത്ഭുതം കൂറി, കണ്ടവരെല്ലാരും!

ഭൂമിക്കുമേൽ വിനയാന്വിതരാം
ഇഷ്ടദാസരായ് നടന്നുപോയവർ,
അകങ്ങളിൽ അണയാവെളിച്ചമായ്
ഇലാഹിലേക്കടുത്തവർ!

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally